# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഏപ്രിൽ 2016 വാല്യം 43 ലക്കം 1 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ

# നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ ജനങ്ങൾ മാനദണ്ഡമാക്കേണ്ടതെന്ത്?

**സാധാരണ മനുഷ്യന്റെ ജീവിതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം സൃഷ്ടിക്കാനുതകുന്ന പ്രക്ഷോഭത്തിന്റെ പ്രവർത്തനമായി ഈ തെരഞ്ഞെടുപ്പിനെ മാറ്റുക എന്നതായിരിക്കണം ജനങ്ങളുടെ കടമ. ഈ തെരഞ്ഞെടുപ്പിലും ഏറെ വീറോടെ ആവർത്തിക്കപ്പെടുന്ന മുദ്രാവാക്യം വികസനം തന്നെയാണ്. ഒരു വട്ടം കൂടി തങ്ങളെ അധികാരത്തിലേറ്റിയാൽ നാട് വളരുമെന്നാണ് യുഡിഎഫ് പറയുന്നതെങ്കിൽ എല്ലാം ശരിയാക്കുമെന്നാണ് എൽഡിഎഫ് പ്രചരിപ്പിക്കുന്നത്. മോദിയുടെ വികസനം സംസ്ഥാനത്തേയ്ക്ക് എത്തിക്കാനാണ് ബിജെപി മൽസരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെയും പ്രഖ്യാപനങ്ങളായിരുന്നു. വികസനം ഉറപ്പാക്കപ്പെട്ടത് വൻകിട കുത്തകകൾക്കാണ് എന്നുമാത്രം. മുന്നണികളും നേതാക്കളും ജയിച്ചു, ജനങ്ങൾ തോറ്റു. ആരു ജയിച്ചാലും ഫലം ഒന്നുതന്നെ. ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും ജീവിതയാതനകളും കൃത്യമായും ആവർത്തിക്കപ്പെടുന്നു. ഭരണ മുന്നണികളുടെ ജനദ്രോഹനടപടികളും പ്രതിപക്ഷത്തിന്റെ കലവറയില്ലാത്ത സഹകരണവും ഒത്തുചേർന്നപ്പോൾ ജനജീവിതം തകർന്നു.**

### കോർപ്പറേറ്റുകൾക്കുവേണ്ടി ജനങ്ങളെ പാപ്പരാക്കുന്ന, വർഗ്ഗീയഭ്രാന്ത് വളർത്തി രാജ്യത്തെ തകർക്കുന്ന ബിജെപി മുന്നണിയെ പരാജയപ്പെടുത്തുക

➲ കോൺഗ്രസ്സ് നടപ്പാക്കിയ, കോർപ്പറേറ്റുകൾക്കു വേണ്ടിയുള്ള നവ ലിബറൽ ആഗോളവൽക്കരണനയങ്ങൾ കൂടുതൽ തീവ്രതയോടെ മോദി സർക്കാർ തുടരുന്നു. പ്രത്യാഘാതങ്ങളെന്ന നിലയിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും സാമ്പത്തികത്തകർച്ചയും വിലക്കയറ്റവും അതിരൂക്ഷമാകുന്നു.

➲ ഓരോ മണിക്കൂറിലും മോദി സർക്കാർ 7 കോടി രൂപ മുതലാളിമാർക്ക് കോർപ്പറേറ്റ് നികുതിയിളവ് നൽകുന്നു. അതേ സമയം പ്രതിദിനം 43 കർഷകർ ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യ ചെയ്യുന്ന കർഷകർ ഭീരുക്കളും കുറ്റവാളികളുമാണെന്ന് ഹരിയാന ബിജെപി കൃഷിമന്ത്രി ഒ.പി.ധങ്കർ അഭിപ്രായപ്പെട്ടു.

➲ കുത്തകകളുടെ കിട്ടാക്കടമായി കഴിഞ്ഞ ഒരു വർഷം മാത്രം എഴുതിത്തള്ളിയത് 1.4 ലക്ഷം കോടി രൂപ. വായ്പാക്കുടിശികയുടെ പേരിൽ കർഷകർക്കും സാധാരണക്കാർക്കും ജയിൽ വാസവും ജപ്തിയും

➲ പ്രതിരോധം, മാധ്യമം, റെയിൽവേ എന്നീ രംഗങ്ങളിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിച്ചു.

➲ക്രൂഡ് ഓയിലിന്റെ ലോകവിപണിയിലെ വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതിരിക്കാനായി 9 തവണ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എക്സൈസ് നികുതി വർദ്ധിപ്പിച്ചു. കുത്തകകളുടെ കൊള്ളയടി തുടരുന്നു.

➲ സേവന നികുതി 2 ശതമാനം വർദ്ധിപ്പിച്ചു.

➲ അധികാരത്തിലേറി രണ്ടാം മാസം റെയിൽവേ ചാർജ്ജ് 14.2 ശതമാനവും കടത്തുകൂലി 6.5 ശതമാനവും വർദ്ധിപ്പിച്ചു. സുവിധ ട്രെയിൻ ഏർപ്പെടുത്തിക്കൊണ്ട് ചാർജ്ജ് 6 മടങ്ങ് വരെ വർദ്ധിപ്പിച്ചു. സീസൺ ടിക്കറ്റ് ചാർജ്ജും വർദ്ധിപ്പിച്ചു. ടിക്കറ്റ് ക്യാൻസൽ ചെയ്താൽ മുഴുവൻ തുകയും നഷ്ടപ്പെടത്തക്ക വിധത്തിൽ ക്യാൻസലേഷൻ നിയമങ്ങൾ പൊളിച്ചെഴുതി. ടിക്കറ്റിന്റെ സമയപരിധി 24 മണിക്കൂറിൽ നിന്നും 3 മണിക്കൂറായി കുറച്ചു.

➲ സൈനിക ബജറ്റ് 2.5 ലക്ഷം കോടിയായി ഉയർത്തിയപ്പോൾ ആരോഗ്യമേഖലയ്ക്കായുള്ള ബജറ്റ് വിഹിതം 5500 കോടി വെട്ടിക്കുറച്ചു.

➲ 108 മരുന്നുകളുടെ വിലനിയന്ത്രണം നീക്കിയതിലൂടെ മരുന്നുകളുടെ വില അതിഭീമമായി വർദ്ധിച്ചു.

➲ മുതലാളിമാർക്ക് വേണ്ടി തൊഴിൽ നിയമങ്ങൾ അടിമുടി പൊളിച്ചെഴുതി. 300 തൊഴിലാളികളിൽത്താഴെ പണിയെടുക്കുന്ന വ്യവസായ ശാലകൾ അടച്ചുപൂട്ടാനോ തൊഴിലാളികളെ പിരിച്ചുവിടാനോ സർക്കാരിന്റെ അനുമതി ആവശ്യമില്ല എന്ന് വ്യവസായത്തർക്ക നിയമം ഭേദഗതി ചെയ്തു. 20 തൊഴിലാളികൾക്കുമേൽ പണിയെടുക്കുന്ന വ്യവസായ യൂണിറ്റുകളിൽ മാത്രമേ ഫാക്ടറീസ് ആക്ട് ബാധകമാക്കൂ എന്ന ഭേദഗതി കൊണ്ടുവന്നു. അങ്ങനെ തൊഴിലാളികളെ മുതലാളിയുടെ ചൂഷണയന്ത്രത്തിന്റെ നിസ്സഹായരായ ഇരകളാക്കി മാറ്റി.

➲ സ്ഫോടനാത്മകമായ നിലയിൽ രാജ്യമെമ്പാടും മതഭ്രാന്തും സങ്കുചിത ദേശീയ വികാരവും കത്തിയാളിക്കുന്നു. രണ്ടര വർഷത്തിനുള്ളിൽ 80ഓളം വർഗ്ഗീയ കലാപങ്ങൾ. പുരോഗമനാശയങ്ങൾക്കുവേണ്ടി പൊരുതിയ ധൈഷണിക വ്യക്തിത്വങ്ങളായ നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി എന്നിവരെ നിറതോക്കിനിരയാക്കി. പശുമാംസത്തിന്റെ പേരിൽ രാജ്യമെമ്പാടും നരഹത്യകൾ. ഹരിയാനയിൽ ദളിത് കുടുംബത്തെ ചുട്ടെരിച്ചു. സർവ്വകലാശാലാവിദ്യാർത്ഥിയായ രോഹിത് വെമുലയെ പീഡിപ്പിച്ച് ജീവഹത്യയിലേക്ക് തള്ളിയിട്ടു. വ്യാജതെളിവുകൾ സൃഷ്ടിച്ച്, രാജ്യദ്രോഹത്തിന്റെ പേരിൽ കനയ്യ കുമാറെന്ന വിദ്യാർത്ഥിയെ തുറുങ്കിലടച്ചു. ബിജെപിയുടെ കേന്ദ്ര മന്ത്രിമാർ, ഹരിയാന മുഖ്യമന്ത്രി, എംപിമാർ, എംഎൽഎമാർ, സംഘടനാ നേതാക്കൾ ഏവരും വർഗ്ഗീയ വിഷം ചീറ്റി രാജ്യത്തെ സഹോദരഹത്യയിലേയ്ക്ക് തള്ളിവിടുന്നു.

### ജനദ്രോഹവും അഴിമതിയും മുഖമുദ്രയാക്കിയ യുഡിഎഫിനെ പരാജയപ്പെടുത്തുക

➲ 5 വർഷത്തെ ജനദ്രോഹ ഭരണത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം 78,000 കോടിരൂപ വർദ്ധിച്ചു. ഇന്ന് അത് ഒന്നര ലക്ഷം കോടി രൂപയാണ്.

➲ ഭീമമായ വായ്പ ഉപയോഗപ്പെടുത്തി ഉൽപ്പാദനമേഖലയിൽ ഒരു വളർച്ചയും സൃഷ്ടിച്ചില്ല. ഒരു തൊഴിലവസരം പോലും പുതിയതായി സൃഷ്ടിച്ചില്ല. സർക്കാരാശുപത്രികളിൽ ഒരു ഡോക്ടറെപ്പോലും പുതിയതായി നിയമിച്ചില്ല. ഒരു ഏക്കർ പോലും അധികമായി കൃഷി പുനഃരാരംഭിച്ചില്ല. ഒരു മെഗാവാട്ട് വൈദ്യുതി പോലും അധികമായി ഉൽപ്പാദിപ്പിച്ചിട്ടില്ല. സർക്കാരാശുപത്രിയിൽ അധികമായി മരുന്നു വാങ്ങിയിട്ടില്ല.

➲ വ്യവസായ- കാർഷിക- നിർമ്മാണമേഖലകളിൽ രൂക്ഷമായ പ്രതിസന്ധിയും തുടർന്നുള്ള പരിപൂർണ്ണ സ്തംഭനവും. തൊഴിലില്ലായ്മ അതിരൂക്ഷമായി.

➲ വ്യവസായ വികസനത്തിന്റെ പേരിൽ സംസ്ഥാനസർക്കാരിന്റെ ഭൂമിയും വിഭവങ്ങളും സൗജന്യമായി മുതലാളിമാർക്ക് ദാനം ചെയ്യുന്നു. കോടികളുടെ ഭൂമി സൗജന്യമായി തരപ്പെടുത്തിയ സ്മാർട് സിറ്റി പദ്ധതിയിൽ നിലവിൽ ഒരാൾക്കും ഐ.ടി.തൊഴിൽ ലഭിച്ചിട്ടില്ല.

➲ കാർഷികമേഖലയിലെ വിലത്തകർച്ച കർഷകരെ അടിമുടി തകർത്തു. റബർ, തേങ്ങ, കുരുമുളക്, വാഴ, ഏലം, മരച്ചീനി തുടങ്ങിയവയെല്ലാം വിലത്തകർച്ചയെ നേരിടുന്നു.

➲ പൊതുജനാരോഗ്യമേഖല തകരുന്നു. ഡോക്ടർമാരും മറ്റ് സ്റ്റാഫുമില്ലാതെ സർക്കാരാശുപത്രികളിൽ സാധാരണ ജനങ്ങൾ ചികിൽസ ലഭിക്കാതെ വലയുന്നു. മരുന്നു വാങ്ങാനുള്ള തുക വെട്ടിക്കുറച്ചു. പുതിയതായി ആരംഭിച്ചതെന്ന് അവകാശപ്പെടുന്ന മെഡിക്കൽ കോളേജുകളിൽ ഒന്നു പോലും ഏറ്റവും പരിമിത സൗകര്യങ്ങളോടെ പോലും പ്രവർത്തിക്കുന്നില്ല.

➲ 37 ആദിവാസി നവജാത ശിശുക്കൾ മരിച്ചു. ആദിവാസി മേഖലകളിൽ പട്ടിണി മരണവും രോഗപീഡകളും ഹൃദയം നടുക്കുന്ന കാഴ്ചകളായിരിക്കുന്നു.

➲ വിദ്യാഭ്യാസ കച്ചവടം സർവ്വസീമകളും കടന്നു. ഫീസുകൾ 600 ശതമാനംവരെ വർദ്ധിച്ചു. ഓട്ടോണമസ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകിക്കൊണ്ട് കച്ചവടം കൊഴുപ്പിച്ചു. രണ്ടുവർഷം തുടർച്ചയായി വിദ്യാർത്ഥികൾക്ക് പാഠപുസ്തകം നൽകിയത് അധ്യയന വർഷത്തിന്റെ പകുതി പിന്നിട്ടപ്പോൾ. സർവ്വകലാശാലകൾ അഴിമതിയുടെയും പിടിപ്പുകേടിന്റെയും ഉത്തരവാദിത്തമില്ലായ്മയുടെയും കൂത്തരങ്ങായി മാറി. മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിനാൽ ഗവർണ്ണർക്ക് വിസിമാരെ പുറത്താക്കേണ്ടി വന്നു. (ശേഷം പേജ് 2–ൽ)






**1. പാലക്കാട് നഗരത്തിൽ പുതുതായി പണിതീർത്ത എസ്‌യുസിഐ(സി) ജില്ലാസെന്റർ ഏപ്രിൽ 3ന് സംസ്ഥാനസെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.**
**2. കോട്ടയംജില്ലാകമ്മിറ്റി ഓഫീസിന് വയസ്ക്കര കുന്നിൽ മാർച്ച് 6 ന് ശിലാസ്ഥാപനം നിർവ്വഹിച്ചതിനുശേഷം സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു.**

# എസ്‌യുസിഐ (സി) സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടാൽ..

**എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാനാർത്ഥികൾ താഴെ കൊടുത്തിട്ടുള്ള ജനകീയ ആവശ്യകതകൾക്കായി നിലകൊള്ളുകയും അവ നേടിയെടുക്കാൻ പൊരുതുകയും ചെയ്യും. തെരഞ്ഞെടുക്കപ്പെട്ടാൽ ജനപ്രതിനിധി എന്ന പദവിയും ഈ ലക്ഷ്യത്തിനായി വിനിയോഗിക്കും.**

മുതലാളിത്ത വ്യവസ്ഥിതി നിലനിൽക്കുവോളം ജനജീവിതത്തിലെ അടിസ്ഥാനപ്രശ്നങ്ങൾക്കൊന്നും പരിഹാരമുണ്ടാവുകയില്ലെന്നത് അനിഷേധ്യമായ വസ്തുതയാണ്. അതിനാൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ അടിസ്ഥാന രാഷ്ട്രീയലൈനിന് അനുരോധമായ ജനാധിപത്യസമരങ്ങൾ വളർത്തിയെടുക്കുകയെന്നതാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കർത്തവ്യം. അതിനുവേണ്ടി തെരഞ്ഞെടുപ്പുൾപ്പെടെയുള്ള എല്ലാ ജനാധിപത്യവേദികളും പാർട്ടി ഉപയോഗപ്പെടുത്തും. അതോടൊപ്പം, മുതലാളിത്ത വ്യവസ്ഥിതിയുടെ ഉള്ളിൽനിന്നുകൊണ്ടുതന്നെ, ജനങ്ങളോട് എന്തെങ്കിലും കൂറുള്ള ഗവണ്മെന്റിന് നിർവഹിക്കാവുന്ന ജനാനുകൂല നടപടികൾക്കുവേണ്ടിയും പാർട്ടി പ്രവർത്തിക്കും. എസ്‌യുസിഐ(സി) സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെട്ടാൽ അത്തരത്തിലുള്ള താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടി പരിശ്രമിക്കും.

1. മുതലാളിമാരുടെ ആസ്തി വർദ്ധിപ്പിക്കാൻ വേണ്ടി മാത്രമായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി നടപ്പാക്കുന്ന ജനവിരുദ്ധമായ സാമ്പത്തിക നയ നടപടികൾ പൂർണ്ണമായി പിൻവലിക്കുക. സർക്കാർ ഖജനാവിലെ പണവും രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങളും മുതലാളിമാരുടെ വികസനത്തിനു വേണ്ടിയല്ല, ജനക്ഷേമത്തിനുവേണ്ടിയുള്ളതാണെന്ന സമീപനം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് സാമ്പത്തിക നയങ്ങൾ കൈക്കൊള്ളുക.
2. ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ ഭീമമായ നികുതിഭാരത്തിൽനിന്ന് മോചിപ്പിക്കുക. സമ്പന്നരുടെ സ്വത്തിന്റെയും വരുമാനത്തിന്റെയും മേൽ നികുതി ചുമത്തുക. നികുതി നൽകാതെ അതിസമ്പന്നർ കുന്നുകൂട്ടിയിട്ടുള്ള മുഴുവൻ കള്ളപ്പണവും പിടിച്ചെടുക്കുക. സംസ്ഥാനത്തെ ഋണവിമുക്തമാക്കുക.
3. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില നൽകി കർഷകരിൽ നിന്ന് സംഭരിക്കുക. ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി നിത്യോപയോഗ സാധനങ്ങളുടെ മൊത്ത-ചില്ലറ വ്യാപാരം സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗിനു കീഴിലാക്കിക്കൊണ്ട് വിലവർദ്ധന തടയുക.
4. ജനക്ഷേമത്തിനുവേണ്ടിയുള്ള പൊതുസംവിധാനങ്ങൾ വിപുലീകരിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ടും ഉൽപ്പാദനരംഗം ശക്തിപ്പെടുത്തിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. അപ്രഖ്യാപിത നിയമനനിരോധന ഉത്തരവുകൾ പിൻവലിക്കുക. നിലവിലുള്ള ഒഴിവുകൾ നികത്തുക, പുതിയ തസ്തികകൾ സൃഷ്ടിക്കുക.
5. വർഗ്ഗീയ-ജാതീയ-വിഭാഗീയ വികാരങ്ങൾ കത്തിയാളിക്കാൻ ശ്രമിക്കുന്ന ശക്തികളെ ജനാധിപത്യ നിയമവാഴ്ച ഉപയോഗപ്പെടുത്തി നേരിടുക. വർഗ്ഗീയ-ജാതീയ-വിഭാഗീയ മനോഭാവങ്ങളുടെ വ്യാപനത്തിൽനിന്ന് തലമുറകളെ മോചിപ്പിക്കുവാൻവേണ്ട ജനാധിപത്യവൽക്കരണത്തിനുവേണ്ടിയുള്ള സാമൂഹ്യനയങ്ങൾക്കുവേണ്ടി നിലകൊള്ളുക. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ യോഹന്നാൻ, വി.ടി. ഭട്ടതിരിപ്പാട് തുടങ്ങി മുഴുവൻ നവോത്ഥാന നായകന്മാരെയും സംബന്ധിച്ചുള്ള യഥാർത്ഥചരിത്ര വസ്തുതകൾ പ്രചരിപ്പിച്ചുകൊണ്ട് നവോത്ഥാന കടമകൾ പൂർത്തീകരിക്കുവാൻ വേണ്ടിയുള്ള നയ-നടപടികൾക്കുവേണ്ടി നിലകൊള്ളുക.
6. അഴിമതിക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു ജനാധിപത്യപ്രസ്ഥാനം സംഘടിപ്പിക്കുക. സത്യസന്ധവും വിശ്വാസയോഗ്യവുമായ ചരിത്രമുള്ള സാമൂഹ്യ വ്യക്തിത്വങ്ങളുടെ നേതൃത്വത്തിൽ എല്ലാ തലങ്ങളിലും ജനങ്ങളുടെ ജാഗ്രതാ സമിതികൾക്ക് രൂപം നൽകുക.
7. 86 ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ തുടങ്ങി ഡി.പി.ഇ.പി., എസ്.എസ്.എ, ആർ.എം.എസ്.എ., റൂസ തുടങ്ങിയ പരിഷ്ക്കാരങ്ങളിലൂടെ തകർക്കപ്പെട്ട പൊതുവിദ്യാഭ്യാസം പുനഃസ്ഥാപിച്ച് സാധാരണക്കാരുടെ കുഞ്ഞുങ്ങൾക്ക് ശാസ്ത്രീയ-മതേതര-സാർവ്വത്രിക വിദ്യാഭ്യാസം സൗജന്യമായി നൽകുക.
8. മദ്യം, മയക്കുമരുന്നുകൾ തുടങ്ങി മാരകമായ ലഹരിവസ്തുക്കളുടെ വ്യാപനം തടയുവാനുള്ള നിയമ നിർമ്മാണം നടത്തുക.
9. അശ്ലീലത, ലൈംഗികവൈകൃതങ്ങൾ തുടങ്ങിയവയിൽനിന്ന് വിദ്യാർത്ഥി-യുവജന വിഭാഗങ്ങളെ മോചിപ്പിക്കുവാൻ വേണ്ട നയനടപടികൾ കൈക്കൊള്ളുക.
10. സ്ത്രീകൾക്കും കുട്ടികൾക്കുംനേരേ വ്യാപകമാകുന്ന അതിക്രമങ്ങൾ തടയുവാൻ സർവ്വമേഖലകളിലും കർശന നിയമ നടപടികൾ സ്വീകരിക്കുക. സ്ത്രീപീഡന, കൊലപാതക കേസുകളിലെ മുഴുവൻ പ്രതികളെയും നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുക.
11. കേരളത്തിലെ എല്ലാ ജില്ലകളിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മെഡിക്കൽ കോളേജുകളും സുസജ്ജമായ ജില്ലാ ആശുപത്രികളും യാഥാർത്ഥ്യമാക്കുക. ആരോഗ്യമേഖലയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തുക.
12. വിദ്യാഭ്യാസ വായ്പകൾ സമ്പൂർണ്ണമായി എഴുതിത്തള്ളാൻ വേണ്ട നിയമനിർമ്മാണം നടത്തുക.
13. വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഖനനം ചെയ്ത് ഫലശൂന്യമായിത്തീർന്ന കൃഷിഭൂമികളും തരിശുഭൂമികളും കൃഷിയോഗ്യമാക്കുകയും കാർഷികമേഖലകളോട് ബന്ധിപ്പിച്ചുകൊണ്ട് ശാസ്ത്രീയ കന്നുകാലി വളർത്തലും പാൽവിതരണ സംവിധാനങ്ങളും സൃഷ്ടിക്കുകയും ചെയ്യുക. കർഷകരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുവാൻവേണ്ട നിയമനിർമ്മാണം നടത്തുക.
14. കർഷകത്തൊഴിലാളികളെ സർക്കാർ രജിസ്റ്ററിൽ കൊണ്ടുവരാനും അവർക്ക് മാസശമ്പളം നിർണ്ണയിക്കുവാനും പെൻഷൻ അനുവദിക്കുവാനും കാർഷികമേഖലയോടു ചേർന്ന് സൗജന്യ മെസ്സുകൾ സ്ഥാപിക്കുവാനും വേണ്ട നിയമ നിർമ്മാണം നടത്തുക.
15. ചെറുകിട-പരമ്പരാഗത വ്യവസായം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക. സ്ഥിരസ്വഭാവത്തിലുള്ള കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള നയം കൈക്കൊള്ളുക.
16. ഭൂരഹിതരായ ആദിവാസി-ദളിത് ജനവിഭാഗങ്ങൾക്കും ഇതര ദരിദ്രജനവിഭാഗങ്ങൾക്കും കൃഷിയോഗ്യമായ ഭൂമി നൽകുക. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുക.
17. ബി.ഒ.റ്റി സമ്പ്രദായം മാറ്റിക്കൊണ്ട് 30 മീറ്ററിൽ നാലുവരിപ്പാത നാഷണൽ ഹൈവേ അതോറിറ്റിയെക്കൊണ്ട് നിർമ്മിച്ച് സംസ്ഥാനത്തിന്റെ ഗതാഗത പ്രശ്ന പരിഹാരത്തിനുവേണ്ട നടപടി സ്വീകരിക്കുക.
18. വൈദ്യുതി മേഖലയിലടക്കം കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നിയമനിർമ്മാണം നടപ്പിലാക്കുക.
19. പ്രകൃതിയെയും പരിസ്ഥിതിയെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കുക.

■

*(1–ാം പേജിൽ നിന്ന്)*

➲ പഠനം പൂർത്തിയാക്കിയവർക്ക് തൊഴിലും ശമ്പളവും ലഭിക്കാത്തതിനാൽ വിദ്യാഭ്യാസ വായ്പ എടുത്ത 7 ലക്ഷം കുടുംബങ്ങൾ കടക്കെണിയിലായി. 22 രക്ഷിതാക്കൾ ആത്മഹത്യ ചെയ്തു.

➲ സർവ്വമാന നികുതിയും വർദ്ധിപ്പിച്ചു. ചില സർക്കാർ സേവനങ്ങളുടെ നിരക്ക് 1000 ശതമാനം വരെ ഉയർത്തി. ബസ് ചാർജ്ജും വൈദ്യുതി ചാർജ്ജും രണ്ടു തവണ വീതവും വെള്ളക്കരം ഒരു തവണയും വർദ്ധിപ്പിച്ചു.

➲ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ 43% വർദ്ധിച്ചു. 2013 വർഷത്തിൽ രാജ്യത്ത് ഏറ്റവുമധികം ലൈംഗിക പീഡനം നടന്ന സംസ്ഥാനമായി കേരളം മാറി (നാഷണൽ ക്രൈം ബ്യൂറോ). കൊലപാതകങ്ങളും മറ്റ് കുറ്റകൃത്യങ്ങളും പെരുകി.

➲ സ്കൂൾ കുട്ടികളിൽപോലും മയക്കുമരുന്നിന്റെ വ്യാപനം അതിവേഗത്തിലായിരിക്കുന്നു. മദ്യപാനം ആരംഭിക്കുന്ന ശരാശരി പ്രായം 14 ആയി താഴ്ന്നു.

### ജനാധിപത്യസമരത്തെയും മഹത്തായ ഇടതു രാഷ്ട്രീയത്തെയും പ്രതിനിധാനം ചെയ്യാത്ത എൽഡിഎഫ് ജനങ്ങളുടെ വോട്ടിന് അർഹരല്ല.

➲ ഇടതുപക്ഷ ജനാധിപത്യ മുന്നണി പാർലമെന്ററി അധികാരത്തിനായി എന്തു നെറിവ്കേടും കാട്ടുന്ന അവസരവാദ മുന്നണി. പശ്ചിമബംഗാളിൽ സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണി കോൺഗ്രസ്സുമായാണ് സഖ്യം ഉണ്ടാക്കിയിരിക്കുന്നത്.

➲ ബിജെപി -യുഡിഎഫ് നയങ്ങൾക്കെതിരായ ജനവികാരത്തെ ചവിട്ടുപടിയാക്കി അധികാരത്തിൽ വരാനായി കാട്ടിക്കൂട്ടുന്ന അനുഷ്ഠാനം മാത്രമാണ് അവർക്ക് സമരം. ജനദ്രോഹകരമായ നവലിബറൽ നയങ്ങളെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യം അവർക്കില്ല. കാരണം അവരും ഈ നയങ്ങളുടെ വക്താക്കളാണ്. നടത്തിപ്പുകാരാണ്. എവ്വിധവും വിദേശ നിക്ഷേപം ആകർഷിക്കാൻ കഴിയണമെന്ന് കേരള പഠന കോൺഗ്രസ്സിൽ പിണറായി വിജയൻ ആഹ്വാനം ചെയ്യുന്നത് അതുകൊണ്ടാണ്.

➲അഴിമതിക്കെതിരായ സത്യസന്ധമായ ജനകീയ പ്രക്ഷോഭത്തിന്റെ വിശ്വാസയോഗ്യമായ നേതൃത്വമാകാൻ അവർക്ക് കഴിയില്ല. കാരണം, അവരും, അധികാരത്തിലായിരിക്കുമ്പോഴും അല്ലാത്തപ്പോഴും നടത്തിയിട്ടുള്ള എണ്ണമറ്റ അഴിമതികളുടെ പാപക്കറപുരണ്ടവരാണ്.

➲ രാഷ്ട്രീയ എതിരാളികളെ കായികമായി അടിച്ചമർത്തിയും വകവരുത്തിയും എൽഡിഎഫിനെ നയിക്കുന്ന സിപിഐ(എം) കയ്യാളുന്നതും ഫാസിസ്റ്റ് രാഷ്ട്രീയ സമീപനം തന്നെയാണ്. എതിരാളികളുടെ അഭിപ്രായത്തെ സഹിഷ്ണുതയോടെ സമീപിക്കാൻ അവർ തയ്യാറാകുന്നില്ല എന്നത് ബിജെപിയെപ്പോലുള്ള ഫാസിസ്റ്റ് ശക്തികൾക്ക് മുതലെടുപ്പിന് അവസരം നൽകുന്നു. ഫാസിസത്തിനെതിരായ പോരാട്ടത്തെ ദുർബലപ്പെടുത്തുന്നു.

➲ ബിജെപിയുടെ വർഗ്ഗീയ രാഷ്ട്രീയത്തെ നേരിടാനെന്ന പേരിൽ ഇടതു മുന്നണിയെ നയിക്കുന്ന സിപിഐ(എം) അനുവർത്തിക്കുന്ന നടപടികൾ – ശ്രീകൃഷ്ണജയന്തി ആചരണവും ഗണേശോൽസവവും നോമ്പുതുറയും ഊട്ടുപുര ഉൽഘാടനവും ഹിന്ദു പാർലമെന്റിലെ പ്രഭാഷണവും മറ്റും – സമൂഹത്തിൽ അത്യാപൽക്കരമായി വളർന്നുകൊണ്ടിരിക്കുന്ന മതാന്ധതയെ ബലപ്പെടുത്തുന്നു.

### പ്രബുദ്ധമായ സമരരാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്ന ഇടതുപക്ഷ ഐക്യമുന്നണി (എൽയുഎഫ്) സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യുക

വ്യവസ്ഥാപിത മുന്നണികൾ ജയിക്കുമ്പോൾ ജനങ്ങൾ പരാജയപ്പെടുന്നു എന്ന് കഴിഞ്ഞ 13 തെരഞ്ഞെടുപ്പുകൾ തെളിയിച്ചുകഴിഞ്ഞു. കാരണം ഈ മുന്നണികളെല്ലാം അന്തിമ വിശകലനത്തിൽ മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത ദാസന്മാരാണ്. അവരുടെ വിജയപരാജയങ്ങളിലൂടെ ജനങ്ങളുടെ ജീവിതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുകയില്ല. അവകാശങ്ങളും നീതിയും നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾ സമരസമിതികളിൽ സംഘടിച്ച് എവിടെയൊക്കെ ജനകീയപ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിച്ചോ അവിടെയൊക്കെ വിജയം നേടാൻ ജനങ്ങൾക്കു കഴിഞ്ഞു. അതിനാൽ എല്ലാം ശരിയാക്കാനുള്ള ചുമതല ഏതെങ്കിലും നേതാവിനെയോ മുന്നണിയെയോ ഏൽപ്പിച്ചിട്ട് അവരുടെ മഹാമനസ്കതയിലും ഔദാര്യത്തിലും പ്രതീക്ഷ അർപ്പിച്ച് കാത്തിരിക്കലല്ല ജനാധിപത്യം നമുക്ക് നൽകുന്ന പാഠം.

അധികാരത്തിലേറുമ്പോൾ ജനങ്ങളെ വിസ്മരിക്കുകയും മുതലാളിമാർക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുമ്പോൾ അവരുടെ നയങ്ങളെ പരാജയപ്പെടുത്താൻ ജനങ്ങളുടെ മുമ്പിൽ പ്രക്ഷോഭത്തിന്റെ മാർഗ്ഗം മാത്രമേയുള്ളൂ. പ്രക്ഷോഭം എന്നത് പാർട്ടി അണികളെ ആട്ടിത്തെളിച്ച് നടത്തുന്ന അനുഷ്ഠാനമല്ല. പാർലമെന്ററി നേട്ടങ്ങൾക്കായി നടത്തുന്ന കബളിപ്പിക്കലല്ല. ശരിയായ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് വിശ്വാസയോഗ്യമായ നേതൃത്വത്തിന്റെ കീഴിൽ പടുത്തുയർത്തപ്പെടുന്ന ജനകീയപ്രക്ഷോഭത്തിൽ ജനങ്ങൾ ആത്മവിശ്വാസത്തോടെ അണിനിരക്കും. അത് പ്രസരിപ്പിക്കുന്ന പ്രബുദ്ധതയും സംസ്കാരവും സാഹോദര്യവും ജനങ്ങളെ ഒരു പുതുശക്തിയാക്കിമാറ്റും. മതഭേദങ്ങളും ചേരിതിരിവുകളും അവിടെ അസ്തമിക്കും. അത്തരമൊരു പ്രക്ഷോഭത്തിന്റെ രാഷ്ട്രീയമാണ് സാമൂഹ്യ-രാഷ്ട്രീയ രംഗത്തു കാണുന്ന എല്ലാ മാലിന്യങ്ങളെയും തുടച്ചുനീക്കാനുള്ള ശരിയായ മാർഗ്ഗം. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സുദൃഢമായ മാർഗ്ഗവും അതു മാത്രമാണ്. അതിനാൽ വോട്ട് നൽകി, ഭരണക്കാരുടെ നയങ്ങൾക്കിരയായി നിസ്സഹായരായി കഴിഞ്ഞുകൂടുകയല്ല, അവരെ തിരുത്താൻ പോന്ന കാവൽശക്തിയായി ഉയരാൻ ജനങ്ങൾക്ക് കഴിയണം. പ്രക്ഷോഭത്തിന്റെ ഈ രാഷ്ട്രീയം അചഞ്ചലം നടപ്പാക്കുന്ന, അതിനായി കർമ്മശക്തി മുഴുവൻ സമർപ്പിച്ചിട്ടുള്ള പ്രസ്ഥാനമാണ് എസ്‌യുസിഐ(കമ്യൂണിസ്റ്റ്). എണ്ണമറ്റ ജനദ്രോഹനയങ്ങൾക്കെതിരെ, ചാർജ്ജുവർദ്ധനവുകൾക്കെതിരെ, പൊതുവിദ്യാഭ്യാസം തകർക്കുന്നതിനെതിരെ, കുടിയൊഴിപ്പിക്കലിനെതിരെ ജനകീയസമരരംഗത്ത് എപ്പോഴും ഈ പ്രസ്ഥാനം ജനങ്ങളോടൊപ്പമാണ്. കരിമണൽഖനന വിരുദ്ധ സമരഭൂമിയിൽ, ചെങ്ങറയിൽ, ദേശീയപാതയോരത്ത്, മൂലമ്പിള്ളിയിൽ, വിളപ്പിൽശാലയിൽ, വിഴിഞ്ഞത്ത്, ആലപ്പുഴയുടെ തീരത്ത് മൽസ്യത്തൊഴിലാളികൾക്കിടയിൽ, മദ്യത്തിനെതിരെ സ്ത്രീകളോടൊപ്പം,വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരോടൊപ്പം പ്രക്ഷോഭവിജയങ്ങൾ രചിക്കാൻ ഈ പാർട്ടി അവിരാമം പൊരുതുന്നു. ഈ രാഷ്ട്രീയമാണ് കരുത്ത് നേടേണ്ടത്. ഈ രാഷ്ട്രീയമാണ് വിജയിക്കേണ്ടത്.

ബഹുജന സമര രാഷ്ട്രീയം സ്വീകരിച്ചിട്ടുള്ള ആർഎംപി, എംസിപിഐ(യു) എന്നീ ഇടതുപക്ഷ പാർട്ടികളോടൊപ്പം ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്) എന്ന ബാനറിലാണ് എസ്‌യുസിഐ(സ) സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്. പ്രബുദ്ധമായ സമരരാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്ന എൽയുഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

### അദ്ധ്വാനിക്കുന്ന ജനങ്ങളോട് ഒരഭ്യർത്ഥന

# മുദ്രാവാക്യങ്ങൾക്കുപിന്നിലെ വർഗ്ഗരാഷ്ട്രീയം തിരിച്ചറിയുക

## വികസനം – ഏത് വർഗ്ഗത്തിന്റെ വികസനം

നമ്മുടേത് വർഗ്ഗവിഭജിതമായ സമൂഹമാണ്. മുതലാളിയും തൊഴിലാളിയും, ഉള്ളവനും ഇല്ലാത്തവനും, തൊഴിലുടമയും കൂലിവേലക്കാരനും, ചൂഷകനും ചൂഷിതനും എന്ന നിലയിൽ ഇരുചേരികളായി വിഭജിതമായ സമൂഹം. ഈ വിഭജനം നമ്മുടെയാരുടെയെങ്കിലും ഇഷ്ടാനുസരണം ഉണ്ടായിട്ടുള്ളതല്ല. ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിൽ നിലവിൽ വന്നിട്ടുള്ള വസ്തുനിഷ്ഠമായ വിഭജനമാണിത്. ഈ വ്യത്യസ്തചേരികളുടെ താല്പര്യങ്ങൾ വിപരീതങ്ങളാണ് എന്നതാണ് യാഥാർത്ഥ്യം. കൂലിവേലക്കാരനായ തൊഴിലാളിയെ ചൂഷണം ചെയ്താണ് തൊഴിലുടമയായ മുതലാളി ലാഭമുണ്ടാക്കുന്നത്. എല്ലാ മേഖലകളിലെയും ഉൽപ്പാദനം പരമാവധി ലാഭത്തെ മാത്രം ലാക്കാക്കി നടക്കുന്ന ഈ മുതലാളിത്ത വ്യവസ്ഥിതിയിൽ മുതലാളിക്ക് പരമാവധി ലാഭമുണ്ടാകണമെങ്കിൽ തൊഴിലാളിയെ പരമാവധി ചൂഷണം ചെയ്യണം. അതിനാൽ, മുതലാളിയുടെ പുരോഗതിയെന്നാൽ തൊഴിലാളിയുടെ അധോഗതിയെന്നർത്ഥം. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളിവർഗ്ഗത്തിനും മറ്റ് അദ്ധ്വാനിക്കുന്ന ജനങ്ങൾക്കും പുരോഗതിയുണ്ടാകണമെങ്കിൽ മുതലാളിവർഗ്ഗം അവരുടെ ചോരയൂറ്റുന്നത് അവസാനിപ്പിക്കണം. മുതലാളിവർഗ്ഗത്തിന്റെ താല്പര്യസംരക്ഷകരായ പ്രസ്ഥാനങ്ങൾ തങ്ങൾ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താല്പര്യത്തിനെതിരെയാണ് നിലകൊള്ളുന്നതെന്ന് തുറന്നുപറയാൻ ഭയപ്പെടുന്നു. അതിനാൽ അവർ മുതലാളിവർഗ്ഗതാല്പര്യങ്ങളെ രാജ്യത്തിന്റെ പൊതുതാല്പര്യമെന്ന നിലയിൽ അവതരിപ്പിക്കുകയും വർഗ്ഗസൂചനകളില്ലാതെ നാടിന്റെ വികസനത്തെയും പുരോഗതിയെയുംപറ്റി പറയുകയും ചെയ്യുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങളെ കബളിപ്പിക്കാനുള്ള ഈ സൂത്രമാണ് മുതലാളിവർഗ്ഗത്തിന്റെ പാർട്ടികളായ കോൺഗ്രസ്സും ബിജെപിയും പ്രയോഗിച്ചുവരുന്നത്.

ഏത് വർഗ്ഗത്തിന്റെ പുരോഗതിയും വികസനവും എന്ന് സൂചിപ്പിക്കാതെ പൊതുവിൽ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ മണ്ഡലത്തിന്റെയോ ഒക്കെ വികസനത്തെപ്പറ്റി പറയുന്നതിന് പിന്നിലുള്ള യഥാർത്ഥ വർഗ്ഗരാഷ്ട്രീയം തുറന്നുകാട്ടി ജനങ്ങളെ ബോധവൽക്കരിച്ച് മുതലാളിത്ത ചൂഷണത്തിനെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ യോജിച്ച ജനാധിപത്യപ്രക്ഷോഭം വളർത്തിയെടുക്കുക എന്നതാണ് ശരിയായ ഇടതുപക്ഷരാഷ്ട്രീയം. എന്നാൽ, സിപിഐ(എം) നയിക്കുന്ന വ്യവസ്ഥാപിത ഇടതുപക്ഷവും ഇന്ന് വികസനം എന്ന വഞ്ചനാപരമായ മുദ്രാവാക്യമുയർത്തുന്നു എന്നതാണ് ഖേദകരമായ കാര്യം. അവർ ഇടതുപക്ഷരാഷ്ട്രീയനിലപാട് കൈവെടിഞ്ഞ് വലതുപക്ഷ നിലപാട് സ്വീകരിച്ചിരിക്കുന്നുവെന്നാണ് ഇത് കാണിക്കുന്നത്. ഇടതുപക്ഷസംസ്ഥാനമെന്ന് പുകൾപെറ്റ കേരളത്തിൽ പിന്തിരിപ്പൻശക്തികൾ സ്വാധീനം വർദ്ധിപ്പിക്കുന്നുവെന്ന ആശങ്കാജനകമായ സാഹചര്യം സൃഷ്ടിക്കുന്നതിന് സിപിഐ (എം)ന്റെ ഈ തെറ്റായ നിലപാട് വലിയൊരളവ് വരെ കാരണമായിട്ടുണ്ട്.

### രാജ്യസ്നേഹത്തെപ്പറ്റിയുള്ള വാചാടോപം

രാജ്യസ്നേഹത്തെപ്പറ്റി കേന്ദ്ര ഭരണകക്ഷി ഉയർത്തുന്ന ഒച്ചപ്പാടിനെയും വർഗ്ഗപരമായി വിലയിരുത്തേണ്ടത് ആവശ്യമാണ്. രാജ്യം അപകടത്തിലായിരിക്കുകയാണെന്നും അയൽരാജ്യം നമ്മെ അപായപ്പെടുത്താനുള്ള കരുനീക്കങ്ങൾ നടത്തുകയാണെന്നുമുള്ള ഭീതിയുടേതായ അന്തരീക്ഷം അവർ സൃഷ്ടിക്കുന്നു. രാജ്യത്തെ ഒരു ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്നവർ രാജ്യത്തോട് കൂറില്ലാത്തവരാണെന്ന പ്രതീതിയുണ്ടാക്കുന്നു. ഭൂരിപക്ഷമതവിഭാഗത്തിൽപ്പെടുന്നവർക്കാണ് സഹജമായി രാജ്യസ്നേഹമുള്ളത് എന്ന പൊതുധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. മഹാരാഷ്ട്ര നിയമസഭയിൽ വാരിസ് പത്താൻ എന്ന എംഎൽഎ-യോട് തന്റെ രാജ്യസ്നേഹം തെളിയിക്കാനായി ഭാരത്മാതാ കീ ജയ് എന്ന് വിളിക്കാൻ ഹിന്ദുത്വവാദികളായ എംഎൽഎ-മാർ ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം അതിന് തയ്യാറാകാതിരുന്നപ്പോൾ ബിജെപിയുടെയും ശിവസേനയുടെയും മാത്രമല്ല കോൺഗ്രസ്സിന്റെയും എൻസിപിയുടെയും എംഎൽഎ-മാരും കൂടി യോജിച്ച് അദ്ദേഹത്തെ സഭയിൽ നിന്ന് ആ സമ്മേളനകാലത്തേയ്ക്ക് പുറത്താക്കുകയുണ്ടായി. ജെഎൻയു വിദ്യാർത്ഥിയൂണിയൻ പ്രസിഡന്റ് കനയ്യകുമാറിനെ വ്യാജ വീഡിയോദൃശ്യത്തെ അടിസ്ഥാനപ്പെടുത്തി രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടച്ചു. കോടതിയിൽ ഹാജരാക്കിയ സമയത്ത് സംഘപരിവാറുകാരായ അഭിഭാഷകരും അഭിഭാഷകവേഷമണിഞ്ഞ അക്രമികളും അദ്ദേഹത്തെ മൃഗീയമായി തല്ലിച്ചതച്ചു. തങ്ങൾ ആ വിദ്യാർത്ഥിനേതാവിനെ പൊതിരെ തല്ലി ഭാരത് മാതാ കീജയ് വിളിപ്പിച്ചുവെന്ന് ആ അക്രമികൾ വീമ്പുപറയുന്ന ദൃശ്യം മാദ്ധ്യമങ്ങളിലൂടെ പുറത്തുവരികയുണ്ടായി. ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ ദേശവിരുദ്ധപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളാവുകയാണെന്ന് ആരോപിച്ചുകൊണ്ട് സംഘപരിവാർ പാളയത്തിൽപ്പെടുന്ന അധികൃതർ ജെഎൻയുവും ഹൈദരാബാദ് യൂണിവേഴ്സിറ്റിയുമുൾപ്പെടെയുള്ള ക്യാമ്പസുകളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമെതിരെ നിഷ്ഠുരമായ കടന്നാക്രമണങ്ങൾ അഴിച്ചുവിട്ടിരിക്കുകയാണ്.

ഇവിടെ പ്രസക്തമായ ചോദ്യങ്ങൾ ഇവയാണ്: ഒന്ന്, രാജ്യം എന്നുപറയുമ്പോൾ എന്താണർത്ഥമാക്കുന്നത്? ഒരുനാട്ടിലെ കുന്നും മരങ്ങളും പുഴയും മണ്ണുമൊക്കെയാണോ അതോ ആ നാട്ടിലെ ജനങ്ങളാണോ? രാജ്യമെന്നത് ആ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളാണെങ്കിൽ ആ രാജ്യത്തിന്റെ യഥാർത്ഥശത്രു വിദേശരാജ്യങ്ങളല്ല, മറിച്ച് ആ രാജ്യത്തിനകത്തെ തന്നെ ചൂഷകവർഗ്ഗമാണെന്ന് കാണാൻ ബുദ്ധിമുട്ടില്ല. ആ ചൂഷകമുതലാളിവർഗ്ഗത്തിന്റെ താല്പര്യാർത്ഥം ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തെയും ദ്രോഹിക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ നടത്തിപ്പുകാരായ ഭരണാധികാരികളാണ് തുടരെ രാജ്യദ്രോഹം ചെയ്തുകൊണ്ടിരിക്കുന്നത്. ഇൻഡ്യൻ കുത്തകകളുടെ ഇപ്പോഴത്തെ കാര്യദർശിയായ നരേന്ദ്രമോദി സർക്കാർ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്.

അന്ധവും ഭ്രാന്തവും ഭൂരിപക്ഷവർഗ്ഗീയ വികാരവുമായി ലയിച്ചുചേർന്നതുമായ ദേശീയവികാരം കുത്തിപ്പൊക്കുന്നവർ ആ യാഥാർത്ഥ്യത്തെ മറച്ചുപിടിക്കുകയാണ്.

രണ്ട്, രാജ്യത്തെ പൗരന്മാരോട് അവരുടെ രാജ്യസ്നേഹം സാക്ഷ്യപ്പെടുത്തണമെന്ന് ആവശ്യപ്പെടാൻ സംഘപരിവാറുകാരെ ആരാണ് അധികാരപ്പെടുത്തിയത്? ബിജെപിയുടെ പൂർവ്വികസംഘടനയായ ഹിന്ദുമഹാസഭ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ലെന്നോർക്കുക. ബ്രിട്ടീഷ്‌വിരുദ്ധപ്പോരാട്ടമാണ് ദേശീയപ്രസ്ഥാനമെന്ന ധാരണ തന്നെ പിന്തിരിപ്പനാണെന്നാണ് ഗോൾവൽക്കർ പറഞ്ഞത്. വൈദേശികഭരണത്തിനെതിരെ രാജ്യത്തെ ജനങ്ങൾ ജാതിമതഭേദമെന്യേ ഒറ്റക്കെട്ടായി നിന്ന് പൊരുതേണ്ടത് ആവശ്യമായിരുന്ന സമയത്ത്, ആ സമരത്തെ തള്ളിപ്പറയുകയും മതാടിസ്ഥാനത്തിൽ ജനങ്ങൾക്കിടയിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തവരുടെ രാജ്യസ്നേഹത്തെപ്പറ്റി പറയാതിരിക്കുകയാണ് ഭേദം.

ഹിന്ദുത്വസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ വി.ഡി.സവർക്കർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ബ്രിട്ടീഷ്‌സർക്കാരിന് മാപ്പപേക്ഷ നൽകിയ വ്യക്തിയാണെന്നതും സ്മരണീയമാണ്. ആത്മാഭിമാനമുള്ള ഏതൊരു ഭാരതീയനെയും ലജ്ജിപ്പിക്കുന്നതരത്തിലുള്ള യാചനാപൂർവ്വമായ ഭാഷയിലാണ് ആ മാപ്പപേക്ഷ എഴുതിയിട്ടുള്ളത്. 1911-ൽ താൻ സർക്കാരിന് സമർപ്പിച്ചിരുന്ന ദയാഹർജ്ജിയുടെ കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് 1913 നവംബർ 14-ന്, ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിലെ ഹോംമെമ്പർ റജിനാൾഡ് ക്രഡോക്കിനെ “യുവർ ഓണർ” എന്ന് സംബോധന ചെയ്തുകൊണ്ടെഴുതിയ ഹർജ്ജിയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: “എന്റെ മാറ്റം മനഃസാക്ഷിക്കനുസരിച്ചാണ് എന്നതിനാൽ ഭാവിയിൽ എന്റെ പ്രവൃത്തികളും അപ്രകാരം തന്നെയായിരിക്കും. ഗവണ്മെന്റ് താല്പര്യപ്പെടുന്ന ഏത് വിധത്തിലും ഗവണ്മെന്റിനെ സേവിക്കാൻ ഞാൻ സന്നദ്ധനാണ്. എന്നെ ജയിലിൽ അടച്ചിരിക്കുന്നതിനെക്കാൾ എത്രയോ ഏറെ പ്രയോജനം എന്നെ മോചിപ്പിച്ചാൽ ഗവണ്മെന്റിന് ലഭിക്കും. കരുത്തുള്ളവർക്കല്ലേ കാരുണ്യം കാട്ടാൻ കഴിയുകയുള്ളൂ. പിതൃതുല്യനായ സർക്കാരിന്റെ പടിവാതിൽക്കലല്ലാതെ മറ്റെവിടെയാണ് മുടിയനായ പുത്രന് മടങ്ങിച്ചെല്ലാൻ കഴിയുക?” *(സവർക്കറും ഹിന്ദുത്വവും, എ.ജി.നൂറാനി, ലെഫ്റ്റ്‌വേർഡ് ബുക്സ്, 2003)*

### ഹിന്ദുതാല്പര്യമോ, ഏത് വർഗ്ഗത്തിൽപ്പെട്ട ഹിന്ദുവിന്റെ താല്പര്യം?

ബിജെപിയും ഇതര സംഘപരിവാർ സംഘടനകളും ഹിന്ദുതാല്പര്യത്തെപ്പറ്റി പറയുന്നു. ഹിന്ദുക്കളിലെ മുതലാളിമാരുടെ താല്പര്യമാണോ തൊഴിലാളികളുടെ താല്പര്യമാണോ തങ്ങൾ ഉദ്ദേശിക്കുന്നതെന്ന് അവർ വ്യക്തമാക്കുന്നില്ല. ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തകകളിലൊരാളായ ബിർള ഹിന്ദുവാണ്. അദ്ദേഹത്തിന്റെ വ്യവസായസാമ്രാജ്യത്തിലെ കൂലിവേലക്കാരായ തൊഴിലാളികളിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. പരസ്പരവിരുദ്ധ താല്പര്യങ്ങളുള്ള ഈ രണ്ട് വർഗ്ഗങ്ങളിൽപെട്ട ഹിന്ദുക്കളിൽ ഏത് വർഗ്ഗത്തിന്റെ താൽപര്യമാണ് ബിജെപി ഉദ്ദേശിക്കുന്നത്? അവരത് തുറന്നുപറയുന്നില്ലെങ്കിലും പ്രവൃത്തിയിലൂടെ വ്യക്തമാക്കുന്നുണ്ട്. മുതലാളിവർഗ്ഗതാല്പര്യത്തെയാണ് അവർ ഹിന്ദുതാല്പര്യമെന്ന് വിളിക്കുന്നത്. അത് അവർ അവകാശപ്പെടുന്നതുപോലെ ഭൂരിപക്ഷത്തിന്റെ താല്പര്യമല്ല. മറിച്ച്, ജനസംഖ്യയിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രം വരുന്ന കുത്തകകളുടെ താല്പര്യമാണ്.

കഴിഞ്ഞ സെപ്തംബർ 2-ന്റെ പൊതുപണിമുടക്കിന്റെ കാര്യമെടുക്കുക. മോദിസർക്കാരിനെ ആശയപരമായി പിന്തുണയ്ക്കുന്ന ബിഎംഎസ് ഉൾപ്പെടെയുള്ള എല്ലാ കേന്ദ്ര ട്രേഡ്‌യൂണിയനുകളും ഒന്നിച്ചുചേർന്നാണ് ആ പണിമുടക്കിന് ആഹ്വാനം ചെയ്തത്. ബ്രിട്ടീഷ് ഭരണകാലത്ത് ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗം അനുഭവിച്ചിരുന്ന തൊഴിലവകാശങ്ങൾ പോലും കവർന്നെടുക്കാനായി മോദിസർക്കാർ കൊണ്ടുവന്ന നിയമഭേദഗതികൾക്കെതിരെയായിരുന്നു ആ പൊതുപണിമുടക്ക്. ചെറുന്യൂനപക്ഷം വരുന്ന കുത്തകമുതലാളിമാർക്കുവേണ്ടി ബഹുഭൂരിപക്ഷം ഹിന്ദുക്കളുൾപ്പെടുന്ന തൊഴിലാളിവർഗ്ഗത്തെ മോദിസർക്കാർ ദ്രോഹിക്കുന്നുവെന്ന് സ്വന്തം അനുഭവത്തിലൂടെ ബോദ്ധ്യപ്പെട്ടതുകൊണ്ടാണല്ലോ ആ തൊഴിലാളികൾ പൊതുപണിമുടക്കിൽ അണിനിരന്നത്.

മുൻ കോൺഗ്രസ്സ് ഗവണ്മെന്റ് ആവിഷ്കരിച്ച ആഗോളവൽക്കരണ നയങ്ങൾ മുതലാളിവർഗ്ഗത്തിന്റെ താല്പര്യാർത്ഥമുള്ളവയായിരുന്നു. മോദിസർക്കാർ ആ നയങ്ങളിൽ നിന്ന് കടുകിട വ്യതിചലിച്ചിട്ടില്ല. ഈ നയങ്ങൾ മൂലം മൂന്ന് ലക്ഷത്തിൽപ്പരം കൃഷിക്കാർ നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട്. മോദിസർക്കാരിന്റെ കാലത്തും അതിൽ വ്യത്യാസം വന്നിട്ടില്ല. ഈ കൃഷിക്കാരിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷകരെ മരണത്തിലേയ്ക്ക് തള്ളിവിടുന്ന മോദിസർക്കാർ ഭൂരിപക്ഷതാല്പര്യം സംരക്ഷിക്കുന്നുവെന്ന് പറയുന്നത് അപഹാസ്യമല്ലേ. അതുപോലെ, അന്തർദ്ദേശീയ വിപണിയിൽ ക്രൂഡോയിലിന്റെ വില വളരെ താണിട്ടും പെട്രോളിനും ഡീസലിനും പാചകവാതകത്തിനുമൊന്നും അതിനനുസരിച്ച് വിലകുറയ്ക്കാൻ വേണ്ട ഒരു നടപടിയും മോദിസർക്കാർ സ്വീകരിച്ചിട്ടില്ല. ഈ പകൽക്കൊള്ള മൂലം ദുരിതമനുഭവിക്കുന്നത് ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുൾപ്പെടെയുള്ള സാധാരണക്കാർ. നേട്ടമോ, ചുരുക്കം കുത്തകകളുടെ നിയന്ത്രണത്തിലുള്ള എണ്ണക്കമ്പനികൾക്കും. ഇങ്ങനെ ഏത് വിഷയമെടുത്താലും ഹിന്ദുതാല്പര്യത്തെപ്പറ്റിയുള്ള വാചാടോപത്തിന് മറവിൽ നഗ്നമായ കുത്തകമൂലധനസേവയാണ് നടക്കുന്നതെന്ന് കാണാം.

### യഥാർത്ഥത്തിൽ ഇവിടെ മതപരമായ താല്പര്യങ്ങളല്ല മറിച്ച് മൂലധനത്തിന്റെ താല്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്.

മുതലാളിമാർക്ക് മതമില്ല. ഇൻഡ്യയിലെ കുത്തകമുതലാളിമാരുടെ സംഘടനകളൊന്നും മതാടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. ലോകമുതലാളിമാരുടെ സംഘടനയായ ലോകവ്യാപാരസംഘടന പോലുള്ളവയ്ക്കും മതമോ ജാതിയോ ഇല്ല. പണച്ചാക്കുകളുടെ താല്പര്യം മാത്രമേ അവരെല്ലാം പരിഗണിക്കുന്നുള്ളൂ. ഇൻഡ്യൻ കുത്തകകളുടെ കാര്യദർശിയെന്ന നിലയിൽ മോദിസർക്കാരും അതേ പരിഗണിക്കുന്നുള്ളൂ. ലോകം മുഴുവൻ ബൈബിൾ കയറ്റുമതി ചെയ്യുന്ന അമേരിക്കയുമായും ജൂതവെറിയൻ ഇസ്രയേലിഭരണകൂടവുമായും മോദിസർക്കാർ അടുത്ത സൗഹൃദം പുലർത്തുന്നത് ഹിന്ദുതാല്പര്യം സംരക്ഷിക്കാനോ, ഇൻഡ്യൻ കുത്തക മൂലധനത്തിന്റെ താല്പര്യം സംരക്ഷിക്കാനോ?

കുത്തകമൂലധനത്തിന്റെ ചൂഷകവാഴ്ചയ്ക്കെതിരെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ യോജിച്ച പ്രക്ഷോഭം വളർന്നുവരുന്നത് തടയുന്നതിന് വേണ്ടിയാണ് അവർ ഹിന്ദുത്വത്തെയും ഹിന്ദുതാല്പര്യത്തെയും പറ്റി പറഞ്ഞ് ജനങ്ങൾക്കിടയിൽ സ്പർദ്ധ വളർത്താൻ ശ്രമിക്കുന്നത്.

### ഹിന്ദുത്വവാദം അധഃസ്ഥിതരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ സഹായിക്കുമോ

കേരളത്തിലെ ന്യൂനപക്ഷമതവിഭാഗങ്ങൾ വോട്ട്ബാങ്ക് സൃഷ്ടിച്ച് ചെലുത്തിയ സമ്മർദ്ദതന്ത്രങ്ങളിലൂടെ അവിഹിതമായ നേട്ടങ്ങളുണ്ടാക്കിയിരിക്കുന്നു. ഹിന്ദുക്കൾ അസംഘടിതരായതിനാൽ ന്യായമായ അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. അതിനാൽ ഹിന്ദുക്കളും വോട്ട്ബാങ്ക് സൃഷ്ടിക്കണം. അതിനുവേണ്ടി നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കൾ ഒന്നിക്കണം – ഹിന്ദുത്വവാദികൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രചാരണമാണ് മേല്പറഞ്ഞത്. അടുത്തകാലത്ത് എസ്എൻഡിപി യോഗം നേതാവ് വെള്ളാപ്പള്ളി നടേശനും കെപിഎംഎസിന്റെ ഒരു വിഭാഗവും സംഘപരിവാറിന്റെ പാളയത്തിലേയ്ക്ക് ചേക്കേറിയതിനെത്തുടർന്ന് ഈ പ്രചാരണത്തിന് കൂടുതൽ വ്യാപ്തിയും തീവ്രതയും കൈവന്നിരിക്കുന്നു. പ്രത്യേകിച്ചും, കാലങ്ങളായി ഇടതുപക്ഷചായ്‌വ് പുലർത്തിയിരുന്ന അധഃസ്ഥിതവിഭാഗങ്ങൾക്കിടയിൽ ഹിന്ദുത്വവാദികളുടെ ഈ പ്രചാരണം ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ, ഈ വാദത്തിന് യാഥാർത്ഥ്യവുമായി എന്തുമാത്രം ബന്ധമുണ്ട് എന്ന പരിശോധന ആവശ്യമാണ്.

തെരഞ്ഞെടുപ്പ് രാഷ്ട്രീയവും ഐക്യകേരളവുമൊക്കെ വരുന്നതിന് മുമ്പ് തിരുവിതാംകൂർ ഹിന്ദുരാജ്യമായിരുന്നല്ലോ. അന്ന്

*(ശേഷം 40ാം പേജിൽ)*

# മുദ്രാവാക്യങ്ങൾക്കുപിന്നിലെ വർഗ്ഗരാഷ്ട്രീയം .....

*(3-ാം പേജിൽ നിന്ന്)*

നമ്പൂതിരി മുതൽ നായാടിവരെയുള്ള എല്ലാ ഹിന്ദുക്കൾക്കും സുവർണ്ണകാലമായിരുന്നുവോ? ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്ന അധഃസ്ഥിതജനതയ്ക്കും, സവർണ്ണ വിഭാഗത്തിലെ തന്നെ ന്യൂനപക്ഷം പുരുഷന്മാരൊഴികെയുള്ളവർക്കും, എല്ലാ വിഭാഗത്തിലും പെടുന്ന സ്ത്രീകൾക്കും ആ ഹിന്ദുരാജ്യത്ത് പ്രാഥമികമായ മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടിരുന്നുവെന്നതല്ലേ ചരിത്രയാഥാർത്ഥ്യം?

അവർക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനോ, ഇഷ്ടമുള്ള ഭാഷ സംസാരിക്കാനോ, ഇഷ്ടമുള്ള വസ്ത്രം ധരിക്കാനോ, ഇഷ്ടമുള്ള ഉപജീവനമാർഗ്ഗം കണ്ടെത്താനോ സ്വാതന്ത്ര്യമില്ലായിരുന്നു. പട്ടിക്കും പൂച്ചയ്ക്കും പോലും വഴിനടക്കാവുന്ന നിരത്തുകളിൽ അവർക്ക് പ്രവേശനമില്ലായിരുന്നു. ശ്രീനാരായണഗുരുവിനെയും അയ്യൻകാളിയെയും പോലുള്ള നവോത്ഥാനനായകന്മാരുടെ നേതൃത്വത്തിൽ നടന്ന സുദീർഘങ്ങളായ സമരങ്ങൾക്ക് ശേഷമാണ് ആ അവകാശങ്ങൾ ഒന്നൊന്നായി അവർ നേടിയെടുത്തത്. ഇംഗ്ലീഷുകാർ നമ്മുടെ ഗുരുക്കന്മാരാണ്, നമുക്ക് സന്യാസം തന്നത് അവരാണ് എന്ന് ശ്രീനാരായണഗുരു പറഞ്ഞു. ഹിന്ദുധർമ്മം പ്രാബല്യത്തിലിരുന്നപ്പോൾ അധഃസ്ഥിതന് സന്യസിക്കാൻ അവകാശമുണ്ടായിരുന്നില്ല എന്ന കാര്യമാണ് ഗുരു സൂചിപ്പിച്ചത്. സ്ത്രീകളെയും അധഃസ്ഥിതനെയും അവമതിച്ചിരുന്ന മനുസ്മൃതിയുടെ മലയാളഭാഷ്യമായിരുന്നു ഹിന്ദുരാജ്യമായിരുന്ന തിരുവിതാംകൂറിലെ നിയമവ്യവസ്ഥ. കഷ്ടിച്ച് ഒരു നൂറ്റാണ്ട് മുമ്പ് വരെ നിലനിന്നിരുന്ന ഈ യാഥാർത്ഥ്യങ്ങളെയെല്ലാം പാടെ വിസ്മരിക്കുന്നവർക്കുമാത്രമേ നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കളുടെ വോട്ട് ബാങ്ക് സൃഷ്ടിക്കുകയെന്നതുപോലുള്ള മുദ്രാവാക്യങ്ങൾ ഉയർത്താൻ സാധിക്കുകയുള്ളു.

### ഹിന്ദുത്വവാദികളുടെ വാദങ്ങൾക്ക് വസ്തുതകളുടെ പിൻബലമില്ല

ഹിന്ദുത്വവാദികളുടെ പല വാദങ്ങളും മേല്പറഞ്ഞതുപോലെ വസ്തുതകളുടെ പിൻബലമില്ലാത്തവയാണ്. ഉദാഹരണമായി തങ്ങൾ ആർഷഭാരതപാരമ്പര്യം പേറുന്നവരാണെന്ന അവരുടെ അവകാശവാദം തന്നെ പൊള്ളയാണ്. സംഘപരിവാറിന്റെ കേന്ദ്രസംഘടനയായി വർത്തിക്കുന്ന ആർഎസ്എസിന്റെ കാര്യമെടുക്കുക. അവരുടെ കാക്കിട്രൗസറും കുറുവടിയും ഡ്രില്ലുമൊന്നും ആർഷഭാരതപാരമ്പര്യത്തിലുള്ളവയല്ല. പൗരാണിക ഭാരതത്തിലെ ഋഷിമാരോ യോദ്ധാക്കളോ കാക്കിട്രൗസറിട്ട് നടന്നിരുന്നതായി നമ്മുടെ പ്രാചീനസാഹിത്യകൃതികളിലൊന്നും തന്നെ കാണുകയില്ല. മറിച്ച്, യഥാർത്ഥത്തിൽ മുസ്സോളിനിയുടെ ഫാസിസ്റ്റ് സൈന്യത്തിന്റെ വേഷവും സമ്പ്രദായങ്ങളും അവർ അനുകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

എല്ലാ മനുഷ്യസ്നേഹികളും വെറുപ്പോടെ കാണുന്ന പ്രത്യയശാസ്ത്രമാണ് ഫാസിസം. എന്നാൽ, ആർഎസ്എസ് സ്ഥാപകൻ ഗോൾവൾക്കർ ഫാസിസ്റ്റുകളോട് പുലർത്തിയിരുന്ന അനുഭാവം പരസ്യമാണ്. മുസ്സോളിനി അടക്കമുള്ള ഫാസിസ്റ്റ് ഭരണാധികാരികളും ഹിന്ദു ദേശീയവാദികളും നേരിട്ടു ബന്ധംവച്ചതിന്റെ തെളിവുകൾ മാർസിയാ കസോലാരി എന്ന ഗവേഷക കണ്ടെത്തിയിട്ടുണ്ട്. *(സവർക്കറും ഹിന്ദുത്വവും, എ.ജി.നൂറാനി).*

ഇൻഡ്യയെ മതത്തിന്റെയടിസ്ഥാനത്തിൽ വെട്ടിമുറിച്ചതിന് കാരണക്കാർ മുസ്ലീങ്ങൾ ആണെന്നും തുടർന്നും അവർ ഈ രാജ്യത്തെ ശിഥിലമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഹിന്ദുത്വവാദികൾ പ്രചരിപ്പിക്കുന്നു. എന്നാൽ മതത്തിന്റെയടിസ്ഥാനത്തിലുള്ള ദ്വിരാഷ്ട്രവാദം എന്ന ആശയം ഇൻഡ്യയിൽ ആദ്യം അവതരിപ്പിച്ചത് 1923-ൽ സവർക്കർ ആയിരുന്നു. അതിനും പതിനാറ് വർഷങ്ങൾക്ക് ശേഷം 1939-ലാണ് മുഹമ്മദലി ജിന്ന തന്റെ ദ്വിരാഷ്ട്രവാദം ഉന്നയിച്ചത്. സംഘപരിവാർ അനുകൂലിയും അനുഭാവിയുമായ ചരിത്രകാരൻ ആർ.സി.മജുംദാർ പോലും ഇങ്ങനെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്: വർഗ്ഗീയാടിസ്ഥാനത്തിൽ ഇൻഡ്യ വിഭജിക്കപ്പെടാൻ ഇടയാക്കിയതിന്റെ പ്രധാനഘടകം ഒരതിരുവരെ ഹിന്ദുമഹാസഭയാണ്. *(സവർക്കറും ഹിന്ദുത്വവും, എ.ജി.നൂറാനി)*

### ദാദ്രി നൽകുന്ന വിപൽസൂചന

ഹിന്ദുത്വവാദികൾ രാജ്യത്തെ ഫാസിസത്തിലേയ്ക്ക് ആനയിക്കാൻ ഒരുക്കുകൂട്ടുകയാണ്. ദാദ്രി സംഭവം അതിന്റെ വിപൽസൂചന നൽകുന്നു. യുപിയിലെ ദാദ്രിയിൽ മുഹമ്മദ് അഖ്‌ലക്ക് എന്നയാൾ തന്റെ വീട്ടിലെ ഫ്രിഡ്ജിൽ പശുവിറച്ചി സൂക്ഷിച്ചിരിക്കുന്നതായി തൊട്ടടുത്ത ക്ഷേത്രത്തിലെ ഉച്ചഭാഷിണിയിലൂടെ ഒരറിയിപ്പുണ്ടായി. ഉടൻതന്നെ വലിയൊരു ആൾക്കൂട്ടം ആ മനുഷ്യന്റെ വീട് ആക്രമിച്ചു. അദ്ദേഹത്തെയും മകനെയും മൃഗീയമായി ആക്രമിച്ചു. എലിയെ തല്ലിക്കൊല്ലുന്നതുപോലെ മുഹമ്മദ് അഖ്‌ലക്കിനെ തല്ലിക്കൊന്നു. ഈ ദുഷ്ടകൃത്യത്തിലേർപ്പെട്ട ആൾക്കൂട്ടത്തിന്റെ സ്വഭാവം ശ്രദ്ധേയമാണ്. മൈക്കിലൂടെ കേട്ട അനൗൺസ്മെന്റ് ശരിയാണോ, ശരിയാണെങ്കിൽ മുഹമ്മദ് അഖ്‌ലകിന്റെ പ്രവൃത്തി നീതീകരിക്കാവുന്നതാണോ, അല്ലെങ്കിൽ അയാൾക്ക് ശിക്ഷവിധിക്കേണ്ടത് കോടതിയല്ലേ എന്നിങ്ങനെയുള്ള യാതൊരു ചിന്തയുമില്ലാതെ കേട്ടപാടെ കൈയിൽ കിട്ടിയ ആയുധങ്ങളുമെടുത്ത് അക്രമത്തിന് പുറപ്പെട്ടവർക്ക് സാധാരണ മനുഷ്യനിൽ കാണാറുള്ളതുപോലുള്ള യുക്തിബോധം പ്രവർത്തിച്ചിട്ടില്ല എന്ന് വ്യക്തം. പകരം ആധികാരികമെന്ന് അവർ വിചാരിക്കുന്നയിടത്തുനിന്നുള്ള അറിയിപ്പുകൾ അന്ധമായി വിശ്വസിക്കുന്ന മനോഭാവമാണവർ പ്രദർശിപ്പിച്ചത്. നിസ്സഹായരായ രണ്ട് മനുഷ്യജീവികളെ, അവരുടെ വീട്ടിലെ സ്ത്രീകളുടെ അപേക്ഷകളെ തൃണവൽഗണിച്ചുകൊണ്ട്, സംഘം ചേർന്ന് തല്ലിച്ചതച്ചുകൊല്ലുന്നവരിൽ മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ല എന്നതിലും സംശയമില്ല. യുക്തിചിന്തയും മാനുഷികഭാവങ്ങളുമില്ലാത്ത അത്തരം ആൾക്കൂട്ടങ്ങൾക്ക് എത്ര നിഷ്ഠുരമായ പ്രവൃത്തിയും നിസ്സങ്കോചം ചെയ്യാൻ കഴിയും. ഫാസിസ്റ്റ് ഭരണാധികാരികൾക്ക് അത്തരക്കാരെയാണാവശ്യം. ദാദ്രിയിലെ ആൾക്കൂട്ടത്തിന്റെ മനോഭാവം രാജ്യത്തെ ഭൂരിഭാഗം ജനങ്ങളിലും ഉളവാകുന്ന അവസ്ഥയെപ്പറ്റി സങ്കല്പിച്ചുനോക്കുക. അത്തരമവസ്ഥയെയാണ് സമ്പൂർണ്ണ ഫാസിസം എന്ന് വിളിക്കുന്നത്. ഫാസിസം ഒരു രാജ്യത്ത് സ്ഥാപിതമായിക്കഴിഞ്ഞാൽപ്പിന്നെ മനുഷ്യൻ എന്ന് വിളിക്കപ്പെടാവുന്ന അധികം പേരുണ്ടാവുകയില്ല. എന്തെന്നാൽ ഫാസിസം മനുഷ്യത്വം രൂപപ്പെടുന്ന പ്രക്രിയയെത്തന്നെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ടാണ് ഫാസിസം മനുഷ്യരാശിയുടെ കൊടിയ ശത്രുവാണെന്ന് പറയുന്നത്.

രണ്ടാം ലോകയുദ്ധത്തിൽ സൈനികമായി ഫാസിസത്തിന് തിരിച്ചടിയേറ്റെങ്കിലും യുദ്ധാനന്തരലോകത്ത് എല്ലാ മുതലാളിത്ത രാജ്യങ്ങളും ഫാസിസത്തിൽ അന്തിമാശ്രയം കണ്ടെത്തുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആസന്നമായ തൊഴിലാളിവർഗ്ഗവിപ്ലവത്തെപ്പറ്റി ഭീതിപൂണ്ട മുതലാളിവർഗ്ഗം ഒരു മുൻകൂർ നീക്കത്തിലൂടെ അത് തടയുന്നതിനുവേണ്ടി സംഘടിപ്പിക്കുന്ന പ്രതിവിപ്ലവപ്രസ്ഥാനമാണ് ഫാസിസം എന്ന് അദ്ദേഹം വിശദീകരിച്ചു. സ്വാതന്ത്ര്യാനന്തരം അധികാരത്തിലേറിയ കോൺഗ്രസ്സ് ഇൻഡ്യൻ മുതലാളിവർഗ്ഗത്തിന്റെ താല്പര്യാർത്ഥം രാജ്യത്തെ ഫാസിസത്തിലേയ്ക്ക് ആനയിക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചു. ഇപ്പോൾ ഇൻഡ്യൻ കുത്തകകളുടെ മുഖ്യകാര്യദർശിയായിരിക്കുന്ന മോദിസർക്കാർ കൂടുതൽ വീറോടെ ആ പദ്ധതി തുടരുകയാണ്. ഈ ഫാസിസ്റ്റ് വിപത്തിനെ പ്രതിരോധിക്കുകയെന്നത് എല്ലാ ഇടതുപക്ഷ-ജനാധിപത്യ വിശ്വാസികളുടെയും കർത്തവ്യമാണ്.

ഫാസിസം ജനങ്ങളുടെ യുക്തിചിന്തയെയും ജനാധിപത്യപരമായ ധാർമ്മിക മൂല്യങ്ങളെയും കെടുത്തുന്നു. അതിനുവേണ്ടി സാംസ്കാരിക മേഖലയിൽ ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുടെയും ആത്മീയവാദത്തിന്റെയും വിചിത്ര ലയനം കൊണ്ടുവരുന്നു എന്ന് സഖാവ് ഘോഷ് നിരീക്ഷിക്കുകയുണ്ടായി. ശാസ്ത്രീയ യുക്തിചിന്താപദ്ധതി വശമില്ലാത്തവരും, അതേ സമയം തന്നെ അത്യാധുനികങ്ങളായ സാങ്കേതികവിദ്യ വശമുള്ളവരുമായ വിദഗ്ദ്ധർ ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ചട്ടുകങ്ങളെന്ന നിലയിൽ നന്നായി പ്രവർത്തിച്ചുകൊള്ളും.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ പ്രബല ധാരയെ പ്രതിനിധീകരിച്ച ഗാന്ധിയൻ നേതൃത്വം, ചരിത്രപരമായ കാരണങ്ങളാൽ പഴഞ്ചൻ ജന്മിത്ത സാംസ്കാരിക-ധാർമ്മിക മൂല്യങ്ങളുമായി സന്ധിചെയ്തു. അതിനാൽ രാഷ്ട്രീയമായി ഇൻഡ്യ ഒരു ആധുനിക ദേശീയരാഷ്ട്രമായിത്തീർന്നുവെങ്കിലും സാമൂഹ്യവും സാംസ്കാരികവുമായ മേഖലകളിൽ ഫ്യൂഡൽ സ്വാധീനം നിലനിന്നു. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയുമൊക്കെ പേരിലുള്ള സ്പർദ്ധയും മറ്റ് പ്രാകൃത ചിന്താഗതികളും സമൂഹത്തിൽ തുടർന്നും നിലനിൽക്കാൻ അത് കാരണമായി. മതം വ്യക്തിയുടെ സ്വകാര്യവിശ്വാസത്തിന്റെ മാത്രം പ്രശ്നമാണ്, അത് സാമൂഹ്യവിഷയങ്ങളിൽ ഇടപെട്ടുകൂട എന്നതാണ് മതനിരപേക്ഷതയെ സംബന്ധിച്ചുള്ള ശരിയായ ധാരണ. എന്നാൽ വലതുപക്ഷ ദേശീയനേതൃത്വം എല്ലാ മതങ്ങൾക്കും തുല്യപ്രോത്സാഹനം എന്ന വിചിത്രമായ വ്യാഖ്യാനമാണ് മതേതരത്വത്തിന് നൽകിയത്. മതപരമായ അന്ധവിശ്വാസങ്ങളെയെല്ലാം ഊട്ടിവളർത്തുന്ന ഈ നിലപാടും സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് തടസ്സമായി. നമ്മുടെ സമൂഹത്തിന്റെ സാംസ്കാരികമായ ഈ പിന്നോക്കാവസ്ഥയാണ് ഇന്ന് ഫാസിസ്റ്റുകൾക്ക് വളക്കൂറുള്ള മണ്ണൊരുക്കിക്കൊടുക്കുന്നത്.

### സമൂഹത്തിൽ ശാസ്ത്രീയമനോഭാവവും ജനാധിപത്യ സംസ്കാരവും വളർത്തിയെടുക്കുകയെന്നതാണ് ഫാസിസ്റ്റ് വിപത്തിനെ ചെറുക്കാനുള്ള മാർഗ്ഗം

അതിനാൽ, ഫാസിസ്റ്റ് വിപത്തിനെ പ്രതിരോധിക്കാനുള്ള ഫലപ്രദമായ ഒരേയൊരു മാർഗ്ഗം സമൂഹത്തിൽ ശാസ്ത്രീയമനോഭാവവും ജനാധിപത്യ സംസ്കാരവും വളർത്തിയെടുക്കുക എന്നതാണ്. അതിനുള്ള ഏക ഉപാധിയാകട്ടെ, ഉയർന്ന സംസ്കാരത്തിലും പ്രബുദ്ധതയിലും അധിഷ്ഠിതമായ യോജിച്ച ജനാധിപത്യ ബഹുജനസമരങ്ങൾ വളർത്തിയെടുക്കുക എന്നതും. അതിനുവേണ്ടി ഇൻഡ്യയിലെമ്പാടും അഹോരാത്രം പ്രയത്നിക്കുന്ന പാർട്ടിയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). സമുന്നത മാർക്സിസ്റ്റ് ദാർശനികനും മഹാനായ തൊഴിലാളിവർഗ്ഗ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷ് സ്ഥാപിച്ച പാർട്ടി.

എന്നാൽ സിപിഐ(എം)-ന്റെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിത ഇടതുപക്ഷം ഈ കർത്തവ്യത്തോട് മുഖംതിരിച്ചിരിക്കുന്നു. ബിജെപിയെ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തുന്നതുകൊണ്ടുമാത്രം ഫാസിസത്തെ ചെറുക്കാൻ കഴിയും എന്ന മട്ടിലാണ് അവർ പ്രവർത്തിക്കുന്നത്. അതിനാൽ തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാൻ വേണ്ടി അവർ തത്ത്വദീക്ഷയില്ലാത്തതും അവസരവാദപരവുമായ കൂട്ടുകെട്ടുകളുണ്ടാക്കുന്നു. വലതുപക്ഷപ്പാർട്ടികളെപ്പോലെതന്നെ, ജനങ്ങളുടെ മനസ്സിൽ അടിഞ്ഞുകിടക്കുന്ന ജാതിചിന്തയെയും മതവികാരത്തെയും മറ്റും കൗശലപൂർവ്വം ഉണർത്തി മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നു. സിപിഐ(എം) നേതാക്കളും പ്രവർത്തകരും ഗണേശോത്സവം, ശ്രീകൃഷ്ണജയന്തി തുടങ്ങിയ മതപരമായ പരിപാടികളുടെ സംഘാടകരായി രംഗത്തുവരുന്നതും, ക്ഷേത്രങ്ങളുടെയും മറ്റ് ആരാധനാലയങ്ങളുടെയും ഭരണസമിതികളിൽ കയറിപ്പറ്റാൻ ശ്രമിക്കുന്നതും, ഊട്ടുപുര ഉദ്ഘാടനവും ഹിന്ദുപാർലമെന്റിലെ പ്രസംഗവും പോലുള്ള പരിപാടികൾ മുതിർന്ന നേതാക്കൾ തന്നെ നടത്തുന്നതും, മതമേലദ്ധ്യക്ഷന്മാരെയും സാമുദായിക നേതാക്കന്മാരെയും പ്രീണിപ്പിച്ച് വോട്ട് നേടാൻ ശ്രമിക്കുന്നതും, ജാത്യടിസ്ഥാനത്തിലുള്ള സംഘടനകൾ പാർട്ടി തന്നെ നേരിട്ട് സംഘടിപ്പിക്കുന്നതുമൊക്കെ ഉദാഹരണങ്ങൾ. പക്ഷെ, ഇത്തരം ചെയ്തികൾ ആത്യന്തികമായി സമൂഹത്തിന്റെ ജനാധിപത്യവൽക്കരണപ്രക്രിയയെ പിന്നോട്ടടിക്കുകയും ഫാസിസ്റ്റുകൾക്കും മതമൗലികവാദി സംഘടനകൾക്കും വളംവയ്ക്കുകയുമാണ് ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല.

എന്നുമാത്രമല്ല, കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ആർഎസ്എസിന്റെ വളർച്ചയ്ക്ക് കളമൊരുക്കുന്നതിൽ സിപിഐ(എം) വലിയൊരു പങ്ക് വഹിച്ചിട്ടുണ്ടെന്നത് തർക്കമറ്റ സംഗതിയാണ്. ജനങ്ങൾക്കിടയിൽ നിർഭയമായ സംവാദങ്ങളുടെ അന്തരീക്ഷം നിലനിർത്തുകയെന്നത് ജനാധിപത്യ പുരോഗമന ആശയങ്ങളുടെ വളർച്ചയ്ക്ക് അനുപേക്ഷണീയമാണെന്ന കാര്യം ആ പാർട്ടി ഒരിക്കലും പരിഗണിച്ചിട്ടുള്ളതായി കാണുന്നില്ല. മറിച്ച് വ്യത്യസ്ത അഭിപ്രായഗതികളോട് തികഞ്ഞ അസഹിഷ്ണുത പുലർത്തുന്ന സമീപനമാണ് അവർ പലപ്പോഴും പ്രദർശിപ്പിക്കുന്നത്. മറ്റ് പാർട്ടികളിൽപ്പെടുന്നവരായാലും, സ്വന്തം പാർട്ടിയിൽപ്പെടുന്നവരായാലും ശരി, വ്യത്യസ്ത അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിന് അവർ തടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. എതിരഭിപ്രായങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുന്നതിന് പകരം, ആ അഭിപ്രായം പറയുന്നവരെ തേജോവധം ചെയ്യുകയോ, അവരുടെ അഭിപ്രായപ്രകടനത്തിന് കായികമായിപ്പോലും തടസ്സം സൃഷ്ടിക്കുകയോ ചെയ്യുന്നു. എന്തിന് രാഷ്ട്രീയഭിന്നതയുടെ പേരിൽ സാധാരണക്കാരെ കൊലപ്പെടുത്തുന്ന അനുഭവങ്ങൾ പോലും നിരവധിയുണ്ടായിട്ടുണ്ട്. ഇതെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന സാംസ്കാരികാന്തരീക്ഷം പുരോഗമനപ്രസ്ഥാനങ്ങളെയല്ല, പിന്തിരിപ്പൻ പ്രസ്ഥാനങ്ങളെയാണ് പുഷ്ടിപ്പെടുത്തുന്നതെന്ന് അവർ ഇനിയും തിരിച്ചറിഞ്ഞതായി കാണുന്നില്ല.

### സിപിഐ(എം)-ന്റെ ചെയ്തികളുടെ പേരിൽ മഹത്തായ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെ അവമതിക്കരുത്

നമ്മുടെ സംസ്ഥാനത്ത്, കാലങ്ങളായി ഇടതുപക്ഷ പ്രസ്ഥാനങ്ങളെ പിന്തുണച്ചുകൊണ്ടിരുന്ന ചില ജനവിഭാഗങ്ങൾ ബിജെപിയുടെ പാളയത്തിലേയ്ക്ക് നീങ്ങുന്നുവെന്നത് ആശങ്കാജനകമായ കാര്യമാണ്. സിപിഐ(എം) നയിക്കുന്ന വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ ചെയ്തികളോടുള്ള പ്രതിഷേധമാണ് ഈ കൂറുമാറ്റത്തിനുള്ള ഒരു കാരണം. അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളോടുള്ള ഞങ്ങളുടെ അഭ്യർത്ഥന സിപിഐ(എം)-ന്റെ ചെയ്തികളുടെ പേരിൽ കമ്മ്യൂണിസം എന്ന മഹനീയദർശനത്തെ അവമതിക്കരുത് എന്നാണ്. ശാസ്ത്രം മാത്രമാണ് സത്യാന്വേഷണത്തിൽ മനുഷ്യന് വിശ്വസിച്ച് ആശ്രയിക്കാവുന്ന ഉപാധി എന്ന് അംഗീകരിക്കുന്ന ശാസ്ത്രീയ തത്ത്വചിന്തയാണ് മാർക്സിസത്തിന്റെ അടിസ്ഥാനം. മനുഷ്യൻ മനുഷ്യന് മേൽ നടത്തുന്ന ചൂഷണവും മർദ്ദനവും അവസാനിപ്പിക്കാനുള്ള ചരിത്രപരമായ മാർഗ്ഗം കാട്ടുന്ന ഒരേയൊരു ദർശനം അതാണ്. മനുഷ്യരാശി ഇന്നോളം സൃഷ്ടിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ പ്രത്യയശാസ്ത്രം. നമ്മുടെ രാജ്യത്ത് അതിന്റെ വക്താക്കളായി പ്രത്യക്ഷപ്പെട്ടവർ യഥാർത്ഥത്തിൽ ആ മഹനീയ ദർശനം ഉൾക്കൊണ്ടവരായിരുന്നില്ല. സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, ഏതൊരു മഹനീയ ദർശനത്തിന്റെയും കാതലും പ്രാണനും അതിന്റെ സാംസ്കാരികവും ധാർമ്മികവും നൈതികവും സൗന്ദര്യാവബോധപരവുമായ ധാരണകളിലാണ് കുടികൊള്ളുന്നത്. ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പേരിൽ പ്രവർത്തനമാരംഭിച്ച അവിഭജിത സിപിഐ-യോ പിന്നീട് അതിൽ നിന്ന് പിളർന്നുണ്ടായ സിപി

*(ശേഷം 13-ാം പേജിൽ)*

## പ്രൊവാഷ് ഘോഷിന്റെ കൊൽക്കത്ത പത്രസമ്മേളനം

# തെരഞ്ഞെടുപ്പും ജനങ്ങളും

**അ**ഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാതെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സാഹചര്യത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ് ഫെബ്രുവരി 27-ാം തീയതി കൊൽക്കത്തയിൽ ഒരു പത്രസമ്മേളനം വിളിച്ചു കൂട്ടുകയുണ്ടായി. പശ്ചിമബംഗാൾ, കേരളം, തമിഴ്നാട്, അസ്സം എന്നീ സംസ്ഥാനങ്ങളിലാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മത്സരിക്കുന്നത്. സ്ഥാനാർത്ഥികളുടെ പട്ടിക പ്രഖ്യാപിച്ചതോടൊപ്പം ഇന്നത്തെ രാഷ്ട്രീയ പരിതഃസ്ഥിതിയെ സംബന്ധിച്ച ഒരു വിശകലനവും സഖാവ് പ്രവാഷ് ഘോഷ് പത്ര സമ്മേളനത്തിൽ നടത്തി. ഇന്ത്യയുടേതു പോലെയുള്ള ഒരു മുതലാളിത്ത വ്യവസ്ഥിതിയിൽ പാർലമെന്ററി തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യവും പരിമിതിയുമെന്ത്, ബൂർഷ്വാ പാർട്ടികളിൽ നിന്നും വ്യത്യസ്തമായി തൊഴിലാളി വർഗ്ഗ വിപ്ലവപാർട്ടി തെരഞ്ഞെടുപ്പുകളെ സമീപിക്കുന്നതെങ്ങനെ, തെരഞ്ഞെടുപ്പ് സഖ്യങ്ങൾ ഉണ്ടാക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്താകണം തുടങ്ങിയ വിഷയങ്ങളിൽ ആഴത്തിലുള്ള ഒരു വിശകലനം സഖാവ് പ്രവാഷ്ഘോഷ് നടത്തി. ആനുകാലിക രാഷ്ട്രീയ സംഭവങ്ങളെ, വിശിഷ്യാ, പശ്ചിമബംഗാൾ സംസ്ഥാന രാഷ്ട്രീയത്തെ ആധാരമാക്കി നടത്തിയ ചർച്ച തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തെ അതീവഗൗരവമായി കാണുന്നവരെ സംബന്ധിച്ചിടത്തോളം വളരെ ദിശാ സൂചകമാണ് എന്നതിനാൽ അസാധാരണമായ ആ പത്രസമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രതിപാദനം പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു.




**പത്രസമ്മേളനത്തിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്. സമീപം പശ്ചിമബംഗാൾ സംസ്ഥാനസെക്രട്ടറി സഖാവ് സൗമൻബോസ്**

**എ**സ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടി, നിയമസഭാ തെരഞ്ഞെടുപ്പു നടക്കുന്ന പുതുച്ചേരി അടക്കം അഞ്ചു സംസ്ഥാനങ്ങളിൽ നാലിടത്തും മൽസരിക്കുന്നുണ്ട്. തമിഴ്നാട്ടിൽ ഞങ്ങൾക്കു മൂന്നു സ്ഥാനാർത്ഥികളുണ്ട്. അവിടെ സിപിഐഎമ്മോ, സിപിഐയോ ഞങ്ങളുമായി യാതൊരു ഐക്യത്തിലും ഏർപ്പെട്ടിട്ടില്ല. അവരാകട്ടെ, ചില പ്രാദേശിക കക്ഷികളുമായി തെരഞ്ഞെടുപ്പു സഖ്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അസ്സമിൽ ഞങ്ങൾ 26 സീറ്റുകളിൽ മൽസരിക്കുന്നു. അതും ഒറ്റയ്ക്ക്. കേരളത്തിൽ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), ആർഎംപി, എംസിപിഐ(യു) എന്നീ കക്ഷികൾ ഉൾപ്പെട്ട ഒരു ഇടതു സമരമുന്നണി ഏതാനും നാളുകളായി നിലനിൽക്കുന്നു. അവിടെ, ഈ ഇടതുപക്ഷ ഐക്യമുന്നണിയുടെ ഭാഗമായി പാർട്ടി 12 ജില്ലകളിലായി 32 സ്ഥാനാർത്ഥികളെ മൽസരിപ്പിക്കുന്നു. പശ്ചിമബംഗാളിലാകട്ടെ എല്ലാ ജില്ലകളിലുമായി 189 മണ്ഡലങ്ങളിൽ പാർട്ടി മൽസരിക്കുന്നു. സിപിഐ (എംഎൽ) ലിബറേഷൻ ഞങ്ങളുമായി ചർച്ചകൾ നടത്തുന്ന ബംഗാളിൽ അവരുമായി ഒരു ധാരണയിലെത്താനാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സ്ഥാപകനും, മഹാനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളെ അടിസ്ഥാനമാക്കിയാണ് ഞങ്ങൾ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. ഒരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി എന്ന നിലയിൽ, ഏതു വിധേനയും തെരഞ്ഞെടുപ്പിൽ ജയിക്കുവാനോ, എങ്ങനെയും സീറ്റുകൾ വർദ്ധിപ്പിക്കുവാനോ ആയി, ഒരു തരത്തിലും തത്വദീക്ഷയില്ലാത്ത, അവസരവാദപരമായ, രാഷ്ട്രീയം ഞങ്ങൾ അനുവർത്തിച്ചിട്ടില്ല. കൂടുതൽ സീറ്റുകൾ നേടാനായി ഏതു പാർട്ടിയുമായും ഐക്യമുണ്ടാക്കാൻ ഞങ്ങൾ പോയിട്ടില്ല. തൊഴിലാളികളും കർഷകരും മദ്ധ്യവർഗ്ഗക്കാരുമായ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ രാജ്യമെമ്പാടും ബഹുജനപ്രക്ഷോഭം വളർത്തിയെടുക്കുവാനായി, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമെന്ന ലക്ഷ്യത്തെ മുൻനിർത്തി വിശ്രമമില്ലാതെ നിരന്തരം പ്രയത്നിക്കുകയാണ് ഞങ്ങളുടെ പാർട്ടി. നിലനിൽക്കുന്ന സാമൂഹ്യസാഹചര്യത്തിൽ തെരഞ്ഞെടുപ്പിലൂടെ ആരു സർക്കാർ ഉണ്ടാക്കിയാലും ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. ചൂഷണത്തിൽ അധിഷ്ഠിതമായ ഇന്നത്തെ മുതലാളിത്തസംവിധാനത്തെ വിപ്ലവത്തിലൂടെ പരിവർത്തനപ്പെടുത്തിയാലേ നാമെല്ലാം ആഗ്രഹിക്കുന്ന മോചനം സാധ്യമാകൂ. വിപ്ലവ പാർട്ടി എന്ന നിലയിൽ ചൂഷിതരായ ബഹുജനങ്ങളെ, സൈദ്ധാന്തികമായും രാഷ്ട്രീയമായും സംഘടനാപരമായും നൈതികമായും അതിനായി സജ്ജരാക്കാൻ സമയമെടുക്കും. എന്നാൽ കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പുകൾ നടക്കും. ശരിയായ രാഷ്ട്രീയ അവബോധമില്ലാത്ത ജനങ്ങൾ തെരഞ്ഞെടുപ്പുകളുടെ വലയിൽ കുടുങ്ങുകയും ചെയ്യും. തെരഞ്ഞെടുപ്പുകളുടെ വ്യാമോഹങ്ങളിൽ നിന്നും ജനങ്ങളെ മോചിപ്പിക്കാനായുള്ള പരിശ്രമമാണ് തെരഞ്ഞെടുപ്പുകളിൽ പങ്കെടുത്തുകൊണ്ട് ഞങ്ങൾ നടത്തുന്നത്. ചൂഷിതജനതയുടെ പ്രതിനിധികളായി ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ടാൽ, ജനങ്ങളുടെ ആവശ്യകതകളും യഥാർത്ഥ ബഹുജനപോരാട്ടങ്ങളുയർത്തുന്ന സന്ദേശങ്ങളും നിയമനിർമ്മാണസഭകൾക്കുള്ളിൽ ഞങ്ങൾ ഉയർത്തിപ്പിടിക്കുകയും പ്രതിദ്ധ്വനിപ്പിക്കുകയും ചെയ്യും. ഒപ്പം, തൊഴിലാളി വർഗ്ഗ പോരാട്ടങ്ങളും ബഹുജന്മുന്നേറ്റങ്ങളും ശക്തിപ്പെടുത്തുവാൻ അങ്ങേയറ്റം പരിശ്രമിക്കും. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വഴികാട്ടിയായ മഹാനായ ലെനിന്റെ പാഠമാണിത്. എന്നാൽ തൊഴിലാളിവർഗ്ഗ വിപ്ലവകാരികളോ, പൊരുതുന്ന ഇടതുപക്ഷമോ, തെരഞ്ഞെടുപ്പിലൂടെ ഭൂരിപക്ഷം നേടി, കേന്ദ്രത്തിലോ ഏതെങ്കിലും സംസ്ഥാനത്തോ സർക്കാർ രൂപീകരിക്കാനുള്ള സാധ്യത കൈവന്നാൽ എന്തു ചെയ്യണം? ലെനിന് ഈയൊരു ചോദ്യം നേരിടേണ്ടി വന്നിട്ടില്ല. അതുകൊണ്ടു തന്നെ അതിൽ അദ്ദേഹം മാർഗ്ഗനിർദ്ദേശം തന്നിട്ടില്ല. ലെനിന്റെ അർഹനായ ശിഷ്യനായ ശിബ്ദാസ് ഘോഷാണ്, 1967-ൽ ആദ്യ ഐക്യമുന്നണി സർക്കാർ ബംഗാളിൽ രൂപീകരിക്കുന്ന അവസരത്തിൽ ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകിയത്. അദ്ദേഹം പറഞ്ഞു, ഒരു യഥാർത്ഥ ഇടതുപക്ഷസർക്കാർ, (1) ബൂർഷ്വാസർക്കാരുകളിൽ നിന്നും വ്യത്യസ്തമായി, ന്യായമായ തൊഴിലാളി-കർഷക-മധ്യവർഗ്ഗ സമരങ്ങളെ പ്രോൽസാഹിപ്പിക്കുകയും, ക്രമസമാധാനത്തിന്റെ പേരിൽ പോലീസിനെ ഉപയോഗിച്ച് അവയെ അടിച്ചമർത്താതിരിക്കുകയും ചെയ്യും. (2) സംഘടിതരായ, അവബോധമുള്ള ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഭരണം നടത്തുകയും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം നിയന്ത്രിക്കുകയും ചെയ്യും. (3) അഴിമതിരഹിതവും നിഷ്പക്ഷവുമായ ഭരണം നിലനിർത്തുകയും, സർക്കാർ ധനം ജനക്ഷേമത്തിനും ബഹുജനങ്ങളിലെ ഏറ്റവും ദരിദ്രമായ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമായി വിനിയോഗിക്കുകയും ചെയ്യും. 1967-ൽ ആദ്യ ഐക്യമുന്നണി സർക്കാരിന്റെ രൂപീകരണസമയത്ത് സിപിഐഎമ്മും മറ്റുള്ളവരും ഞങ്ങളുടെ അഭിപ്രായം, വിശേഷിച്ചും ആദ്യത്തേത്, സ്വീകരിക്കാൻ വിസമ്മതിക്കുകയായിരുന്നു. എന്നാൽ ഞങ്ങളുടെ ശക്തമായ എതിർപ്പിനു മുന്നിൽ അവസാനം അവർക്കത് അംഗീകരിക്കേണ്ടി വന്നു. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടും ആ തത്വങ്ങൾ നടപ്പാക്കാനുള്ള ഓരോ ചുവടിലും അവർ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതേ തത്വങ്ങളാണ് ബംഗാളിൽ 1967നും 69നും ഇടയിൽ ജനകീയ മുന്നേറ്റങ്ങളുടെ വേലിയേറ്റം തന്നെ സൃഷ്ടിച്ചത്. ഐക്യമുന്നണി സർക്കാർ ജനസമരത്തിന്റെ ഉപകരണം എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു. എന്നാൽ 1977 മുതൽ, ദേശ-വിദേശ മൂലധനത്തെ പ്രീതിപ്പെടുത്താൻ വേണ്ടി മാത്രം ഭരിച്ച 34 വർഷത്തെ തുടർച്ചയായ ഇടതുമുന്നണി ഭരണത്തിന്റെ ഫലമായി, ഇടതുമുന്നണി ഭരണം ജനകീയ സമരങ്ങളെ അടിച്ചമർത്താനുള്ള ആയുധം എന്നു മുദ്രാവാക്യം മാറി. ഇപ്പോഴത്തെ തൃണമൂൽ സർക്കാരും ഇതേ രീതിയിൽ ആഭ്യന്തര-വിദേശ മൂലധനത്തിന്റെ താൽപ്പര്യങ്ങളെയാണ് സംരക്ഷിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ കോൺഗ്രസും ബിജെപിയും ഇതു തന്നെ ചെയ്യുന്നു.

കേന്ദ്രത്തിലോ സംസ്ഥാനത്തോ സർക്കാരുണ്ടാക്കാൻ ശ്രമിക്കുന്നവരെല്ലാം തന്നെ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് എന്ന് നിങ്ങൾക്കെല്ലാം അറിയാം. ഗരീബീ ഹഠാവോ, അച്ഛേ ദിൻ അങ്ങനെ എത്രയോ മുദ്രാവാക്യങ്ങൾ. ഈ മുദ്രാവാക്യങ്ങളിലൂടെ അവർ ജനത്തെ വീണ്ടും വീണ്ടും പറ്റിക്കുന്നു. വരും വർഷങ്ങളിൽ തീർത്തും നിരാശരാകുന്ന ജനം ഈ

(ശേഷം 6-ാം പേജിൽ)

**നിലനിൽക്കുന്ന സാമൂഹ്യസാഹചര്യത്തിൽ തെരഞ്ഞെടുപ്പിലൂടെ ആരു സർക്കാർ ഉണ്ടാക്കിയാലും ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. ചൂഷണത്തിൽ അധിഷ്ഠിതമായ ഇന്നത്തെ മുതലാളിത്തസംവിധാനത്തെ വിപ്ലവത്തിലൂടെ പരിവർത്തനപ്പെടുത്തിയാലേ നാമെല്ലാം ആഗ്രഹിക്കുന്ന മോചനം സാധ്യമാകൂ. വിപ്ലവ പാർട്ടി എന്ന നിലയിൽ ചൂഷിതരായ ബഹുജനങ്ങളെ, സൈദ്ധാന്തികമായും രാഷ്ട്രീയമായും സംഘടനാപരമായും നൈതികമായും അതിനായി സജ്ജരാക്കാൻ സമയമെടുക്കും. എന്നാൽ കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പുകൾ നടക്കും. ശരിയായ രാഷ്ട്രീയ അവബോധമില്ലാത്ത ജനങ്ങൾ തെരഞ്ഞെടുപ്പുകളുടെ വലയിൽ കുടുങ്ങുകയും ചെയ്യും. തെരഞ്ഞെടുപ്പുകളുടെ വ്യാമോഹങ്ങളിൽ നിന്നും ജനങ്ങളെ മോചിപ്പിക്കാനായുള്ള പരിശ്രമമാണ് തെരഞ്ഞെടുപ്പുകളിൽ പങ്കെടുത്തുകൊണ്ട് ഞങ്ങൾ നടത്തുന്നത്. ചൂഷിതജനതയുടെ പ്രതിനിധികളായി ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ടാൽ, ജനങ്ങളുടെ ആവശ്യകതകളും യഥാർത്ഥ ബഹുജനപോരാട്ടങ്ങളുയർത്തുന്ന സന്ദേശങ്ങളും നിയമനിർമ്മാണസഭകൾക്കുള്ളിൽ ഞങ്ങൾ ഉയർത്തിപ്പിടിക്കുകയും പ്രതിദ്ധ്വനിപ്പിക്കുകയും ചെയ്യും.**

**ഒരു യഥാർത്ഥ ഇടതുപക്ഷസർക്കാർ, (1) ബൂർഷ്വാ സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി, ന്യായമായ തൊഴിലാളി-കർഷക-മധ്യവർഗ്ഗ സമരങ്ങളെ പ്രോൽസാഹിപ്പിക്കുകയും, ക്രമസമാധാനത്തിന്റെ പേരിൽ പോലീസിനെ ഉപയോഗിച്ച് അവയെ അടിച്ചമർത്താതിരിക്കുകയും ചെയ്യും. (2) സംഘടിതരായ, അവബോധമുള്ള ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഭരണം നടത്തുകയും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം നിയന്ത്രിക്കുകയും ചെയ്യും. (3) അഴിമതിരഹിതവും നിഷ്പക്ഷവുമായ ഭരണം നിലനിർത്തുകയും, സർക്കാർ ധനം ജനക്ഷേമത്തിനും ബഹുജനങ്ങളിലെ ഏറ്റവും ദരിദ്രമായ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമായി വിനിയോഗിക്കുകയും ചെയ്യും. 1967-ൽ ആദ്യ ഐക്യമുന്നണി സർക്കാരിന്റെ രൂപീകരണസമയത്ത് സിപിഐഎമ്മും മറ്റുള്ളവരും ഞങ്ങളുടെ അഭിപ്രായം, വിശേഷിച്ചും ആദ്യത്തേത്, സ്വീകരിക്കാൻ വിസമ്മതിക്കുകയായിരുന്നു. എന്നാൽ ഞങ്ങളുടെ ശക്തമായ എതിർപ്പിനു മുന്നിൽ അവസാനം അവർക്കത് അംഗീകരിക്കേണ്ടി വന്നു. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടും ആ തത്വങ്ങൾ നടപ്പാക്കാനുള്ള ഓരോ ചുവടിലും അവർ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതേ തത്വങ്ങളാണ് ബംഗാളിൽ 1967നും 69നും ഇടയിൽ ജനകീയമുന്നേറ്റങ്ങളുടെ വേലിയേറ്റം തന്നെ സൃഷ്ടിച്ചത്. ഐക്യമുന്നണി സർക്കാർ ജനസമരത്തിന്റെ ഉപകരണം എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു.**

# തൊഴിലാളിവർഗ്ഗപ്പാർട്ടി തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതെന്തിന്?

*(5-ാം പേജിൽ നിന്ന്)*

മുദ്രാവാക്യങ്ങൾ വോട്ട് നേടാനുള്ള പൊള്ളത്തരമായിരുന്നു എന്ന് തിരിച്ചറിയും. എന്നാൽ ഈ പാർട്ടികളുടെ വർഗ്ഗസ്വഭാവം മനസ്സിലാക്കുകയാണെങ്കിൽ, ഇതൊക്കെ അവരുടെ സ്വാഭാവിക സ്വഭാവമാണെന്നു തിരിച്ചറിയാൻ നമുക്കു കഴിയും.

**പാർലമെന്റ് ഉണ്ട്, ജനാധിപത്യം ഇല്ല**

ജന്മിത്ത രാജാധികാരങ്ങളെ കടപുഴക്കി പാർലമെന്ററി ജനാധിപത്യം ചരിത്രത്തിൽ ഉയർന്നു വന്നപ്പോൾ, അതിന്റെ നായകരായി വന്ന വളരുന്ന മുതലാളിത്തം, തങ്ങളുടെ ലക്ഷ്യമായി പറഞ്ഞത്, 'ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടിയുള്ള, ജനങ്ങളുടെ ഭരണസംവിധാനം' എന്നാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ തത്വങ്ങൾ ഉയർത്തിപ്പിടിക്കുമെന്നും അവർ ഉദ്ഘോഷിച്ചു. ആ കാലത്ത്, ഈ തത്വങ്ങൾ കുറേയൊക്കെ അവർ പ്രാവർത്തികമാക്കുകയും ചെയ്തു. എന്നാൽ കാലം കടന്നുപോയപ്പോൾ, ഈ പ്രഖ്യാപിത തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം വർദ്ധിക്കുകയും, പിൽക്കാലത്ത് എല്ലാം വരണ്ട വാക്കുകൾ മാത്രമായി അവശേഷിക്കുകയും ചെയ്തു. വാസ്തവത്തിൽ ഇന്നീ മുതലാളിത്ത ലോകത്ത് ഒരിടത്തും ഒരു രീതിയിലും അവ അൽപ്പം പോലും അവശേഷിക്കുന്നില്ല. പാർലമെന്റുകളുണ്ട്, എന്നാൽ ജനാധിപത്യം ഒഴിഞ്ഞിരിക്കുന്നു. ഞെട്ടിക്കുന്ന യാഥാർത്ഥ്യം വോട്ടുകൾ ഇന്ന് ജനവിധി പ്രതിഫലിപ്പിക്കുന്നില്ല എന്നതാണ്. തെരഞ്ഞെടുപ്പു വിധികൾ ധനശക്തിയുടേയും വ്യവസായലോകത്തിന്റെയും കൽപ്പനകൾ ആകുന്നു. ആരു സർക്കാർ രൂപീകരിക്കണം ആരു പ്രധാനപ്രതിപക്ഷമാകണം എന്ന് അവർ തീരുമാനിക്കുന്നു. അധികാരത്തിലേറുന്നവരാകട്ടെ, മുതലാളിത്തത്തിന്റെ കൂലിവേലക്കാരെപ്പോലെ ഭരണം നടത്തുന്നു. ചിലപ്പോൾ അവരെ അധികാരത്തിൽ അവരോധിക്കുന്നു. മറ്റുചിലപ്പോൾ അവരെ അധികാരത്തിൽ നിന്നിറക്കി മറ്റാരെയെങ്കിലും അധികാരത്തിലേറ്റുന്നു. ബൂർഷ്വാ ലോകത്തൊന്നാകെ ഇതു തന്നെയാണ് ആവർത്തിച്ചു നടപ്പാകുന്നത്. നമ്മുടെ രാജ്യവും ഇതിനൊരപവാദമല്ല. മുതലാളിത്തം ഉയർന്നു വന്ന നാളുകളിൽ നിരവധി ചെറുകിട മുതലാളിമാരാണുണ്ടായിരുന്നത്. അത് മൂലധന വൈവിദ്ധ്യത്തിന്റേതായ കാലഘട്ടമായിരുന്നു. അപ്പോൾ അനവധിയായ ചെറുകിട മൂലധനത്തിന്റെ വിവിധങ്ങളായ താൽപ്പര്യങ്ങൾക്കുതകുന്ന രീതിയിൽ ബഹുകക്ഷി ജനാധിപത്യം അന്ന് നിലനിന്നുപോന്നു. പിന്നീട്, വളരെയധികം ചെറുകിട മൂലധനങ്ങളെ വിഴുങ്ങിക്കൊണ്ട് ഏതാനും കുത്തകകൾ ഉയർന്നു വന്നു. അതിന്റെ ഫലമായി ഇന്നു വാസ്തവത്തിൽ ബഹുകക്ഷി ജനാധിപത്യം നിലവിലില്ല എന്നു പറയാം. ബഹുകക്ഷി ജനാധിപത്യത്തിനു പകരം ദ്വികക്ഷി ജനാധിപത്യമാണിന്നു നിലവിലുള്ളത്. ഓർക്കുക, സാമ്രാജ്യത്വം ഒരിക്കൽ കോളനികളെ കൈയ്യടക്കുകയും കൊള്ളയടിക്കുകയും ചെയ്തതും പാർലമെന്ററി ജനാധിപത്യത്തിന്റെ കൊടിക്കൂറ വീശിക്കൊണ്ടാണ്. രണ്ടു വട്ടമാണ് സർവ്വനാശകാരിയായ ലോകയുദ്ധങ്ങൾ അവർ ആളിക്കത്തിച്ചത്. ഇറാഖിന്റെയും അഫ്ഗാനിസ്ഥാന്റെയും സിറിയയുടെയും സ്വാതന്ത്ര്യവും പരമാധികാരവും അവർ കൈയടക്കിയതും ഈ അടുത്ത കാലത്താണ്. മതമൗലികവാദത്തിലൂന്നിയ പ്രാദേശികയുദ്ധങ്ങൾ അവർ ആസൂത്രണം ചെയ്യുന്നു. ഇന്നത്തെ ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിന്റെ അവസ്ഥ ഇതാണ്. അപ്പോൾ, പാർലമെന്ററി ജനാധിപത്യത്തിന്റെ സ്ഥാനത്ത് പാർലമെന്ററി ഫാസിസ്റ്റ് ഏകാധിപത്യമാണ് നിലവിലിരിക്കുന്നത്. ദേശഭക്തിയുടെയും ദേശീയതയുടേയും പേരിലുള്ള കോലാഹലങ്ങൾ നമ്മുടെ രാജ്യത്തും ഇപ്പോൾ അരങ്ങേറുകയാണ്. രണ്ടു പ്രമുഖ ബൂർഷ്വാ പാർട്ടികളായ ബിജെപിയും കോൺഗ്രസും തമ്മിൽ ഇന്ന്, ആരാണ് കൂടുതൽ വലിയ രാജ്യസ്നേഹി എന്നകാര്യത്തിൽ പരസ്പരം വെല്ലുവിളിക്കുകയാണല്ലോ. രാജ്യമെന്നത് കേവലം മണ്ണും മരങ്ങളും പുഴകളും മാത്രമല്ല മനുഷ്യർ കൂടിയാണെങ്കിൽ, ഈ പാർട്ടികൾ ജനങ്ങളോട് എന്തെങ്കിലും ആത്മാർത്ഥതയോ, കരുതലോ കരുണയോ കാണിക്കുന്നുണ്ടോ? വാസ്തവത്തിൽ മന്ത്രിക്കസേരകൾക്കായുള്ള ഔത്സുക്യത്തിനപ്പുറം ഒന്നുമല്ല അവരുടെ രാജ്യസ്നേഹം. അവരുടെ സ്നേഹവാത്സല്യങ്ങളെല്ലാം തന്നെ അവരുടെ യജമാനന്മാരായ വൻകിട വ്യവസായികളോടാണ്. കോൺഗ്രസും ബിജെപിയും അത് പലവട്ടം തെളിയിച്ചു കഴിഞ്ഞു. 1947 മുതൽ 1977 വരെ തുടർച്ചയായി കോൺഗ്രസ് കേന്ദ്രത്തിൽ അധികാരത്തിലിരുന്നു. ദേശീയ ബൂർഷ്വാസി എന്ന ചൂഷകരുടെ ഭരണമായിരുന്നു കോൺഗ്രസ് ഭരണം. ആഭ്യന്തര-വിദേശ മൂലധനത്തിന്റെ അറുതിയില്ലാത്ത കൊള്ളക്കും ചൂഷണത്തിനും വഴിയൊരുക്കിയത് കോൺഗ്രസ് ഭരണമായിരുന്നു. ബിജെപി എപ്പോഴൊക്കെ എവിടൊക്കെ അധികാരത്തിലിരുന്നിട്ടുണ്ടോ, അവരും ഇതേ പാത തന്നെ പിന്തുടർന്നു. ഇപ്പോഴും അതേ മുതലാളിത്ത അനുകൂല നയങ്ങൾ അവർ പിന്തുടരുന്നു. പട്ടിണിക്കാരായ, പാപ്പരാക്കപ്പെട്ട ദശലക്ഷങ്ങളോട് അവർക്ക് എന്തെങ്കിലും കരുതലുണ്ടോ? ഈ നിസ്സഹായരായ അടിച്ചമർത്തപ്പെടുന്ന ജനങ്ങളോട് അവർക്ക് എന്തെങ്കിലും സഹാനുഭൂതി ഉണ്ടോ?

**വാസ്തവത്തിൽ ഇന്നീ മുതലാളിത്ത ലോകത്ത് ഒരിടത്തും ഒരു രീതിയിലും ജനാധിപത്യതത്വങ്ങൾ അൽപ്പം പോലും അവശേഷിക്കുന്നില്ല. പാർലമെന്റുകളുണ്ട്, എന്നാൽ ജനാധിപത്യം ഒഴിഞ്ഞിരിക്കുന്നു. ഞെട്ടിക്കുന്ന യാഥാർത്ഥ്യം വോട്ടുകൾ ഇന്ന് ജനവിധി പ്രതിഫലിപ്പിക്കുന്നില്ല എന്നതാണ്. തെരഞ്ഞെടുപ്പു വിധികൾ ധനശക്തിയുടേയും വ്യവസായലോകത്തിന്റെയും കൽപ്പനകൾ ആകുന്നു. ആരു സർക്കാർ രൂപീകരിക്കണം ആരു പ്രധാനപ്രതിപക്ഷമാകണം എന്ന് അവർ തീരുമാനിക്കുന്നു. അധികാരത്തിലേറുന്നവരാകട്ടെ, മുതലാളിത്തത്തിന്റെ കൂലിവേലക്കാരെപ്പോലെ ഭരണം നടത്തുന്നു. ചിലപ്പോൾ അവരെ അധികാരത്തിൽ അവരോധിക്കുന്നു. മറ്റുചിലപ്പോൾ അവരെ അധികാരത്തിൽ നിന്നിറക്കി മറ്റാരെയെങ്കിലും അധികാരത്തിലേറ്റുന്നു. ബൂർഷ്വാ ലോകത്തൊന്നാകെ ഇതു തന്നെയാണ് ആവർത്തിച്ചു നടപ്പാകുന്നത്. നമ്മുടെ രാജ്യവും ഇതിനൊരപവാദമല്ല.**

**ദേശഭക്തിയുടെയും ദേശീയതയുടേയും പേരിലുള്ള കോലാഹലങ്ങൾ നമ്മുടെ രാജ്യത്തും ഇപ്പോൾ അരങ്ങേറുകയാണ്. രണ്ടു പ്രമുഖ ബൂർഷ്വാ പാർട്ടികളായ ബിജെപിയും കോൺഗ്രസും തമ്മിൽ ഇന്ന്, ആരാണ് കൂടുതൽ വലിയ രാജ്യസ്നേഹി എന്നകാര്യത്തിൽ പരസ്പരം വെല്ലുവിളിക്കുകയാണല്ലോ. രാജ്യമെന്നത് കേവലം മണ്ണും മരങ്ങളും പുഴകളും മാത്രമല്ല മനുഷ്യർ കൂടിയാണെങ്കിൽ, ഈ പാർട്ടികൾ ജനങ്ങളോട് എന്തെങ്കിലും ആത്മാർത്ഥതയോ, കരുതലോ കരുണയോ കാണിക്കുന്നുണ്ടോ? വാസ്തവത്തിൽ മന്ത്രിക്കസേരകൾക്കായുള്ള ഔത്സുക്യത്തിനപ്പുറം ഒന്നുമല്ല അവരുടെ രാജ്യസ്നേഹം. അവരുടെ സ്നേഹവാത്സല്യങ്ങളെല്ലാം തന്നെ അവരുടെ യജമാനന്മാരായ വൻകിട വ്യവസായികളോടാണ്. കോൺഗ്രസും ബിജെപിയും അത് പലവട്ടം തെളിയിച്ചു കഴിഞ്ഞു. 1947 മുതൽ 1977 വരെ തുടർച്ചയായി കോൺഗ്രസ് കേന്ദ്രത്തിൽ അധികാരത്തിലിരുന്നു. ദേശീയ ബൂർഷ്വാസി എന്ന ചൂഷകരുടെ ഭരണമായിരുന്നു കോൺഗ്രസ് ഭരണം. ആഭ്യന്തര-വിദേശ മൂലധനത്തിന്റെ അറുതിയില്ലാത്ത കൊള്ളക്കും ചൂഷണത്തിനും വഴിയൊരുക്കിയത് കോൺഗ്രസ് ഭരണമായിരുന്നു. ബിജെപി എപ്പോഴൊക്കെ എവിടൊക്കെ അധികാരത്തിലിരുന്നിട്ടുണ്ടോ, അവരും ഇതേ പാത തന്നെ പിന്തുടർന്നു. ഇപ്പോഴും അതേ മുതലാളിത്ത അനുകൂല നയങ്ങൾ അവർ പിന്തുടരുന്നു. പട്ടിണിക്കാരായ, പാപ്പരാക്കപ്പെട്ട ദശലക്ഷങ്ങളോട് അവർക്ക് എന്തെങ്കിലും കരുതലുണ്ടോ? ഈ നിസ്സഹായരായ അടിച്ചമർത്തപ്പെടുന്ന ജനങ്ങളോട് അവർക്ക് എന്തെങ്കിലും സഹാനുഭൂതി ഉണ്ടോ?**

രാജ്യം അതിരൂക്ഷമായ പ്രതിസന്ധിയുടെ പിടിയിലാണ് ഇന്ന്. ദശലക്ഷങ്ങൾ തൊഴിൽ രഹിതരോ അർദ്ധ തൊഴിലുകാരോ ആണ്. കഴിഞ്ഞ വർഷം വന്ന ഒരു വാർത്ത ശ്രദ്ധിക്കുക. ഉത്തർപ്രദേശിൽ കേവലം 368 പ്യൂൺ പോസ്റ്റിന്റെ ഒഴിവുകളിലേക്ക് 255 പിഎച്ച്ഡിക്കാരും 25000 ബിരുദാനന്തര ബിരുദധാരികളും അടക്കം 23 ലക്ഷം അപേക്ഷകരാണ് ഉണ്ടായിരുന്നത്. ഇതൊരു സംസ്ഥാനത്തെ മാത്രം സ്ഥിതിയാണ്. ഈ വാർത്തയുടെ വെളിച്ചത്തിൽ മറ്റു സംസ്ഥാനങ്ങളിലെ നിലനിൽക്കുന്ന തൊഴിൽരാഹിത്യത്തിന്റെ അവസ്ഥ പരിശോധിച്ചു നോക്കു. ഇതാണ് ഉന്നത ബിരുദധാരികളുടെ അവസ്ഥ. ബിരുദമില്ലാത്തവരുടെ അവസ്ഥയെക്കുറിച്ച് ആര് അന്വേഷിക്കുന്നു. രാജ്യത്തിന് അകത്തും പുറത്തും അവിടെയും ഇവിടെയുമെല്ലാം ജോലിക്കായി ഭ്രാന്തമായി അലയുകയാണ് കോടിക്കണക്കിനു തൊഴിൽരഹിതർ. നിരക്ഷരരായ ഗ്രാമീണപെൺകുട്ടികൾ പോലും തൊഴിലിനായി അലയുന്നു. നിസ്സഹായരായ ദരിദ്ര മാതാപിതാക്കൾ കുടുംബത്തെ പട്ടിണിയിൽ നിന്നും രക്ഷപെടുത്താനായി പെൺമക്കളെ വിൽക്കുന്നു. മാംസവ്യാപാരത്തിലെ ഉൽപ്പന്നങ്ങളാകുകയാണ് ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികൾ. തൊഴിൽ നഷ്ടമായ ആയിരക്കണക്കിനു തൊഴിലാളികളും കടം കയറിയ കർഷകരും ആത്മഹത്യ ചെയ്യുകയാണ്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം, 1995നും 2012നും ഇടയിൽ 3,08,798 കർഷകരാണ് ആത്മഹത്യ ചെയ്തത്. ഓരോ കൊല്ലവും വരൾച്ച അല്ലെങ്കിൽ പ്രളയം കാർഷികമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഒപ്പം അവശ്യവസ്തുക്കളുടെ വില, ഗതാഗതനിരക്കുകൾ, വിദ്യാഭ്യാസത്തിനും ചികിത്സക്കുമുള്ള ചെലവ് എല്ലാം ഉയർന്നുകൊണ്ടേ ഇരിക്കുന്നു. ഇതാണ് നമുക്കുമേൽ വന്ന വികസനം. എവിടെയാണ് വ്യവസായ വളർച്ച? മുതലാളിത്ത ലോകത്തൊന്നാകെ കമ്പോള പ്രതിസന്ധി പിടി മുറുക്കിയിരിക്കുന്നു. കമ്പോള സമ്പദ്‌വ്യവസ്ഥക്കു കമ്പോളമില്ലാതായിരിക്കുന്നു. കമ്പോളത്തിലെ ആവശ്യകത എന്നത് ജനത്തിന്റെ വാങ്ങൽശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങൾക്കു വരുമാനമില്ലെങ്കിൽ അവർക്ക് ക്രയശേഷി എങ്ങനെയുണ്ടാകും? ഫലമോ ആയിരക്കണക്കിനു വ്യവസായങ്ങൾ അടച്ചുപൂട്ടപ്പെടുന്നു. കോടിക്കണക്കിനു തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടുന്നു. പൊതുമേഖലയിലാകട്ടെ സ്വകാര്യമേഖലയിലാകട്ടെ, സ്ഥിരം നിയമനം ഏകദേശം അവസാനിച്ചിരിക്കുന്നു. എല്ലായിടത്തും കരാർ തൊഴിലാളികളെ നിയമിക്കാനോ, കരാറുകാർക്കുള്ള താൽക്കാലിക നിയമനത്തിനോ ആണ് പ്രാമുഖ്യം. നൂറു തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിടാൻ നേരത്തേ സർക്കാർ അനുമതി വേണമായിരുന്നു. പുതുക്കിയ വിജ്ഞാപനപ്രകാരം, 300 തൊഴിലാളികൾ വരെയുള്ള സ്ഥാപനങ്ങൾക്ക് അങ്ങനെ അനുമതി വേണ്ട. ഇതേത്തുടർന്ന് വിവിധ സംസ്ഥാനസർക്കാരുകൾ ഇത്തരം നിയമനിർമ്മാണങ്ങൾക്ക് മുൻകൈയ്യെടുക്കുകയാണ്. ഒരു കേന്ദ്രനിയമവും തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇനി തങ്ങളുടെ ഇഷ്ടത്തിന് തൊഴിലാളികളെ പിരിച്ചുവിടാനും ലേഓഫ് പ്രഖ്യാപിക്കാനും, സ്ഥാപനം അടച്ചുപൂട്ടാനും, ഉടമസ്ഥർക്കു സ്വാതന്ത്ര്യം ലഭിക്കും. പിരിച്ചുവിടുമെന്ന ഭീതിയിൽ വേതനവർദ്ധനവ് ആവശ്യപ്പെടാൻ പോലും ദരിദ്രരാകുന്ന തൊഴിലാളികൾ മടിക്കും. ബിജെപി കൊട്ടിഘോഷിക്കുന്ന 'മേക്ക് ഇൻ ഇന്ത്യ'യുടെ യാഥാർത്ഥ്യം ഇതാണ്. ഇങ്ങനെയാണ് അവർ ഇന്ത്യയെ നിർമ്മിക്കുന്നത്. ഇതാണ് അവരുടെ നല്ല ദിവസങ്ങൾ. സർക്കാർ ആശുപത്രികൾ മൊത്തമായി തന്നെ സ്വകാര്യ മേഖലക്കു കൈമാറുന്നു. ഭൂരിപക്ഷം ആശുപത്രികളിലും മതിയായ ഡോക്ടർമാരോ അടിസ്ഥാനസൗകര്യങ്ങളോ, മരുന്നുകളോ ചികിത്സാസൗകര്യങ്ങളോ ഇല്ല. മരുന്നുകൾക്ക് അതിഭീമമായി വില വർദ്ധിച്ചിരിക്കുന്നു. നേരത്തേ ജീവൻരക്ഷാ മരുന്നുകളുടെ വിലനിയന്ത്രണം സർക്കാർ നിർവ്വഹിച്ചിരുന്നു. ഇപ്പോൾ ആ നിയന്ത്രണം എടുത്തു കളഞ്ഞിരിക്കുന്നു. പിന്നെങ്ങനെ സാധാരണ ജനങ്ങൾ ജീവിതം നിലനിർത്തും? രോഗികൾ മാത്രമല്ല, ചികിത്സയുടെ വർദ്ധിച്ച ചെലവു താങ്ങാനാകാതെ അവരുടെ കുടുംബങ്ങൾ തന്നെ തകരുകയാണ്. വിദ്യാഭ്യാസരംഗം സ്വകാര്യവൽക്കരണത്തിന്റെ കൂത്തരങ്ങാകുന്നു. അവിടെയും ചിലവ് നിയന്ത്രണമില്ലാതെ കുതിച്ചുയരുന്നു. അതേ സമയം, വിദ്യാഭ്യാസത്തിനും ആരോഗ്യമേഖലക്കുമുള്ള ബജറ്റ് വിഹിതം വെട്ടിക്കുറക്കുന്നു. പ്രതിരോധബജറ്റു മാത്രം വർദ്ധിക്കുന്നു. 555346 കോടിയുടെ കമ്മിയുള്ള ബജറ്റാണ് ബിജെപിയുടെ കേന്ദ്രസർക്കാർ അവതരിപ്പിക്കുന്നത്. സർക്കാരിന്റെ ആഭ്യന്തര-വിദേശ കടമെടുപ്പ് 6894000 കോടി രൂപ കടക്കുന്നു. ഇതേ സർക്കാർ തന്നെ 502852 കോടി രൂപയുടെ ഇളവുകൾ വ്യവസായികൾക്കായി നൽകുന്നു. 600000 കോടിയോളം കിട്ടാക്കടമാണ് വമ്പൻ വ്യവസായികൾ വരുത്തിയിട്ടുള്ളത്. ഓരോ വർഷവും 28 ലക്ഷം കോടിയോളം കള്ളപ്പണമാണ് രാജ്യത്ത് ഉണ്ടാകുന്നത്. പശ്ചിമബംഗാളിൽ മുൻ ഇടതു സർക്കാർ വമ്പിച്ച കടബാദ്ധ്യത ഉണ്ടാക്കിയിരുന്നു. ഇപ്പോളത്തെ തൃണമൂൽ ഭരണത്തിനു കീഴിൽ അത് 335000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇതു മൂലം പ്രതിവർഷം 30000 കോടി രൂപ പലിശയിനത്തിൽ മാത്രം സർക്കാരിനു ചെലവു വരുന്നു. ഇതെല്ലാം പൊതു പണമാണ്. ഇത് കൂടുതൽ നികുതി വർദ്ധനവിലേക്കും വിലവർദ്ധനവിലേക്കും നയിക്കും. ഇതൊക്കെയാണ് ഭരിക്കുന്ന പാർട്ടികളുടെ രാജ്യസ്നേഹം.

**സ്വാതന്ത്ര്യസമരത്തെ എതിർത്തിരുന്ന ആർഎസ്എസ്**

ആർഎസ്എസ് ഒരിക്കലും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരേയുള്ള സ്വാതന്ത്ര്യസമരത്തെ കേന്ദ്രമാക്കി ഉയർന്നു വന്ന ദേശീയബോധത്തെ പിന്തിരിപ്പനായാണ് ആർഎസ്എസ് സ്ഥാപക സൈദ്ധാന്തികരിൽ ഒരാളായ ഗോൾവാൾക്കർ വിലയിരുത്തിയത്. ഹിന്ദുമതത്തിൽ അടിയുറച്ചതല്ലാത്തതു കൊണ്ട് അദ്ദേഹം സ്വാതന്ത്ര്യസമരത്തെ അംഗീകരിച്ചില്ല. എന്നു വെച്ചാൽ, ദേശബന്ധു ചിത്തരഞ്ജൻ ദാസ്, സുഭാഷ് ചന്ദ്രബോസ്, ലാലാ ലജ്പത് റായ്, ബാലഗംഗാധർ തിലക്, ഭഗത് സിംഗ്, ഖുദിറാം, സുബ്രഹ്മണ്യഭാരതി തുടങ്ങിയ ആദരണീയരായ സ്വാതന്ത്ര്യസമര സേനാനികൾ രാജ്യസ്നേഹികൾ അല്ലെന്നാണർത്ഥം. സ്വാതന്ത്ര്യസമരത്തിൽ ആർഎസ്എസ് നേതാക്കളുടെ പങ്ക് എന്തായിരുന്നു. എപ്പോഴെങ്കിലും അവർ ജയിൽവാസം അനുഭവിച്ചോ, ബ്രിട്ടീഷ് പോലീസുകാരാൽ ആക്രമിക്കപ്പെട്ടോ? ഇത്തരം ചരിത്രമുള്ള സംഘടനയാണ് ഇപ്പോൾ ദേശസ്നേഹത്തിനായി പടവാളെടുക്കുന്നത്. മതത്തിനു മേൽ അടിയുറച്ച രാജാധികാരത്തെ തകർത്തെറിഞ്ഞ് ജനാധിപത്യ റിപ്പബ്ലിക് സ്ഥാപിക്കുവാനുള്ള ചരിത്രപരമായ ആവശ്യകതയിന്മേലുള്ള യൂറോപ്യൻ നവോത്ഥാനത്തിന്റെ കാലത്താണ് മതേതരത്വം എന്ന സങ്കൽപ്പം ഉയർന്നു വന്നത്. രാഷ്ട്രീയമായി, രാജ്യഭരണം, രാഷ്ട്രീയപ്രവർത്തനം, സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങൾ എന്നിവ മതത്തിന്റെ സ്വാധീനത്തിൽ നിന്നും പൂർണ്ണമായും മുക്തമായിരിക്കണം എന്ന കാഴ്ചപ്പാടാണ് മതേതരത്വം ഉയർത്തിപ്പിടിക്കുന്നത്. രാഷ്ട്രം മതത്തെ പ്രോൽസാഹിപ്പിക്കുകയോ, മതകാര്യങ്ങളിൽ ഇടപെടുകയോ പാടില്ല. മതം തികച്ചും വ്യക്തിപരമായ വിശ്വാസം മാത്രമാകും.

*(ശേഷം 7-ാം പേജിൽ)*

# ഏതുവിധേനയും സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനായി തത്വദീക്ഷയില്ലാത്ത കൂട്ടുകെട്ടുണ്ടാക്കുന്നത് തൊഴിലാളി വർഗ്ഗ രാഷ്ട്രീയമല്ല.

*(6-ാം പേജിൽ നിന്ന്)*

മതാചാരങ്ങൾ അനുഷ്ഠിക്കുന്നതും അനുഷ്ഠിക്കാതിരിക്കുന്നതും തികച്ചും സ്വകാര്യമായ കാര്യമായിരിക്കും. ദേശീയ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഗാന്ധി നേതൃത്വം ഇതു പാലിച്ചിരുന്നില്ല. ഇന്ത്യൻ ദേശീയ മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം, കോൺഗ്രസിന്റെ വിപ്ലവവിരുദ്ധ-അനുരഞ്ജക നേതൃത്വം മതാധിഷ്ഠിത ദേശീയതയാണ് പുലർത്തിയിരുന്നത്-അതുതന്നെ അന്നു നിലനിന്ന സാമൂഹികഘടനയിൽ അധിഷ്ഠിതമായ സവർണ്ണഹിന്ദു മതാധിഷ്ഠിത ദേശീയത. ഈ കാരണം കൊണ്ട്, രാജ്യത്തെ മുസ്ലിം ജനസംഖ്യയിൽ വലിയൊരു വിഭാഗത്തെ സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞില്ല. താണജാതിക്കാരായ ഹിന്ദുക്കളും സ്വാതന്ത്ര്യസമരത്തിൽ അന്യവൽക്കരിക്കപ്പെട്ടു. ഇതിന്റെ തുടർച്ചയായാണ് രാജ്യം മതത്തിന്റെ പേരിൽ വിഭജിക്കപ്പെട്ടത്. നേതാജി സുഭാഷ്ചന്ദ്രബോസ് ഈ മതാധിഷ്ഠിത ദേശീയതയെ ശക്തമായി എതിർത്തു. യഥാർത്ഥ മതേതരത്വം ഉയർത്തിപ്പിടിച്ചുകൊണ്ട്, മതത്തെ രാഷ്ട്രീയത്തിനു പുറത്തു നിർത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മതം ഒരാളുടെ വ്യക്തിപരമായ കാര്യമായിരിക്കണം. രാഷ്ട്രീയം, സാമ്പത്തികവും രാഷ്ട്രീയപരവും ശാസ്ത്രീയവുമായ യുക്തിയാൽ നയിക്കപ്പെടണം.

**രാഷ്ട്രീയമായി, രാജ്യഭരണം, രാഷ്ട്രീയപ്രവർത്തനം, സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങൾ എന്നിവ മതത്തിന്റെ സ്വാധീനത്തിൽ നിന്നും പൂർണ്ണമായും മുക്തമായിരിക്കണം എന്ന കാഴ്ചപ്പാടാണ് മതേതരത്വം ഉയർത്തിപ്പിടിക്കുന്നത്. രാഷ്ട്രം മതത്തെ പ്രോൽസാഹിപ്പിക്കുകയോ, മതകാര്യങ്ങളിൽ ഇടപെടുകയോ പാടില്ല. മതം തികച്ചും വ്യക്തിപരമായ വിശ്വാസം മാത്രമാകും. മതാചാരങ്ങൾ അനുഷ്ഠിക്കുന്നതും അനുഷ്ഠിക്കാതിരിക്കുന്നതും തികച്ചും സ്വകാര്യമായ കാര്യമായിരിക്കും. ദേശീയ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഗാന്ധി നേതൃത്വം ഇതു പാലിച്ചിരുന്നില്ല. ഇന്ത്യൻ ദേശീയ മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം, കോൺഗ്രസിന്റെ വിപ്ലവവിരുദ്ധ-അനുരഞ്ജക നേതൃത്വം മതാധിഷ്ഠിത ദേശീയതയാണ് പുലർത്തിയിരുന്നത്- അതുതന്നെ അന്നു നിലനിന്ന സാമൂഹികഘടനയിൽ അധിഷ്ഠിതമായ സവർണ്ണഹിന്ദു മതാധിഷ്ഠിത ദേശീയത. ഈ കാരണം കൊണ്ട്, രാജ്യത്തെ മുസ്ലിം ജനസംഖ്യയിൽ വലിയൊരു വിഭാഗത്തെ സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞില്ല. താണജാതിക്കാരായ ഹിന്ദുക്കളും സ്വാതന്ത്ര്യസമരത്തിൽ അന്യവൽക്കരിക്കപ്പെട്ടു. ഇതിന്റെ തുടർച്ചയായാണ് രാജ്യം മതത്തിന്റെ പേരിൽ വിഭജിക്കപ്പെട്ടത്.**

ഹിന്ദുമഹാസഭാ നേതാക്കളെ വിമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: വോട്ട് ഇരക്കാനായി കൈയിൽ ത്രിശൂലവുമേന്തി കാവിയുമണിഞ്ഞ് സന്യാസിമാരെയും സന്യാസിനികളെയും അയക്കുന്ന ഹിന്ദു മഹാസഭ നേതാക്കൾ രാജ്യത്തിന്റെ ശത്രുക്കളാണ്. ശരത്ചന്ദ്രനെന്ന മഹാനായ മതേതര-മാനവവാദ സാഹിത്യകാരൻ മതത്തിന്റെ സ്വാധീനമില്ലാത്ത മാനവവാദമാണ് പിന്തുടർന്നിരുന്നത്. രവീന്ദ്രനാഥ് ടാഗോറും നസ്രുളും മതത്തെ രാഷ്ട്രീയത്തിൽ കൂട്ടിക്കലർത്തുന്നതിനെ എതിർത്തിരുന്നു. എന്നാൽ കോൺഗ്രസ് നേതൃത്വമാകട്ടെ തുടക്കം മുതലേ നേരേ എതിർദിശയിലാണ് മുന്നോട്ടു പോയത്. അതുകൊണ്ടു തന്നെ കോൺഗ്രസ് ഒരിക്കലും മതേതരമല്ല.

സ്വതന്ത്ര ഇന്ത്യയിലെ ദീർഘകാലത്തെ കോൺഗ്രസ് ഭരണത്തിനിടക്ക്, നിരവധി തവണ ഭരണകൂടം തന്നെ, ജനകീയസമരങ്ങളിൽ ജനങ്ങളുടെ ഐക്യം തകർക്കുവാനും വോട്ട്ബാങ്ക് സൃഷ്ടിക്കുവാനുമായി വർഗ്ഗീയകലാപങ്ങൾക്ക് തിരി കൊളുത്തിയിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ വധത്തിനു ശേഷം ദൽഹിയിൽ നടന്ന സിഖ് കൂട്ടക്കൊല കോൺഗ്രസിന്റെ ഇത്തരം ഹീനകൃത്യങ്ങളിൽ ഒടുവിലത്തേതാണ്. ഇതേ കോൺഗ്രസിനേയാണ് ഇന്ന് മതേതരമായി സിപിഐ(എം) അവതരിപ്പിക്കുന്നത്. മറുവശത്ത് ബിജെപിയാകട്ടെ, വർഗ്ഗീയകലാപങ്ങളുടെ തീനാളങ്ങളിൽ നിന്നാണ് കരുത്തു നേടിയത്. വിവേകാനന്ദന്റെ ശിഷ്യരായി അവർ സ്വയം അവകാശപ്പെടുന്നു. എന്നാൽ വിവേകാനന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്,"ക്രിസ്ത്യാനികൾ ഹിന്ദുക്കളോ ബൗദ്ധരോ ആകുകയോ, അല്ലെങ്കിൽ മുസ്ലിങ്ങൾ ഹിന്ദുക്കളോ ബൗദ്ധരോ ആവുകയോ ചെയ്യേണ്ട കാര്യമില്ല.. വേദങ്ങളോ ഖുറാനോ ബൈബിളോ ഇല്ലാത്ത, എന്നാൽ, വേദവും ബൈബിളും ഖുറാനും ഒരുമിച്ചു ചേർത്ത് കർമ്മം ചെയ്യുന്നിടത്തേക്ക് മനുഷ്യരാശിയെ എത്തിക്കുകയാണ് വേണ്ടത്.. അദ്ദേഹം പറഞ്ഞു, രാമൻ അയോദ്ധ്യയിലാണോ, കൃഷ്ണൻ മഥുരയിലാണോ ജനിച്ചത് എന്ന് ഒരാൾ ചിന്തിച്ചു തല പുകക്കേണ്ട കാര്യമില്ല. രാമായണത്തിലെയും മഹാഭാരതത്തിലെയും കഥാപാത്രങ്ങൾ യഥാർത്ഥത്തിൽ ഉള്ളവരാണോ അതോ ഭാവനയാണോ എന്നു പരിശോധിക്കേണ്ട കാര്യവുമില്ല. രാമായണത്തിലും മഹാഭാരതത്തിലും നിന്ന് നല്ല പാഠങ്ങൾ പഠിക്കുകയാണ് വേണ്ടത്".

ആരാണ് യഥാർത്ഥ ഹിന്ദു, വിവേകാനന്ദനാണോ അതോ, തെരഞ്ഞെടുപ്പു നേട്ടങ്ങൾക്കായി മാത്രം രാമരഥം ഉരുട്ടിയ, ചരിത്രസ്മാരകമായ ബാബ്റി മസ്ജിദ് തകർത്ത, തുടർച്ചയായി വർഗ്ഗീയകലാപങ്ങൾ ആളിക്കത്തിച്ച, ബിജെപിയോ? വിശക്കുന്നവന് മതമല്ല, ഭക്ഷണമാണ് നൽകേണ്ടതെന്ന് വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ബിജെപി അതാണോ ചെയ്യുന്നത്? അയോധ്യയിലെ രാമപൂജക്കു തുടക്കം കുറിച്ചത്, കേവലം തെരഞ്ഞെടുപ്പു നേട്ടങ്ങൾക്കായി ബാബ്റി മസ്ജിദിന്റെ പൂട്ടു തുറന്നുകൊടുത്തത് അന്തരിച്ച മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയാണെന്ന് പലർക്കും അറിയില്ല. ബിജെപി ആകട്ടെ ഹിന്ദു വോട്ടുകൾ നേടിയെടുക്കാനായി ആ നിർമ്മിതി ഒന്നാകെ തകർത്തു തരിപ്പണമാക്കി. നരസിംഹറാവു നയിച്ച അന്നത്തെ കോൺഗ്രസ് സർക്കാരാകട്ടെ, അതു തടയാനായി ഒന്നും ചെയ്തില്ല. ഈ ശക്തികൾക്കൊന്നും മതം ഉള്ളിലില്ല. അവരുടെ ഒരേയൊരു മതം ഏതുവിധേനയും വോട്ടുകൾ നേടിയെടുക്കുക എന്നതു മാത്രമാണ്.

രാജ്യത്തെവിടെയുമിന്ന് വോട്ടുബാങ്ക് രാഷ്ട്രീയമാണ് പാർട്ടികൾ അനുവർത്തിക്കുന്നത്. ദേശീയ-പ്രാദേശിക- ബൂർഷ്വാ പാർട്ടികളെല്ലാം ഇത് ചെയ്യുന്നു. ഇത് ഹിന്ദുവോട്ടുബാങ്കോ, മുസ്ലീം വോട്ടുബാങ്കോ, അതല്ലെങ്കിൽ ജാതി, വംശം, പ്രദേശം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിലുള്ള വോട്ടുബാങ്കോ ആകാം. എല്ലാം തെരഞ്ഞെടുപ്പ് താൽപ്പര്യം മാത്രം മുൻനിർത്തിയുള്ളവയായിരിക്കും.

നമ്മുടെ രാജ്യത്ത് മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം കോൺഗ്രസ്സ്, ഫാസിസത്തിന് അടിത്തറ പാകി. ബിജെപി ഇന്നത് ഉറപ്പിച്ചെടുക്കുന്നു. ഞങ്ങൾ ഇക്കാര്യം പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഈ തെരഞ്ഞെടുപ്പു വേളയിലും അത് ആവർത്തിക്കുന്നു. അന്ധവിശ്വാസവും മതാന്ധതയും വളർത്തുന്നതിലും യുക്തിപരമായ മനോഘടനയും ശാസ്ത്രീയവീക്ഷണവും തകർക്കുന്നതിലും ചിന്താശേഷിയും ചോദ്യം ചെയ്യാനും തർക്കിക്കുവാനുമുള്ള മനോഭാവവും കെടുത്തുന്നതിലും ഫാസിസ്റ്റ് ആക്രമണപദ്ധതിയാണ് കുടികൊള്ളുന്നത്. കോൺഗ്രസ്സ് തുടങ്ങിവച്ച ഈ പ്രക്രിയ, ഹിന്ദുത്വ മുദ്രാവാക്യമുയർത്തി കൂടുതൽ തീവ്രമായി ബിജെപി പിന്തുടരുന്നു.

**നമ്മുടെ രാജ്യത്ത് മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം കോൺഗ്രസ്സ്, ഫാസിസത്തിന് അടിത്തറ പാകി. ബിജെപി ഇന്നത് ഉറപ്പിച്ചെടുക്കുന്നു. ഞങ്ങൾ ഇക്കാര്യം പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഈ തെരഞ്ഞെടുപ്പു വേളയിലും അത് ആവർത്തിക്കുന്നു. അന്ധവിശ്വാസവും മതാന്ധതയും വളർത്തുന്നതിലും യുക്തിപരമായ മനോഘടനയും ശാസ്ത്രീയവീക്ഷണവും തകർക്കുന്നതിലും ചിന്താശേഷിയും ചോദ്യം ചെയ്യാനും തർക്കിക്കുവാനുമുള്ള മനോഭാവവും കെടുത്തുന്നതിലും ഫാസിസ്റ്റ് ആക്രമണപദ്ധതിയാണ് കുടികൊള്ളുന്നത്. കോൺഗ്രസ്സ് തുടങ്ങിവച്ച ഈ പ്രക്രിയ, ഹിന്ദുത്വ മുദ്രാവാക്യമുയർത്തി കൂടുതൽ തീവ്രമായി ബിജെപി പിന്തുടരുന്നു.**

കോൺഗ്രസ് വാഴ്ചക്കാലത്ത്, മതാധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന ദേശീയവിദ്യാഭ്യാസ നയം രാജീവ്ഗാന്ധി ആവിഷ്ക്കരിച്ചു. ഇത് ഒരു പടികൂടി മുന്നോട്ടു പോയി ബിജെപി വൈദിക വിദ്യാഭ്യാസം ഏർപ്പെടുത്തുന്നു. ചരിത്രം വളച്ചൊടിച്ചും സത്യം ചവിട്ടിമെതിച്ചും, പുരാതന ഭാരതത്തിലെ ഹിന്ദുത്വത്തിന്റെ മഹത്വം ഉദ്ഘോഷിക്കുകയാണിതിലൂടെ. ആധുനികശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളും നേട്ടങ്ങളുമെല്ലാം പുരാതനഭാരതത്തിലെ ഋഷിമാർ കൈവരിച്ചിരുന്നു എന്ന വന്യമായ അവകാശവാദമാണ് ബിജെപി നേതാക്കൾ വിളിച്ചുകൂവുന്നത്. ഗലീലിയോ, ന്യൂട്ടൺ, ഐൻസ്റ്റീൻ, ഹെയ്സൻ ബർഗ്, ജഗദീഷ് ചന്ദ്രബോസ്, പ്രഫുല്ല ചന്ദ്ര റായ്, സി.വി.രാമൻ, സത്യൻ ബോസ്, മേഘനാഥ് സാഹ തുടങ്ങിയവരുടെയെല്ലാം കണ്ടുപിടുത്തങ്ങളെക്കുറിച്ച് ഈ അവകാശവാദമുന്നയിക്കുന്നുണ്ട്.

ഇതിനുപിന്നിലുള്ള ഉദ്ദേശമെന്താണ്? ആധുനിക ശാസ്ത്രത്തിന്റെ വളർച്ച തടയുക, ശാസ്ത്രീയവീക്ഷണവും യുക്തിസഹമായ മനോഘടനയും തകർക്കുക എന്നിവയാണ് ലക്ഷ്യംവയ്ക്കുന്നത്. രാജ്യത്തെയാകെ ഈ കടന്നാക്രമണം ബാധിച്ചിരിക്കുന്നു. രവീന്ദ്രനാഥ ടാഗോർ ഉൾപ്പെടെ ലോകത്തെ മഹാന്മാരൊക്കെ ഹിറ്റ്ലറെ മാനവരാശിയുടെ ഒന്നാം നമ്പർ ശത്രു എന്നാണ് ഗണിച്ചിരുന്നതെങ്കിൽ ആർഎസ്എസിന്റെ ആത്മീയാചാര്യൻ ഗോൾവാൾക്കർ അതേ ഹിറ്റ്ലറെ വഴികാട്ടിയായി വാഴ്ത്തുന്നു എന്ന കാര്യമോർക്കുക.

"ജർമ്മൻ വംശാഭിമാനം ഇന്നൊരു ചർച്ചാവിഷയമാണ്. വംശശുദ്ധിയും സ്വന്തം സംസ്ക്കാരവും നിലനിർത്താനായി സെമിറ്റിക് വംശജരായ ജൂതന്മാരെ രാജ്യത്തുനിന്ന് തുരത്തിയ ജർമ്മനി ലോകത്തെ അത്ഭുതപ്പെടുത്തി. വംശാഭിമാനം അതിന്റെ ഉച്ചസ്ഥായിയിൽ അവിടെ പ്രകടിതമായി. വംശീയവും സാംസ്കാരികവുമായി ആഴ്ന്നിറങ്ങുന്ന അന്തരം നിലനിന്നാൽ ഒരു ഏകാത്മക സമൂഹമായി മാറുക എത്രത്തോളം അസാദ്ധ്യമാണെന്നും ജർമ്മനി കാണിച്ചുതരുന്നു. ഹിന്ദുസ്ഥാൻ പഠിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ട നല്ലൊരു പാഠമാണിത്". (We or Our Nationhood Defined).

മറ്റൊരാക്രമണവും മാനവരാശിയുടെ മേൽ വന്നുപതിക്കുകയാണ്. മനുഷ്യസത്തയെയും മാനുഷിക ഗുണങ്ങളെയും മൂല്യങ്ങളെയും തകർക്കുക എന്നതാണത്. മൂല്യങ്ങളും സംസ്കാരവുമില്ലാത്ത യന്ത്രമനുഷ്യരായി മനുഷ്യരെ മാറ്റിത്തീർക്കുന്നു. മനുഷ്യന്റെ രൂപമുണ്ടെങ്കിലും ആന്തരികമായി അപമാനവീകരിക്കപ്പെട്ട, സദാചാര-ധാർമ്മിക ബോധം വെടിഞ്ഞ മനുഷ്യർ. മനുഷ്യസത്ത കൈമോശം വന്നവരാക്കി അവരെ മാറ്റിയെടുക്കുക എന്നതാണ് പദ്ധതി. വിശേഷിച്ചും യുവാക്കളെയും വിദ്യാർത്ഥികളെയും ഇത്തരമൊരന്ധകാരത്തിലേയ്ക്ക് തള്ളിയിടുന്നു. ഇതിന്റെ ഫലമായി കുടുംബജീവിതം നശിക്കുന്നു, സാമൂഹ്യജീവിതം തകരുന്നു. സ്നേഹം, ദയ, കരുണ തുടങ്ങി മനുഷ്യജീവിതത്തിലെ അമൂല്യസമ്പത്തെല്ലാം എവിടെയും തകർക്കപ്പെടുകയാണ്. ഇതും ഫാസിസത്തിന്റെ വിനാശകരമായ മറ്റൊരാക്രമണമാണ്. രാജ്യത്തെവിടെയായാലും മനുഷ്യരെ സൃഷ്ടിക്കുന്ന പ്രക്രിയതന്നെ തകിടം മറിക്കപ്പെടുകയാണ്. ഇതാണ് യാഥാർത്ഥ്യം.

### ടിഎംസി സർക്കാർ മുൻ ഇടതുമുന്നണി ഗവൺമെന്റിന്റെ തനിപ്പകർപ്പ്

മറുവശത്ത്, "മാറ്റം" എന്ന മുദ്രാവാക്യവുമായി പശ്ചിമബംഗാളിൽ അധികാരത്തിൽവന്ന തൃണമൂൽ കോൺഗ്രസ് ഇടതുമുന്നണി(LF)യ്ക്കുപകരം കസേരയിൽ കയറിയിരുന്നു എന്ന മാറ്റം മാത്രമേ കൊണ്ടുവന്നിട്ടുള്ളു. അത്രമാത്രം. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ തനിപ്പകർപ്പാണിത്. ബഹുജനസമരങ്ങൾക്കുമേലുള്ള പോലീസ് അതിക്രമം പഴയതുപോലെ തുടരുന്നു. അനിയന്ത്രിതമായ വിലക്കയറ്റം, ഭീമമായ വൈദ്യുതിചാർജുവർദ്ധന, വിദ്യാഭ്യാസ-ചികിത്സാ ചെലവുകളിലെ വർദ്ധന, സർവ്വമേഖലകളിലും പടരുന്ന അഴിമതി, കൊള്ള, കൊല, ബലാൽസംഗം എന്നിവയൊക്കെ പഴയതുപോലെ നിർബ്ബാധം തുടരുന്നു. ഉദ്യോഗസ്ഥ-പോലീസ് സംവിധാനങ്ങൾ തുടങ്ങി ഭരണത്തിന്റെ സർവ്വമേഖലകളിലും മുൻ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലടികൾ പിന്തുടർന്ന് ഭരണകക്ഷിയുടെ ആധിപത്യവും സ്വജനപക്ഷപാതവും അനുസ്യൂതം തുടരുകയാണ്.

ടിഎംസി ഗവൺമെന്റിന്റെ എല്ലാ ജനവിരുദ്ധ നയങ്ങൾക്കുമെതിരെ എസ്യുസിഐ(സി) പാർട്ടി പൊരുതുകയാണ്. ഇടതുമുന്നണി ഗവൺമെന്റ് ഇംഗ്ലീഷ് പഠനവും ജയം-തോൽവി സമ്പ്രദായവും പ്രാഥമിക വിദ്യാഭ്യാസ രംഗത്തുനിന്ന് നിർമ്മാർജ്ജനം ചെയ്തിരുന്നു. സുദീർഘവും ശക്തവുമായ പ്രക്ഷോഭത്തിലൂടെ ഇംഗ്ലീഷ്പഠനം പുനഃസ്ഥാപിക്കാൻ ഇടതുമുന്നണി ഗവൺമെന്റിനെ നമ്മൾ നിർബ്ബന്ധിതമാക്കി. ദീർഘകാലമായി എസ്യുസിഐ(സി) പ്രാഥമിക തലത്തിൽ ഒരു സ്കോളർഷിപ്പ് പരീക്ഷ നടത്തിവരികയാണ്. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മുൻകയ്യിൽ ജനങ്ങളുടെ സംഭാവനകൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ബോർഡിന്റെ കീഴിലാണ് ഈ പരീക്ഷ നടത്തുന്നത്. ലക്ഷക്കണക്കിന് കുട്ടികളാണ് ഓരോ വർഷവും ഈ പരീക്ഷ എഴുതിക്കൊണ്ടിരിക്കുന്നത്. ടിഎംസി ഗവൺമെന്റ് ജയം-തോൽവി സമ്പ്രദായം എട്ടാംക്ലാസ്സുവരെ നിർത്തലാക്കി. വിദ്യാഭ്യാസച്ചെലവ് ഗണ്യമായി ഉയർത്തി, ആശുപത്രികളിൽ ഫലത്തിൽ ചികിത്സ ഇല്ലാതാക്കി, വൈദ്യുതി-ഗതാഗത നിരക്കുകൾ ഉയർത്തി, വ്യാപകമായി മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകി, നികുതി വർദ്ധിപ്പിച്ചു. ഇതിനൊക്കെപ്പുറമേയാണ് ഭീമമായ വിലക്കയറ്റം. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നിർബ്ബാധം തുടരുന്നു. ഇതിനെല്ലാമെതിരെ ഞങ്ങൾ സമരരംഗത്താണ്. ചണമില്ലുകളും തേയിലത്തോട്ടങ്ങളുമടക്കം അടച്ചുപൂട്ടിയ വ്യവസായങ്ങളൊക്കെ തുറന്നു പ്രവർത്തിപ്പിക്കണമെന്നും പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കണമെന്നും തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിലോ മതിയായ തൊഴിലില്ലായ്മ വേതനമോ നൽകണമെന്നും അസംഘടിതരായ മുഴുവൻ തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും അലവൻസുകളും വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സമരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. മദ്യത്തിന്റെ വ്യാപനം, ബ്ലൂഫിലിം, കൊള്ള, കൊല, തട്ടിക്കൊണ്ടുപോകൽ, മയക്കുമരുന്ന്, പെൺവാണിഭം, ബലാൽസംഗം തുടങ്ങി എല്ലാ തിന്മകൾക്കുമെതിരെ ഞങ്ങൾ പോരാടുന്നു. ഒരു പ്രാദേശിക ബൂർഷ്വാപാർട്ടി എന്ന നിലയിൽ തൃണമൂൽ കോൺഗ്രസ്സ് അധികാരത്തിൽ വന്നാലും മുൻ ഇടതുമുന്നണി ഗവൺമെന്റിനെപ്പോലെതന്നെ ഭരണം നടത്താൻ സാധ്യതയുണ്ടെന്നും ജന

*(ശേഷം 10-ാം പേജിൽ)*

# ജനദ്രോഹ കോർപ്പറേറ്റ് നയങ്ങൾക്കും വർഗ്ഗീയതയ്
# പടുത്തുയർത്തുക. ഇടതുപക്ഷ ഐക്യമുന്ന

## എസ്‌യുസിഐ(കമ്മ്യൂണ



**പി.എസ്.ഗോപകുമാർ**
(തിരുവനന്തപുരം)



**എസ്.മിനി**
(കാട്ടാക്കട)



**ബി.വിനോദ്**
(ഇരവിപുരം)



**വി.ആന്റണി**
(കുണ്ടറ)



**കെ.ശശാങ്കൻ**
(പുനലൂർ)



**കെ.ജി.അനിൽകുമാർ**
(ആറന്മുള)



**എ.മുഹമ്മദ്**
(ഹരിപ്പാട്)



**ആർ.അർജ്ജുനൻ**
(അമ്പലപ്പുഴ)



**ആശ റ്റി.**
(മാവേലിക്കര)



**നന്ദനൻ വലിയപറമ്പ്**
സ്വതന്ത്രൻ (കുട്ടനാട്)



**കെ.എ.വിനോദ്**
(ആലപ്പുഴ)



**കെ.പ്രതാപൻ**
(അരൂർ)



**ആശാരാജ് യു.ജെ.**
(ഏറ്റുമാനൂർ)



**എം.വി.ചെറിയാൻ**
(പുതുപ്പള്ളി)



**കെ.എൻ.രാജൻ**
(ചങ്ങനാശ്ശേരി)

**ചിഹ്നം**



**ബാറ്ററി ടോർച്ച്**

# പരസ്യവാചകം ഒന്ന്, മുന്ന

### വളരണം ഈ നാട്, തുടരണം ഈ ഭരണം-യുഡിഎഫ്. എൽഡിഎഫ് വരും, എല്ലാം ശരിയാകും-എ

യുഡിഎഫ്-എൽഡിഎഫ്-ബിജെപി മുന്നണികൾ ഏതാണ്ടൊരേ മുദ്രാവാക്യവുമായാണ് ഈ തെരഞ്ഞെടുപ്പിനെ നേരിടുന്നത് എന്നത് കൗതുകകരംതന്നെ. പരസ്പരം മൽസരിക്കുമ്പോഴും ഈ മൂന്നുമുന്നണികളുടെയും അടിസ്ഥാനസ്വഭാവം ഒന്നുതന്നെ എന്നതിനാൽ ഈ പൊരുത്തം വലിയ അത്ഭുതമൊന്നും ഉളവാക്കുന്നില്ല. ബംഗാളിലെ ഇടതു-കോൺഗ്രസ്സ് സഖ്യം ഇത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. കേരളത്തിലാകട്ടെ, ഏതുമുന്നണിയിലുള്ള ഏതു കക്ഷിയെയും സ്വീകരിക്കാൻ മറ്റു രണ്ടുമുന്നണികളും സദാസന്നദ്ധമായിരിക്കുന്നതിൽനിന്ന് മുന്നണി വ്യത്യാസങ്ങൾ തൊലിപ്പുറമേ മാത്രമാണെന്ന് വ്യക്തമാണല്ലോ? കോൺഗ്രസ്സ് ജനാധിപത്യത്തിന്റെ സംരക്ഷകരെന്ന് മേനിനടിക്കുന്നതും ബിജെപി ഭൂരിപക്ഷംവരുന്ന ഹിന്ദുക്കളുടെ ചാമ്പ്യന്മാരാകുന്നതും ഇടതുമുന്നണി തൊഴിലാളിവർഗ്ഗത്തിന്റെ ചേരിയിലെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതും ഒരേ മുതലാളിത്തനയങ്ങളുടെ നടത്തിപ്പുകാരാകാനുള്ള അവസരം ഉറപ്പിക്കാൻ മാത്രമാണ്. കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും അധികാരത്തിലിരുന്നപ്പോൾ ഇവർ മൂവരും ഇത് പലവട്ടം തെളിയിച്ചിട്ടുള്ളതാണല്ലോ.

നാടിന്റെ വളർച്ചയ്ക്ക് യുഡിഎഫ് വരണമെന്നും എല്ലാംശരിയാക്കാൻ എൽഡിഎഫാണ് വേണ്ടതെന്നും സംസ്ഥാനത്തിന് വഴികാട്ടാൻ ബിജെപിക്കേ കഴിയൂ എന്നും അവകാശപ്പെടുമ്പോൾ ഇവർ അധികാരമേറ്റെടുത്താൽ നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പാണെന്നുവേണമല്ലോ കരുതാൻ. ഇത് അസാദ്ധ്യമാണെന്ന് രാഷ്ട്രീയ ബോധമുള്ള ഏതൊരാൾക്കും അനുഭവത്തിൽനിന്ന് മനസ്സിലായിട്ടുണ്ട്.

മൂന്നുകൂട്ടരും ജനദ്രോഹ നയങ്ങൾ നടപ്പാക്കുന്നു. മൂവരും അഴിമതി നടത്തുന്നു. വർഗ്ഗീയതയെ തരംപോലെയും സ്വന്തം ശേഷിക്കനുസരിച്ചും ഉപയോഗപ്പെടുത്തുന്നു. എ

# ക്കും അഴിമതിക്കുമെതിരെ ജനാധിപത്യസമരശക്തി ണി (LUF) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക.

## നിസ്റ്റ്) സ്ഥാനാർത്ഥികൾ



**രജിത ജയറാം**
(കോട്ടയം)



**രാജു വട്ടപ്പാറ**
(പൂഞ്ഞാർ)



**അനിലാബോസ്**
(വൈക്കം)



**നിഷ ജിമ്മി**
(തൊടുപുഴ)



**കെ.ഒ.സുധീർ**
(പിറവം)



**എം.പി.സുധ**
(തൃപ്പൂണിത്തുറ)



**എം.കെ.കാഞ്ചനവല്ലി**
(അങ്കമാലി)



**സി.എസ്.കൃഷ്ണകുമാർ**
(കൊടുങ്ങല്ലൂർ)



**എം.പ്രദീപൻ**
(തൃശൂർ)



**സി.വി.പ്രേംരാജ്**
(ഗുരുവായൂർ)



**എ.റജീന**
(ചിറ്റൂർ)



**പി.എം.ശ്രീകുമാർ**
(കൊയിലാണ്ടി)



**എസ്.ജെന്നിഫർ**
(കോഴിക്കോട് നോർത്ത്)



**ടി.ആർ.ശ്രീധരൻ**
(സുൽത്താൻബത്തേരി)



**അഡ്വ.പി.സി.വിവേക്**
(അഴീക്കോട്)

# ണികൾ മൂന്ന്

### ൽഡിഎഫ്. വഴിമുട്ടിയ കേരളം, വഴികാട്ടാൻ ബിജെപി-എൻഡിഎ.

ന്നിട്ട് എല്ലാവരും ഒരുപോലെ അഴിമതിക്കും വർഗ്ഗീയതയ്ക്കുമെതിരെ വാചാലരാകുന്നു. നയങ്ങളെക്കുറിച്ച് ഒരു പോലെ മൗനംപാലിക്കുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ ഒരു യഥാർത്ഥ ഇടതുപക്ഷപ്പാർട്ടിയെ സംബന്ധിച്ചിടത്തോളം, മുതലാളിത്ത നയങ്ങളാണ് ജീവിതപ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനകാരണമെന്നും മുതലാളിത്തവ്യവസ്ഥയെ മാറ്റുന്നതുവരെ ഇത് തുടരുമെന്നുമുള്ള വസ്തുത ജനങ്ങളോട് തുറന്നുപറഞ്ഞേ തീരൂ. ഈ ലക്ഷ്യം നേടിയെടുക്കണമെങ്കിൽ തെരഞ്ഞെടുപ്പടക്കമുള്ള എല്ലാ സമരവേദികളെയും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ അദ്ധ്വാനിച്ചു ജീവിക്കുന്നവരും നാടിന്റെ നന്മകാംഷിക്കുന്നവരുമായ ജനങ്ങൾക്കു കഴിയണം. ജനാധിപത്യ-ബഹുജന സമരങ്ങളുടെ വളർച്ചയ്ക്കുള്ള ഉപാധിയാക്കി തെരഞ്ഞെടുപ്പിനെ മാറ്റിത്തീർക്കണമെന്നർത്ഥം.

**ജനദ്രോഹ കോർപ്പറേറ്റ് നയങ്ങൾക്കും വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെ ജനാധിപത്യസമരശക്തി പടുത്തുയർത്തുക** എന്ന മുദ്രാവാക്യം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി മുന്നോട്ടുവയ്ക്കുന്നത് ഈ രാഷ്ട്രീയ കർത്തവ്യത്തെ പൂർണ്ണമായും പ്രതിഫലിപ്പിക്കുംവിധമാണ്. ആര് അധികാരത്തിലെത്തുന്നു എന്നതിനേക്കാൾ അധികാരത്തിലെത്തുന്നവരെ ജനങ്ങൾക്കെതിരെ നീങ്ങാൻ അനുവദിക്കാത്ത തരത്തിലുള്ള ജനകീയ ശക്തി പടുത്തുയർത്താൻ കഴിയുക എന്നതാണ് തെരഞ്ഞെടുപ്പിന്റെ മുന്നിലുള്ള ജനങ്ങളുടെ കടമ. ഈ കടമ നിറവേറ്റുന്നതിൽ പ്രതിജ്ഞാബദ്ധമായ യഥാർത്ഥ ഇടതുപക്ഷധാര പ്രബലപ്പെടേണ്ടത് ജനകീയാവശ്യകതയായി മാറുന്നത് സ്വാഭാവികം മാത്രം.

ആർഎംപി, എസ്‌യുസിഐ(സി), എംസിപിഐ(യു) എന്നീ പാർട്ടികൾ ചേർന്ന് രൂപംകൊടുത്തിട്ടുള്ള ഇടതുപക്ഷ ഐക്യമുന്നണി ഈ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ജനങ്ങൾക്ക് ഏറെ സഹായകമാകുമെന്നുറപ്പാണ്. മുന്നണിയെ ശക്തിപ്പെടുത്താനും മുന്നണിയുടെ സ്ഥാനാർത്ഥികളെ വിജയിപ്പിക്കാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## ആർഎംപി സ്ഥാനാർത്ഥികൾ

1. വടകര - **കെ.കെ. രമ**
2. കുന്നമംഗലം - **കെ.പി. പ്രകാശൻ**
3. ബാലുശ്ശേരി - **കെ.ടി. ശിവൻ**
4. താനൂർ - **എൻ. രാമകൃഷ്ണൻ**
5. പുതുക്കാട് - **സി.വി. വിജയൻ**
6. കടുത്തുരുത്തി - **രാജീവ് കിടങ്ങൂർ**
7. നേമം - **കെ.ആർ.ഭാസ്കരൻ**

(ലിസ്റ്റ് അപൂർണ്ണം)

**എംസിപിഐ(യു) സ്ഥാനാർത്ഥികളെ പിന്നീട് പ്രഖ്യാപിക്കും**

# തൃണമൂൽ സർക്കാർ മുൻ ഇടതുമുന്നണി സർക്കാരിന്റെ തനിപ്പകർപ്പ്

പ്രൊവാസ് ഘോഷിന്റെ പത്രസമ്മേളനം...
(7-ാം പേജിൽ നിന്ന്)

ങ്ങൾക്ക് ഒരു ആശ്വാസവും ലഭിക്കാനിടയില്ലെന്നും അവരുമായി യോജിച്ച് സമരം ചെയ്തിരുന്ന ഘട്ടത്തിൽത്തന്നെ ഞങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നതാണ്. തൃണമൂൽ അധികാരത്തിലെത്തിയാൽ അന്നുമുതൽ ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയി

**തൃണമൂൽ കോൺഗ്രസ്സ് അധികാരത്തിലിരുന്നുകൊണ്ട് ഭീകരത അഴിച്ചുവിടുകയാണ് എന്നത് ശരിതന്നെ. എന്നാൽ താരതമ്യമില്ലാത്ത ഭീകരതയാണ് 1972-ൽ കോൺഗ്രസ്സ് അഴിച്ചുവിട്ടത്. ഇപ്പോൾ ടിഎംസി വീണ്ടും ഗവൺമെന്റുണ്ടാക്കിയാൽത്തന്നെ തുടർന്നും അവർ വിജയിച്ചുവരുമെന്ന് വല്ല ഉറപ്പുമുണ്ടോ? കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലുമൊക്കെ ഗവൺമെന്റുകൾ മാറിവരുന്നുണ്ട്. ഇവിടെയും അങ്ങനെ സംഭവിച്ചേക്കാം. ഒരിക്കൽ അധികാരം നഷ്ടപ്പെട്ടുകഴിഞ്ഞാൽപ്പിന്നെ ടിഎംസി നിലനിൽക്കുമോ എന്ന കാര്യം തന്നെ കണ്ടറിയണം. കോൺഗ്രസ്സാകട്ടെ ദേശീയ മുതലാളിവർഗ്ഗത്തിന്റെ ഒരു വിശ്വസ്ത രാഷ്ട്രീയ പാർട്ടിയാണ്. ദീർഘകാലമായി അവർ ഇന്ത്യൻ മുതലാളിത്തത്തെ സേവിച്ചുവരുന്നു. അതുകൊണ്ടുതന്നെ മുതലാളിവർഗ്ഗം സ്വന്തം താൽപ്പര്യാർത്ഥം കോൺഗ്രസ്സിനെ കുറേ കാലത്തേയ്ക്കുകൂടി കരുതി വയ്ക്കുകതന്നെ ചെയ്യും. ഇന്ന് ഇടതുപക്ഷ ഐക്യത്തെ കൈവിട്ടുകൊണ്ടാണ് സിപിഐ(എം) അങ്ങനെയുള്ള കോൺഗ്രസ്സുമായി ഐക്യമുണ്ടാക്കുന്നത്.**

ച്ചുകൊണ്ട് സമരമാരംഭിക്കുമെന്നും ഞങ്ങൾ മുൻകൂട്ടി പറഞ്ഞിരുന്നു. കൃത്യമായും അതുതന്നെയാണ് ഞങ്ങൾ ചെയ്യുന്നതും.

പശ്ചിമബംഗാളിലും രാജ്യമെമ്പാടും ഉന്നതമായ മൂല്യങ്ങളുടെയും സംസ്കാരത്തിന്റെയുമടിസ്ഥാനത്തിൽ ശക്തവും വീറുറ്റതുമായ ഇടതുപക്ഷ മുന്നേറ്റം വളർത്തിയെടുക്കേണ്ടത് അനിവാര്യമായിരുന്നപ്പോഴാണ് സിപിഐ(എം) നേതൃത്വം, ഒരു ദേശീയ ബൂർഷ്വാപാർട്ടിയായ കോൺഗ്രസ്സുമായി, അവസരവാദ തെരഞ്ഞെടുപ്പ് രാഷ്ട്രീയ താൽപ്പര്യം മാത്രം മുൻനിർത്തി സഖ്യമുണ്ടാക്കാൻ പോയത്. ഇത് ഇടതുപക്ഷ മുന്നേറ്റത്തിന് വലിയ ആഘാതം സൃഷ്ടിക്കും.

**ജനാധിപത്യ സമരങ്ങളെ കശാപ്പുചെയ്യുന്നതിൽ കോൺഗ്രസ്സ് റെക്കോർഡ് സ്ഥാപിച്ചു.**

കോൺഗ്രസ്സിനെ ഒരു ജനാധിപത്യ ശക്തിയായാണ് സിപിഐ(എം) ചിത്രീകരിക്കുന്നത്. ഇത് ശരിയാണോ? അത് ഒരു ജനാധിപത്യ ശക്തിയാണോ? നിരവധി വർഷങ്ങൾ അവർ കേന്ദ്രം ഭരിച്ചു. അതൊരു ജനാധിപത്യ ഭരണമായിരുന്നോ? 1975-ൽ രാജ്യത്ത് അടിച്ചേൽപ്പിച്ച അടിയന്തരാവസ്ഥയെക്കുറിച്ച് ഏവർക്കുമറിയാം. ഇതുകൂടാതെ, എസ്മ, മിസ, ടാഡ തുടങ്ങിയ കരിനിയമങ്ങളും അവർ നടപ്പിലാക്കി. അവർ കൊണ്ടുവന്ന യുഎപിഎ നിയമപ്രകാരം സംശയം തോന്നുന്ന ഏതൊരാളെയും വിചാരണകൂടാതെ 180 ദിവസം തടങ്കലിൽ വയ്ക്കാം. സായുധ സേന പ്രത്യേകാധികാര നിയമവും അവർ കൊണ്ടുവന്നതാണ്. ഇതുപ്രകാരം കൊലയോ, ബലാൽസംഗമോ നടത്തിയാലും സൈനികരെ കോടതിയിൽ വിചാരണ ചെയ്യാനാവില്ല. ജമ്മുകാശ്മീരിലും മണിപ്പൂരിലും ആസ്സാമിലും ഇത് നടപ്പിലാക്കി. ഇതൊക്കെ ജനാധിപത്യത്തിന് നിരക്കുന്ന കാര്യങ്ങളാണോ? രാജ്യത്തെമ്പാടുമായി കോൺഗ്രസ്സ് വാഴ്ചയിൽ എത്രപേരെയാണ് കൊന്നൊടുക്കിയത്. 1950 കളിൽ, ട്രാം ചാർജ് വർദ്ധനയ്ക്കും ബംഗാൾ-ബീഹാർ ലയനത്തിനും എതിരെ നടന്ന പ്രക്ഷോഭങ്ങളെയും അദ്ധ്യാപകരുടെ സമരത്തെയും എത്രക്രൂരമായാണിവർ അടിച്ചമർത്തിയത്. 1959-ലും 66-ലും നടന്ന ഭക്ഷ്യസമരങ്ങളിൽ എത്ര ചോരയാണ് ചൊരിയപ്പെട്ടത്. എത്രപേരാണ് രക്തസാക്ഷികളായത്. 1959-ലെ രക്തസാക്ഷികളെ സ്മരിച്ചുകൊണ്ട് സിപിഐ (എം) ഇന്നും ആഗസ്റ്റ് 31 രക്തസാക്ഷിദിനമായി ആചരിക്കുന്നില്ലേ. ഞങ്ങളും ഈ ദിനം അർഹമായ ഗൗരവത്തോടെ ആചരിക്കുന്നുണ്ട്. ആ കോൺഗ്രസ്സ് ഇപ്പോൾ അവർക്ക് ജനാധിപത്യ ശക്തിയായി മാറിയിരിക്കുന്നു. വോട്ടിനുവേണ്ടി കോൺഗ്രസ്സിന് ഇങ്ങനെയൊരു സർട്ടിഫിക്കറ്റ് നൽകുന്നതുവഴി എത്ര വലിയ ഹാനിയാണവർ വരുത്തിവയ്ക്കുന്നത്. കോൺഗ്രസ്സ് ഒരു ദേശീയ ബൂർഷ്വാപാർട്ടിയാണ്. തീർത്തും ജനാധിപത്യവിരുദ്ധമായ ഒരു സംഘടന. ദീർഘകാലമായി അധികാരത്തിനു വെളിയിലായതിനാൽ പശ്ചിമബംഗാളിൽ അവർ മന്ദതയിലാണ്. വോട്ടിനുവേണ്ടി സിപിഐ(എം) അതിനെ പുനരുജ്ജീവിപ്പിച്ചെടുക്കുകയാണ്. തൃണമൂൽ കോൺഗ്രസ് അധികാരത്തിലിരുന്നുകൊണ്ട് ഭീകരത അഴിച്ചുവിടുകയാണ് എന്നത് ശരിതന്നെ. എന്നാൽ താരതമ്യമില്ലാത്ത ഭീകരതയാണ് 1972-ൽ കോൺഗ്രസ്സ് അഴിച്ചുവിട്ടത്. ഇപ്പോൾ ടിഎംസി വീണ്ടും ഗവൺമെന്റുണ്ടാക്കിയാൽത്തന്നെ തുടർന്നും അവർ വിജയിച്ചുവരുമെന്ന് വല്ല ഉറപ്പുമുണ്ടോ? കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലുമൊക്കെ ഗവൺമെന്റുകൾ മാറിവരുന്നുണ്ട്. ഇവിടെയും അങ്ങനെ സംഭവിച്ചേക്കാം. ഒരിക്കൽ അധികാരം നഷ്ടപ്പെട്ടുകഴിഞ്ഞാൽപ്പിന്നെ ടിഎംസി നിലനിൽക്കുമോ എന്ന കാര്യം തന്നെ കണ്ടറിയണം. കോൺഗ്രസ്സാകട്ടെ ദേശീയ മുതലാളിവർഗ്ഗത്തിന്റെ ഒരു വിശ്വസ്ത രാഷ്ട്രീയ പാർട്ടിയാണ്. ദീർഘകാലമായി അവർ ഇന്ത്യൻ മുതലാളിത്തെ സേവിച്ചുവരുന്നു. അതുകൊണ്ടുതന്നെ മുതലാളിവർഗ്ഗം സ്വന്തം താൽപ്പര്യാർത്ഥം കോൺഗ്രസ്സിനെ കുറേ കാലത്തേയ്ക്കുകൂടി കരുതി വയ്ക്കുകതന്നെ ചെയ്യും. ഇന്ന് ഇടതുപക്ഷ ഐക്യത്തെ കൈവിട്ടുകൊണ്ടാണ് സിപിഐ(എം) അങ്ങനെയുള്ള കോൺഗ്രസ്സുമായി ഐക്യമുണ്ടാക്കുന്നത്. ക്ഷണപ്രകാരം അവരുടെ പാർട്ടി കോൺഗ്രസ്സിൽ ഞാൻ ഞങ്ങളുടെ പാർട്ടിയെ പ്രതിനിധീകരിച്ച് പങ്കെടുത്തിരുന്നു. രാജ്യവ്യാപകമായി വീറുറ്റ ഇടതുപക്ഷ ഐക്യം പടുത്തുയർത്താനാണ് അവിടെ ഞാൻ നിർദ്ദേശിച്ചത്. ഇന്ന് ഇന്ത്യയിലെ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ഞങ്ങൾക്ക് സംഘടനയുണ്ട്. എല്ലായിടത്തും യോജിച്ച ഇടതുപ്രക്ഷോഭത്തിൽ പങ്കാളിയാകാൻ ഞങ്ങൾക്കു കഴിയും. പാർലമെന്റംഗങ്ങളുടെ എണ്ണം നോക്കിയല്ല ഒരു വിപ്ലവപാർട്ടിയുടെ കരുത്ത് നിർണ്ണയിക്കുന്നതെന്ന ലെനിന്റെ പാഠം ഞാനവരെ ഓർമ്മിപ്പിച്ചു. വർഗ്ഗ-ബഹുജനസമരാഗ്നിയിലാണ് അതിന്റെ ശക്തി കുടികൊള്ളുന്നത്. ഇടതുപക്ഷീയതയുടെ മഹത്തായ പാരമ്പര്യം തിരിച്ചുപിടിക്കാൻ ഞാൻ അവരോടഭ്യർത്ഥിച്ചു. അമ്പതുകളിലും അറുപതുകളിലും കോൺഗ്രസ്സും ഇടതുകക്ഷികളും മാത്രമേ രാജ്യത്തുണ്ടായിരുന്നുള്ളൂ. ബിജെപി അന്നെവിടെയായിരുന്നു? 1952-ൽ നടന്ന ആദ്യ പൊതുതെരഞ്ഞെടുപ്പിൽതന്നെ കൊൽക്കത്തയിൽ കോൺഗ്രസ്സ് പരാജയപ്പെട്ടു. ഇടതുപക്ഷ പാരമ്പര്യമാണ് ആ വിജയത്തിന് വഴിയൊരുക്കിയത്. അതായിരുന്നു അന്നത്തെ വികാരം. എന്നാൽ, സിപിഐ(എം)ന്റെ ഇടതുപക്ഷേതര നയങ്ങൾ മൂലം, ഇടതുപക്ഷലൈനിൽ നിന്നുള്ള നിരന്തരമായ വ്യതിചലനംമൂലം ഇടതുപക്ഷത്തിന്റെ യശസ്സിന് കളങ്കം ചാർത്തപ്പെട്ടിട്ടുണ്ട്. 34 വർഷക്കാലത്തെ അവരുടെ ഭരണകാലയളവിലാണ് ഇത് ഏറ്റവും രൂക്ഷമായത്. ഇപ്പോൾ കോൺഗ്രസ്സുമായി കൂടുന്നതിന് അവർ പറഞ്ഞ ന്യായീകരണം, ടിഎംസി അഴിച്ചുവിടുന്ന ഭീകരതമൂലം അവർക്ക് രാഷ്ട്രീയ പ്രവർത്തനം നടത്താനാകുന്നില്ല എന്നത്രെ.

1972 ൽ കോൺഗ്രസ്സ് ഭരണത്തിൽ നടമാടിയ ഭീകരത ടിഎംസി ഭരണത്തിലേതിനേക്കാൾ ഭയാനകമായിരുന്നുവെന്ന കാര്യം മുതിർന്ന ഒരു സിപിഐ(എം) നേതാവിനോട് ഞാൻ പറഞ്ഞു. നിങ്ങളും ഞങ്ങളും അന്ന് ആക്രമണ വിധേയരായി. അന്ന് ഞങ്ങൾ അതിനെ നേരിട്ടു, ഒരു പരിധിവരെ നിങ്ങളും. പിന്നെ ഇന്നെന്താണ് അതിന് കഴിയാതെ പോകുന്നത്? അദ്ദേഹം പറഞ്ഞ മറുപടി ഞാനിവിടെ പറയുന്നില്ല. യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ തെറ്റുകൾ ജനങ്ങൾക്കു മുമ്പാകെ ഏറ്റുപറയണമെന്ന ലെനിന്റെ പാഠം കൊൽക്കത്തയിലെ ഒരു പൊതുയോഗവേദിയിൽ നിന്ന് സിപിഐ(എം) നേതൃത്വത്തെ ഞാൻ ഓർമ്മിപ്പിച്ചു. അവർ ലെനിനെ അനുസരിക്കുമെങ്കിൽ അവരുടെ തെറ്റുകളും മറയത്തരങ്ങളും ദുഷ്ചെയ്തികളുമൊക്കെ അവർ ജനങ്ങളോട് ഏറ്റുപറയട്ടെ. എന്തൊക്കെ തെറ്റുകൾ എന്തുകൊണ്ട് ചെയ്തു എന്നവർ പറയട്ടെ. അവ എങ്ങനെയാണ് തിരുത്താൻ പോകുന്നതെന്നും അവർ പറയണം. അങ്ങനെയവർ ജനങ്ങളുടെ വിശ്വാസമാർജ്ജിക്കണം. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ഇങ്ങനെയാണ് ചെയ്യേണ്ടത്. യഥാർത്ഥ കമ്മ്യൂണിസ്റ്റുകളല്ലാത്തതിനാലാണ് അവർക്ക് ഈ മാർഗ്ഗം അവലംബിക്കാൻ കഴിയാത്തത്. ഇന്നും സിപിഐ(എം)ന്റെ ശക്തി അഗണ്യമല്ല. എന്നിട്ടും അവർക്ക് ടിഎംസിയുടെ ആക്രമണത്തെ നേരിടാൻ കഴിയാത്തതെന്താണ്? എന്തുകൊണ്ടാണവർക്ക് കോൺഗ്രസ്സിന്റെ പിന്തുണയെ ആശ്രയിക്കേണ്ടിവരുന്നത്? ടിഎംസി ഭീകരത അഴിച്ചുവിടുന്നു എന്നതു ശരിതന്നെ, എന്നാൽ അതിനേക്കാൾ ഭീകരതയാണ് സിപിഐ(എം) അഴിച്ചുവിട്ടത് എന്നാണ് ജനങ്ങൾ പറയുന്നത്. യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാൻ അവർക്ക് കഴിയാതെ പോകുന്നതിന്റെ കാരണവുമിതുതന്നെ. സിപിഐ(എം)ന്റെ അതേ ചെയ്തികൾ തന്നെയാണ് ടിഎംസിയുടേതും എന്നാണ് മറ്റു ചിലരുടെ അഭിപ്രായം. ടിഎംസി, സിപിഐ(എം)നെ കടത്തിവെട്ടുന്നു എന്നാണ് വേറെ ചിലർ പറയുന്നത്. എവിടെയും ഇതൊക്കെത്തന്നെ ചർച്ച. സിപിഐ(എം) ന് ജനങ്ങൾക്കിടയിലേയ്ക്കിറങ്ങിച്ചെല്ലാൻ കഴിയാത്തത് ഇക്കാരണത്താലാണ്. അതിന് പാർട്ടി പ്രവർത്തകരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? എങ്ങനെയവർ ജനങ്ങളെ അഭിമുഖീകരിക്കും? ജനങ്ങൾക്കിടയിൽ അവർക്ക് വിശ്വാസ്യത വേണ്ടേ. തെറ്റുകൾ ഏറ്റുപറഞ്ഞ് സമരപാതയിലേയ്ക്ക് തിരിച്ചുവന്നിരുന്നുവെങ്കിൽ ക്രമേണ അവർക്ക് ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചെടുക്കാൻ കഴിഞ്ഞേനെ. എന്നാൽ അവർ സ്വീകരിച്ചത് ആ മാർഗ്ഗമല്ല, എന്നുമാത്രമല്ല, അവർ പ്രവർത്തകരുടെ ആത്മവിശ്വാസം കെടുത്തിക്കളയുകയും ചെയ്തു. ഒരിക്കലും അവർ ഒരു വിപ്ലവ പാർട്ടിയായിരുന്നില്ല.അതുകൊണ്ടുതന്നെ, വിപ്ലവ രാഷ്ട്രീയം പിന്തുടർന്നിട്ടുമില്ല, വിപ്ലവ സംസ്ക്കാരം ഊട്ടിവളർത്തിയിട്ടുമില്ല. മുൻകാലങ്ങളിൽ നടത്തിയ വീറുറ്റ സമരങ്ങളുടെ ഫലമായി പ്രവർത്തകരിലുണ്ടായിരുന്ന പോരാട്ട വീര്യമൊക്കെ 34 വർഷത്തെ ഭരണംകൊണ്ട് തകർത്തുകളഞ്ഞു. ഇന്ന് ഭരണമില്ലെങ്കിൽ, പോലീസിന്റെയും ഭരണയന്ത്രത്തിന്റെയും സാമൂഹ്യവിരുദ്ധരുടെയും പിന്തുണയില്ലെങ്കിൽ അവർക്ക് കരുത്തില്ല. 1950 കളിലും 60 കളിലുമൊക്കെ അവിഭജിത സിപിഐയുടെ പ്രവർത്തകർക്ക് വീറുണ്ടായിരുന്നു. 1964 ൽ സിപിഐ(എം) നിലവിൽവന്ന് കുറേക്കാലത്തേയ്ക്കുകൂടി ഇത് നിലനിന്നു. ഒരു കാര്യം ഇവിടെ പരിശോധിക്കണമെന്ന് സിപിഐ(എം) നേതൃത്വത്തോട് ഞാൻ അഭ്യർത്ഥിക്കുകയാണ്: 1964-ൽ നിങ്ങൾ ഭരണത്തിലുണ്ടായിരുന്നില്ല. അങ്ങനെയൊന്ന് സ്വപ്നം കാണാൻപോലും നിങ്ങൾക്ക് കഴിയുമായിരുന്നില്ല. എന്നാൽ അന്ന് നിങ്ങളുടെ പ്രവർത്തകർക്ക് പോരാട്ട വീര്യമുണ്ടായിരുന്നു. ആ വീര്യവുമായാണ് ഞങ്ങളടക്കമുള്ള പാർട്ടികളുമായിച്ചേർന്ന് 1966 ലെ ഐതിഹാസികമായ ഭക്ഷ്യസമരത്തിൽ നിങ്ങൾ പങ്കെടുത്തത്. ഈ സമരത്തെ അടിച്ചമർത്താൻ കോൺഗ്രസ്സ് അവലംബിച്ച മാർഗ്ഗങ്ങളിൽ രോഷാകുലരായ ജനങ്ങൾ 1967 ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി. പ്രതിപക്ഷം ഭിന്നിച്ച് രണ്ട് മുന്നണികളിലായാണ് അന്ന് മത്സരിച്ചത്. ഇന്ന് 34 വർഷത്തെ തുടർച്ചയായ ഭരണത്തിനുശേഷം ഒരു തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതോടെ കോൺഗ്രസ്സിനോട് കൈകോർക്കാൻ പാകത്തിൽ ഇത്ര വിനാശകരമായൊരു നിലപാടെടുക്കുന്ന അവസ്ഥ ഈ പാർട്ടിക്കെങ്ങനെയുണ്ടായി? 34 വർഷം അധികാരം കയ്യാളിയപ്പോൾ നിങ്ങളിത്ര ദുർബലരായിപ്പോയോ? ശക്തി ഇത്രത്തോളം ചോർന്നുപോയെങ്കിൽ അതിനു കാരണമെന്ത്? അധികാരത്തിലിരുന്നാൽ ശക്തി, ഇല്ലെങ്കിൽ ദൗർബ്ബല്യം— എന്താണിത് കാണിക്കുന്നത്? 1964 ലും അതിനുശേഷം കുറേക്കാലത്തേയ്ക്കും സിപിഐ(എം)ന്റെ അവസ്ഥ ഇങ്ങനെയായിരുന്നില്ല. പിന്നെ ഇപ്പോൾ ഇത്ര പരുങ്ങലിലായതെന്തുകൊണ്ട്? ഇടതുപക്ഷ രാഷ്ട്രീയത്തോട് പാർട്ടിയിൽ അവശേഷിച്ചിരുന്ന ആദരവുകൂടി നഷ്ടപ്പെട്ടിരിക്കുന്നു. അണികളെ പ്രചോദിപ്പിച്ച് സമരത്തിനിറക്കാൻ നേതാക്കൾക്ക് കഴിയാതായിരിക്കുന്നു. ഇതാണ് കാരണം. സിപിഐ(എം) നേതൃത്വം ആ മാർഗ്ഗം ഉപേക്ഷിച്ചിരിക്കുന്നു. വീറുറ്റ ഇടതുപക്ഷീയത അവർ കൈവെടിഞ്ഞിരിക്കുന്നു. എങ്ങിനെയും അധികാരത്തിൽ വരിക, സീറ്റുകളുടെ എണ്ണം കൂട്ടാൻ ആരുമായും കൈകോർക്കുക, എന്നതുമാത്രമാണവരുടെ ലക്ഷ്യം. അപ്പോൾ നേതാക്കളാണ് അണികളുടെ ആത്മവീര്യം കെടുത്തുന്നത്. ഒരു ബൂർഷ്വാ ശൈലിയിൽത്തന്നെ 34 വർഷം ഭരണം നടത്തിയതുവഴിയാണ് അവരുടെ പാർട്ടി ഇങ്ങനെയൊരവസ്ഥയിലെത്തിയത്. ബഹുജന പ്രക്ഷോഭങ്ങളും ജനകീയ സമരങ്ങളും വളർത്തിയെടുക്കുന്നതിനുപകരം ഈ 34 വർഷക്കാലവും പോലീസിനെ ഉപയോഗിച്ച് തൊഴിലാളികളുടെയും കർഷകരുടെയും ബഹുജനങ്ങളുടെയും സമരങ്ങളെ നിർദ്ദയം അടിച്ചമർത്തുകയായിരുന്നു. പിന്നെവിടെനിന്നാണ് പാർട്ടി പ്രവർത്തകർക്ക് മനോധൈര്യമുണ്ടാകുന്നത്? "ടിഎംസി ഇന്ന് ചെയ്യുന്നത് അധികാരത്തിലിരുന്നപ്പോൾ നമ്മൾ ചെയ്ത കാര്യങ്ങൾ തന്നെയാണ്" എന്ന് കരുതുന്നവരാണ് അവരുടെ പല പ്രവർത്തകരും. അങ്ങനെയാകുമ്പോൾ അവർക്ക് ഒരു ഉൾക്കരുത്തുണ്ടാവില്ല. എന്നാൽ നേതാക്കൾ സ്വന്തം തടി രക്ഷിക്കാൻവേണ്ടി ഇപ്പോഴും പ്രവർത്തകരെ കുറ്റപ്പെടുത്തുകയാണ്. ഇതാണ് പ്രശ്നം.

**ഇപ്പോഴത്തെ നീക്കത്തോട് വിയോജിക്കുന്ന നേതാക്കളോടും പ്രവർത്തകരോടും ഞാൻ നന്ദി പറയുന്നു. അവർ ദുഃഖിതരാണ്. ഞങ്ങളവരെ സ്വാഗതം ചെയ്യുന്നു. ഇന്നുവരെ ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. ജനങ്ങളും അങ്ങനെയാണ് കണ്ടിരുന്നത്. ആ വേർതിരിവ് സിപിഐ(എം) നേതാക്കൾ ഇല്ലാതാക്കുകയാണ്. അവർ ചെങ്കൊടിയും ത്രിവർണ്ണ പതാകയും വീശി പ്രകടനം നടത്തുകയാണ്. ജനങ്ങൾ സ്വപ്നത്തിൽപ്പോലും കാണാത്ത കാര്യമാണിത്. അവിഭക്ത ബംഗാളിൽ, ഗാന്ധിജിയെയും നെഹ്റുവിനെയും പോലുള്ള വലതുപക്ഷത്തിന്റെ ഉന്നത നേതാക്കളിൽപോലും കാര്യമായ സ്വാധീനമുണ്ടായിരുന്നില്ല. ഖുദിറാമിനെപ്പോലുള്ള വിപ്ലവകാരികളെ ഗാന്ധിയന്മാർ ബഹുമാനിച്ചിരുന്നില്ല. കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കാൻ അവർ സുഭാഷ് ചന്ദ്രബോസിനെ നിർബ്ബന്ധിച്ചു. അദ്ദേഹത്തെ കോൺഗ്രസ്സിൽ നിന്ന് പുറത്താക്കി. ഇക്കാരണങ്ങളാൽ 1950 കളിലും 60 കളിലും ബംഗാളിലെ ജനങ്ങളിൽ, വിശേഷിച്ച് വിദ്യാസമ്പന്നരിൽ ഇടതുപക്ഷ ചിന്താഗതി ശക്തമായി. വലതുപക്ഷക്കാർക്ക് അവരുടെ മനസ്സിൽ സ്ഥാനമുണ്ടായിരുന്നില്ല. സാഹചര്യം ഇടതുപക്ഷ രാഷ്ട്രീയത്തിന് അങ്ങേയറ്റം അനുകൂലമായിരുന്നു. അങ്ങനെയൊരു സംസ്ഥാനത്തെ എവ്വിധമൊരു പതനത്തിലാണ് എത്തിച്ചിരിക്കുന്നതെന്ന് സിപിഐ(എം) നേതാക്കൾ ആലോചിക്കണം.**

**ത്രിവർണ്ണപതാകയും ചെങ്കൊടിയും വീശി സംയുക്ത പ്രകടനം നടത്തുന്ന സ്ഥിതിയെക്കുറിച്ച് സിപിഐ(എം) പ്രവർത്തകർ ആലോചിക്കണം**

അവരുടെ സീറ്റ് വർദ്ധിക്കുമോ എന്നൊക്കെയുള്ള തെരഞ്ഞെടുപ്പ് കണക്കുകളി

(ശേഷം 11-ാം പേജിൽ)

# ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വേർതിരിവ് സിപിഐ(എം) ഇല്ലാതാക്കുന്നു

(10-ാം പേജിൽ നിന്ന്)

ലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്തായാലും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗത്തിലൂടെ അവരുടെ അവശേഷിക്കുന്ന ശക്തി സംരക്ഷിച്ചു നിർത്താനാവില്ല. ഇക്കാര്യം നേതാക്കൾ ആലോചിക്കണം. ഇപ്പോഴത്തെ നീക്കത്തോട് വിയോജിക്കുന്ന നേതാക്കളോടും പ്രവർത്തകരോടും ഞാൻ നന്ദി പറയുന്നു. അവർ ദുഃഖിതരാണ്. ഞങ്ങളവരെ സ്വാഗതം ചെയ്യുന്നു. ഇന്നുവരെ ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. ജനങ്ങളും അങ്ങനെയാണ് കണ്ടിരുന്നത്. ആ വേർതിരിവ് സിപിഐ(എം) നേതാക്കൾ ഇല്ലാതാക്കുകയാണ്. അവർ ചെങ്കൊടിയും ത്രിവർണ്ണ പതാകയും വീശി പ്രകടനം നടത്തുകയാണ്. ജനങ്ങൾ സ്വപ്നത്തിൽപ്പോലും കാണാത്ത കാര്യമാണിത്. അവിഭക്ത ബംഗാളിൽ, ഗാന്ധിജിയെയും നെഹ്റുവിനെയും പോലുള്ള വലതുപക്ഷത്തിന് ഉന്നത നേതാക്കളിൽപോലും കാര്യമായ സ്വാധീനമുണ്ടായിരുന്നില്ല. ഖുദിറാമിനെപ്പോലുള്ള വിപ്ലവകാരികളെ ഗാന്ധിയന്മാർ ബഹുമാനിച്ചിരുന്നില്ല. കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കാൻ അവർ സുഭാഷ് ചന്ദ്രബോസിനെ നിർബ്ബന്ധിച്ചു. അദ്ദേഹത്തെ കോൺഗ്രസ്സിൽ നിന്ന് പുറത്താക്കി. ഇക്കാരണങ്ങളാൽ 1950 കളിലും 60 കളിലും ബംഗാളിലെ ജനങ്ങളിൽ, വിശേഷിച്ച് വിദ്യാസമ്പന്നരിൽ ഇടതുപക്ഷ ചിന്താഗതി ശക്തമായി. വലതുപക്ഷക്കാർക്ക് അവരുടെ മനസ്സിൽ സ്ഥാനമുണ്ടായിരുന്നില്ല. സാഹചര്യം ഇടതുപക്ഷ രാഷ്ട്രീയത്തിന് അങ്ങേയറ്റം അനുകൂലമായിരുന്നു. അങ്ങനെയൊരു സംസ്ഥാനത്തെ എവ്വിധമൊരു പതനത്തിലാണ് എത്തിച്ചിരിക്കുന്നതെന്ന് സിപിഐ(എം) നേതാക്കൾ ആലോചിക്കണം. ഞാനിതു പറയുന്നത് എന്തെങ്കിലും വിരോധം കൊണ്ടല്ല, വളരെ വേദനയോടെയും ആശങ്കയോടെയുമാണ്. നിങ്ങളുടെ ഭരണകാലത്ത് ഞങ്ങളുടെ നിരവധി പ്രവർത്തകർ കൊല്ലപ്പെട്ടു. ഒരു വിപ്ലവപ്പാർട്ടിയായതുകൊണ്ട്, വീറുറ്റ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ കൊടിക്കൂറയേന്തിയതുകൊണ്ടാണ് ഞങ്ങൾക്ക് കൊടിയ പീഡനങ്ങൾ സഹിക്കേണ്ടി വന്നത്. ബിമൻബോസിന്റെ സാന്നിദ്ധ്യത്തിൽ ഞാനിതെല്ലാം പ്രകാശ് കാരാട്ടിനോട് പറഞ്ഞു. ഇരുവരും നിശ്ശബ്ദരായിരുന്നു. എന്നിട്ടും ഇടതുപക്ഷ രാഷ്ട്രീയ താൽപ്പര്യാർത്ഥം ഞങ്ങൾ ആറു പാർട്ടികളുടെ കൂട്ടുകെട്ടിൽ പങ്കാളിയായി. ഐക്യത്തിന്റെ ഒരു പ്രക്രിയ ആരംഭിച്ചിരിക്കുകയാണെന്നും ഇത് പടിപടിയായി വിപുലപ്പെടുത്തി, ശക്തിപ്പെടുത്തിയെടുക്കണമെന്നുമാണ് ഞങ്ങൾ ചിന്തിച്ചത്. നിരവധി സിപിഐ(എം)പ്രവർത്തകർ ഇത് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് സിപിഐ(എം) നേതൃത്വം ആ മാർഗ്ഗം വെടിഞ്ഞ് ഇടതുപക്ഷ പ്രസ്ഥാനത്തിന് വമ്പിച്ച ഹാനി വരുത്തിവച്ചത്.

**ഞങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് ഇടതുപക്ഷീയതയുടെ അന്തസ്സുയർത്താൻ**

ഇത്തരമൊരു സാഹചര്യത്തിൽ ഇടതുപക്ഷീയതയുടെ അന്തസ്സും യശസ്സും കാത്തുപുലർത്താൻ, വീറുറ്റ ഇടതുപക്ഷ പാരമ്പര്യം സംരക്ഷിക്കാൻ, ഒറ്റയ്ക്കെങ്കിലും ഉറച്ചുനിലകൊള്ളാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. തൊഴിലാളി-കർഷക-ബഹുജന സമരങ്ങളെ ശക്തിപ്പെടുത്താനും ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് വീര്യം പകരാനുമായിട്ടാണ് ഈ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ബിജെപിയുടെ ഫാസിസ്റ്റ് ആക്രമണങ്ങൾക്കെതിരെ ബുദ്ധിജീവികളും വിദ്യാഭ്യാസ വിചക്ഷണരും മാദ്ധ്യമ പ്രവർത്തകരും നിയമജ്ഞരും മറ്റും ബംഗാളിലും ദേശീയതലത്തിലും ഉയർത്തുന്ന പ്രതിഷേധശബ്ദങ്ങൾക്ക് കരുത്തുപകരാനാണ് ഈ നിലപാട്. ഈ കാഴ്ചപ്പാടും സമീപനവുമായി തെരഞ്ഞെടുപ്പിൽ ഞങ്ങൾ മത്സരിക്കും. ജനങ്ങളിൽ ഞങ്ങൾക്ക് ദൃഢമായ വിശ്വാസമുണ്ട്. ഇടതുപക്ഷ ചിന്താഗതിക്കാരും ജനാധിപത്യ വിശ്വാസികളും നേരായി ചിന്തിക്കുന്നവരൊക്കെയും ഞങ്ങളോടൊപ്പമുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾക്ക് വേണമെങ്കിൽ സിപിഐ(എം)-കോൺഗ്രസ്സ് സഖ്യത്തിൽ ചേരാമായിരുന്നു. കുറച്ചു സീറ്റുകളും അതുവഴി കിട്ടിയേനെ. വേണമെങ്കിൽ തൃണമൂലിനൊപ്പവും പോകാമായിരുന്നു. അങ്ങനെയും സീറ്റു വർദ്ധിപ്പിക്കാൻ കഴിയുമായിരുന്നു, ഞങ്ങളുടെ സീറ്റുകൾ നിലനിർത്താൻ കഴിയുമായിരുന്നു. എന്നാൽ ഞങ്ങൾ ആ വഴി തെരഞ്ഞെടുത്തില്ല. തെരഞ്ഞെടുപ്പ് പോരാട്ടത്തെ ഞങ്ങൾ ഇവ്വിധമല്ല കാണുന്നത്. തെരഞ്ഞെടുപ്പ് പോരാട്ടവും തത്വങ്ങളുടെയും പ്രത്യയശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ നടത്തേണ്ട ഒരു സമരമാണ്, പ്രക്ഷോഭമാണ്. അങ്ങനെയാണ് ഞങ്ങൾ കാണുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഖുദിറാം, ഭഗത്സിംഗ്, അസഫുള്ളഖാൻ, പ്രീതിലത് വദേദാർ പോലെയുള്ള ഏതൊരു വ്യക്തിത്വവും നൂറുകണക്കിന് എംഎൽഎമാരേക്കാൾ എംപിമാരേക്കാൾ വിലപ്പെട്ടവരാണ്. അവർ ജീവൻ വെടിഞ്ഞ് വിപ്ലവത്തിന്റെ പതാക ഉയർത്തിപ്പിടിച്ചവരാണ്. കുറച്ചു സീറ്റുകൾ കിട്ടിയാൽ കൊള്ളാം; അഥവാ ഒരു സീറ്റുപോലും കിട്ടിയില്ലെങ്കിലും, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയെന്ന മഹനീയമായ പ്രത്യയശാസ്ത്രത്തിന്റെ കരുത്തിൽ ഞങ്ങൾ പോരാട്ടം തുടർന്നുകൊണ്ടിരിക്കും.

**ഇത്തരമൊരു സാഹചര്യത്തിൽ ഇടതുപക്ഷീയതയുടെ അന്തസ്സും യശസ്സും കാത്തുപുലർത്താൻ, വീറുറ്റ ഇടതുപക്ഷ പാരമ്പര്യം സംരക്ഷിക്കാൻ, ഒറ്റയ്ക്കെങ്കിലും ഉറച്ചുനിലകൊള്ളാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. തൊഴിലാളി-കർഷക-ബഹുജന സമരങ്ങളെ ശക്തിപ്പെടുത്താനും ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് വീര്യം പകരാനുമായിട്ടാണ് ഈ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ബിജെപിയുടെ ഫാസിസ്റ്റ് ആക്രമണങ്ങൾക്കെതിരെ ബുദ്ധിജീവികളും വിദ്യാഭ്യാസ വിചക്ഷണരും മാദ്ധ്യമ പ്രവർത്തകരും നിയമജ്ഞരും മറ്റും ബംഗാളിലും ദേശീയതലത്തിലും ഉയർത്തുന്ന പ്രതിഷേധശബ്ദങ്ങൾക്ക് കരുത്തുപകരാനാണ് ഈ നിലപാട്. ഈ കാഴ്ചപ്പാടും സമീപനവുമായി തെരഞ്ഞെടുപ്പിൽ ഞങ്ങൾ മത്സരിക്കും. ജനങ്ങളിൽ ഞങ്ങൾക്ക് ദൃഢമായ വിശ്വാസമുണ്ട്. ഇടതുപക്ഷ ചിന്താഗതിക്കാരും ജനാധിപത്യ വിശ്വാസികളും നേരായി ചിന്തിക്കുന്നവരൊക്കെയും ഞങ്ങളോടൊപ്പമുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾക്ക് വേണമെങ്കിൽ സിപിഐ(എം)-കോൺഗ്രസ്സ് സഖ്യത്തിൽ ചേരാമായിരുന്നു. കുറച്ചു സീറ്റുകളും അതുവഴി കിട്ടിയേനെ. വേണമെങ്കിൽ തൃണമൂലിനൊപ്പവും പോകാമായിരുന്നു. അങ്ങനെയും സീറ്റു വർദ്ധിപ്പിക്കാൻ കഴിയുമായിരുന്നു, ഞങ്ങളുടെ സീറ്റുകൾ നിലനിർത്താൻ കഴിയുമായിരുന്നു. എന്നാൽ ഞങ്ങൾ ആ വഴി തെരഞ്ഞെടുത്തില്ല. തെരഞ്ഞെടുപ്പ് പോരാട്ടത്തെ ഞങ്ങൾ ഇവ്വിധമല്ല കാണുന്നത്. തെരഞ്ഞെടുപ്പ് പോരാട്ടവും തത്വങ്ങളുടെയും പ്രത്യയശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ നടത്തേണ്ട ഒരു സമരമാണ്, പ്രക്ഷോഭമാണ്. അങ്ങനെയാണ് ഞങ്ങൾ കാണുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഖുദിറാം, ഭഗത്സിംഗ്, അസഫുള്ളഖാൻ, പ്രീതിലത് വദേദാർ പോലെയുള്ള ഏതൊരു വ്യക്തിത്വവും നൂറുകണക്കിന് എംഎൽഎമാരേക്കാൾ എംപിമാരേക്കാൾ വിലപ്പെട്ടവരാണ്. അവർ ജീവൻ വെടിഞ്ഞ് വിപ്ലവത്തിന്റെ പതാക ഉയർത്തിപ്പിടിച്ചവരാണ്. കുറച്ചു സീറ്റുകൾ കിട്ടിയാൽ കൊള്ളാം; അഥവാ ഒരു സീറ്റുപോലും കിട്ടിയില്ലെങ്കിലും, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയെന്ന മഹനീയമായ പ്രത്യയശാസ്ത്രത്തിന്റെ കരുത്തിൽ ഞങ്ങൾ പോരാട്ടം തുടർന്നുകൊണ്ടിരിക്കും.**

മറ്റു സംസ്ഥാനങ്ങളെപ്പോലെ പശ്ചിമബംഗാളും ഇന്ന് ഭയാനകമായ ഒരു സ്ഥിതിവിശേഷത്തിലാണ്. യുവാക്കളും വിദ്യർത്ഥികളും ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ചൂതുകളിയുടെയും ലൈംഗിക വൈകൃതങ്ങളുടെയും അശ്ലീലതയുടെയും ചെളിക്കുണ്ടിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുകയാണ്. മാതാപിതാക്കളെ അംഗീകരിക്കാനോ, ബഹുമാനിക്കാനോ തയ്യാറാകുന്നില്ല. സ്ത്രീകളുടെ അന്തസ്സിനുനേരെ ഭീഷണിയുയരുന്നു. ബലാൽസംഗങ്ങൾ, കൂട്ടബലാൽസംഗങ്ങൾ അപകടകരമാംവിധം വർദ്ധിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങളെയും വൃദ്ധകളെയും പോലും വെറുതെവിടുന്നില്ല. സ്ത്രീകൾക്കുമേൽ ഇത്തരം അതിക്രമങ്ങൾ നടത്തുന്നവരെ മനുഷ്യരെന്ന് വിളിക്കാൻ കഴിയുമോ? മൃതപ്രായമായ മുതലാളിത്തവ്യവസ്ഥയാണ് ഇക്കൂട്ടരെ സൃഷ്ടിക്കുന്നത്. മനുഷ്യസത്തയെയും മാനുഷിക ഗുണങ്ങളെയും കൂടി അത് നശിപ്പിക്കുന്നു. റാംമോഹൻ, വിദ്യാസാഗർ, വിവേകാനന്ദൻ, രവീന്ദ്രനാഥ്, ശരത്ചന്ദ്രൻ, നസ്രുൾ, ദേശബന്ധു, സുഭാഷ്ചന്ദ്രബോസ്, ഖുദിറാംബോസ്, പ്രീതിലത തുടങ്ങിയ ഉജ്ജ്വല വ്യക്തിത്വങ്ങൾക്ക് ജന്മം നൽകിയ അതേ ബംഗാൾ തന്നെയാണോ ഇതെന്ന് ഇന്നത്തെ ബംഗാളിന്റെ അവസ്ഥ കണ്ടാൽ ഒരാൾ സംശയിച്ചുപോകും. ആ യശസ്സ് എന്തുകൊണ്ട് നഷ്ടപ്പെട്ടു? തെരഞ്ഞെടുപ്പിന് മുമ്പ് ടിഎംസി വാഗ്ദാനം ചെയ്ത മാറ്റം എവിടെ? കന്യാശ്രീ, യുവശ്രീ, ഛാത്രശ്രീ എന്നീ സ്കീമുകൾ നടപ്പാക്കിയും കുറച്ച് സ്കൂൾ കുട്ടികൾക്ക് ഷൂസും സൈക്കിളും മറ്റും വിതരണം ചെയ്തും പല "നൂതന" പദ്ധതികളും നടപ്പിലാക്കിയതായി ടിഎംസി അവകാശപ്പെടുന്നു. ഈ പൊങ്ങച്ചങ്ങളും പ്രകടനങ്ങളുമൊക്കെ കുറച്ച് ആളുകളുടെ കണ്ണിൽ പൊടിയിടാനും കുറച്ച് വോട്ട് നേടാനും ഉപകരിച്ചേയ്ക്കാം. എന്നാൽ രാജ്യത്തിന്റെ ഇതര ഭാഗങ്ങളെപ്പോലെത്തന്നെ അന്ധകാരത്തിലേയ്ക്ക് കൂപ്പുകുത്തുന്ന പശ്ചിമ ബംഗാളിനെ രക്ഷിക്കാൻ ഇതുകൊണ്ടൊന്നുമാവില്ല.

എസ്‌യുസിഐ(സി)യുടെ കരുത്ത് വിപ്ലവ പ്രത്യയശാസ്ത്രത്തിലും ഉന്നതമായ സദാചാരബോധത്തിലും ജനങ്ങളുടെ അകമഴിഞ്ഞ അനുഭാവത്തിലും പിന്തുണയിലുമാണ് കുടികൊള്ളുന്നത്. ചുരുക്കത്തിൽ, ഞങ്ങൾ കേന്ദ്രത്തിലെ ബിജെപിയെയും കോൺഗ്രസ്സിനെയും ടിഎംസിയുടെ ദുർഭരണത്തെയും സിപിഐ(എം)ന്റെ അവസരവാദത്തെയും എതിർക്കുന്നു. ഈ ശക്തികൾക്കെല്ലാമെതിരെയുള്ള പോരാട്ടം ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യും.

**എസ്‌യുസിഐ(സി)യുടെ കരുത്ത് വിപ്ലവ പ്രത്യയശാസ്ത്രത്തിലും ഉന്നതമായ സദാചാരബോധത്തിലും ജനങ്ങളുടെ അകമഴിഞ്ഞ അനുഭാവത്തിലും പിന്തുണയിലുമാണ് കുടികൊള്ളുന്നത്. ചുരുക്കത്തിൽ, ഞങ്ങൾ കേന്ദ്രത്തിലെ ബിജെപിയെയും കോൺഗ്രസ്സിനെയും ടിഎംസിയുടെ ദുർഭരണത്തെയും സിപിഐ(എം)ന്റെ അവസരവാദത്തെയും എതിർക്കുന്നു. ഈ ശക്തികൾക്കെല്ലാമെതിരെയുള്ള പോരാട്ടം ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യും. അതേസമയംതന്നെ, വ്യവസായികളും ബിസിനസ്സുകാരും കരിഞ്ചന്തക്കാരും മറ്റും കൊടുക്കുന്ന പണത്തിന്റെ ബലത്തിലാണ് മറ്റ് പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്ന് നമുക്കറിയാം. അവർ പണം കൊടുത്ത് വാടക ഗൂണ്ടകളെയും ഏർപ്പാടാക്കുന്നു. ബൂർഷ്വാ വർഗ്ഗം നിയന്ത്രിക്കുന്ന പത്രങ്ങളും ടിവിയുമൊക്കെ ഇവർക്ക് പ്രചാരം നൽകി ഉയർത്തിക്കാണിക്കുന്നു. സ്വതന്ത്രവും നീതിപൂർവ്വകവുമായാണ് തെരഞ്ഞെടുപ്പ് നടക്കുന്നതെന്ന് വരുത്തിത്തീർക്കാൻ തെരഞ്ഞെടുപ്പിനു മുമ്പ് തെരഞ്ഞെടുപ്പ് കമ്മീഷൻ ചിലതൊക്കെ കാട്ടിക്കൂട്ടുന്നു.എന്നാൽ തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾ നിർബ്ബാധം നടക്കുന്നു. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി എന്ന നിലയിൽ ഞങ്ങൾക്ക് ഈ പ്രതികൂലാവസ്ഥകൾക്കെല്ലാമെതിരെ ഒറ്റയ്ക്ക് പൊരുതേണ്ടി വരുന്നു. വിപ്ലവ പ്രത്യയശാസ്ത്രത്തിൽ നിന്നും ഉന്നതമായ സദാചാര-ധാർമ്മിക മൂല്യങ്ങളിൽ നിന്നും സാധാരണക്കാർ നൽകുന്ന സ്നേഹവാത്സല്യങ്ങളിൽ നിന്നുമുള്ള കരുത്താണ് ഞങ്ങളുടെ പാർട്ടിക്കുള്ളത്. ഇതിനേക്കാൾ വലിയ ശക്തി വേറെയില്ല. ഈ വിശ്വാസത്തോടെ ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിടും.**

അതേസമയംതന്നെ, വ്യവസായികളും ബിസിനസ്സുകാരും കരിഞ്ചന്തക്കാരും മറ്റും കൊടുക്കുന്ന പണത്തിന്റെ ബലത്തിലാണ് മറ്റ് പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്ന് നമുക്കറിയാം. അവർ പണം കൊടുത്ത് വാടക ഗൂണ്ടകളെയും ഏർപ്പാടാക്കുന്നു. ബൂർഷ്വാ വർഗ്ഗം നിയന്ത്രിക്കുന്ന പത്രങ്ങളും ടിവിയുമൊക്കെ ഇവർക്ക് പ്രചാരം നൽകി ഉയർത്തിക്കാണിക്കുന്നു. സ്വതന്ത്രവും നീതിപൂർവ്വകവുമായാണ് തെരഞ്ഞെടുപ്പ് നടക്കുന്നതെന്ന് വരുത്തിത്തീർക്കാൻ തെരഞ്ഞെടുപ്പിനു മുമ്പ് തെരഞ്ഞെടുപ്പ് കമ്മീഷൻ ചിലതൊക്കെ കാട്ടിക്കൂട്ടുന്നു.എന്നാൽ തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾ നിർബ്ബാധം നടക്കുന്നു. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി എന്ന നിലയിൽ ഞങ്ങൾക്ക് ഈ പ്രതികൂലാവസ്ഥകൾക്കെല്ലാമെതിരെ ഒറ്റയ്ക്ക് പൊരുതേണ്ടി വരുന്നു. വിപ്ലവ പ്രത്യയശാസ്ത്രത്തിൽ നിന്നും ഉന്നതമായ സദാചാര-ധാർമ്മിക മൂല്യങ്ങളിൽ നിന്നും സാധാരണക്കാർ നൽകുന്ന സ്നേഹവാത്സല്യങ്ങളിൽ നിന്നുമുള്ള കരുത്താണ് ഞങ്ങളുടെ പാർട്ടിക്കുള്ളത്. ഇതിനേക്കാൾ വലിയ ശക്തി വേറെയില്ല. ഈ വിശ്വാസത്തോടെ ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിടും. ജനങ്ങളോട്, വിദ്യാർത്ഥികളോടും യുവാക്കളോടും ഞങ്ങളുടെ അഭ്യർത്ഥന ഇതാണ്: പൊള്ളയായ വാഗ്ദാനങ്ങളിൽ നിങ്ങൾ കുടുങ്ങരുത്. ദുരമൂത്തവർ വച്ചു നീട്ടുന്ന പണത്തിനുവേണ്ടി നിങ്ങളുടെ മനഃസാക്ഷി പണയപ്പെടുത്തരുത്. അന്തസ്സോടെയും അഭിമാനത്തോടെയും തലയുയർത്തിപ്പിടിച്ച് നിങ്ങൾ നിലകൊള്ളുക. പലകാലഘട്ടങ്ങളിലായി ജീവിച്ചിരുന്ന മഹാന്മാരെ നിങ്ങൾ സ്മരിക്കുക. ഈ മണ്ണിൽ ജനിച്ച പ്രതിഭാശാലികളെ, ബ്രിട്ടീഷ്‌വാഴ്ചക്കാലത്ത് നാടിന്റെ യശസ്സുയർത്തിയ വിപ്ലവകാരികളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. ഇന്ന് സമ്പദ്ഘടന, രാഷ്ട്രീയം, സംസ്ക്കാരം, മാനവികത, സാമൂഹ്യജീവിതം, കുടുംബജീവിതം, സ്ത്രീസുരക്ഷ, മാനുഷിക മൂല്യങ്ങൾ എല്ലാം തകർക്കുന്നത് മുതലാളിത്തമാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും നിലനിൽക്കുന്ന മുതലാളിത്ത ചൂഷണത്തിന്റെ നുകത്തിൽ നിന്ന് മോചനം നേടാൻ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം അനിവാര്യമാണ്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി, മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച പാർട്ടിയാണ്. അത് വിപ്ലവത്തിന്റെ കൊടിക്കൂറ അചഞ്ചലം ഉയർത്തിപ്പിടിക്കുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യെ ശക്തിപ്പെടുത്തുക. തെരഞ്ഞെടുപ്പിലും പിന്തുണ നൽകുക.

### *മാദ്ധ്യമ പ്രവർത്തകരുടെ ചോദ്യങ്ങളും മറുപടിയും*

മാദ്ധ്യമ പ്രവർത്തകൻ: പ്രൊവാഷ് ബാബു, നിങ്ങൾ ഒറ്റയ്ക്കോ, നിങ്ങളും സിപിഐ(എംഎൽ) ലിബറേഷനുമായി ചേർന്നോ ആയിരിക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കുക. എന്നാൽ നിങ്ങൾക്ക് ഒരു ഗവണ്മെന്റ് രൂപീകരിക്കാനാവില്ല. അത്തരമൊരു സാഹചര്യത്തിൽ, ഒരു സിപിഐ(എം)-കോൺഗ്രസ്സ് സഖ്യ സർക്കാർ വരുന്നതോ, അല്ലെങ്കിൽ ടിഎംസി സർക്കാർ വരുന്നതോ, ഏതാണ് താങ്കൾക്ക് സന്തോഷമായിരിക്കുക?

പ്രൊവാഷ്ഘോഷ്: എന്റെ സന്തോഷവും സങ്കടവുമല്ല പ്രശ്നം. ഇവരിൽ ആര് അധികാരത്തിൽ വന്നാലും ജനങ്ങൾക്ക് ഒരു നന്മയും ചെയ്യാൻ പോകുന്നില്ല. വീറുറ്റ ഇടതുപ്രക്ഷോഭത്തിന്റെ പശ്ചാത്തലവും പഴയ ഐക്യമുന്നണി സർക്കാരിന്റെ പാരമ്പര്യവും പേറുന്ന ഒരു ഗവണ്മെന്റ് അധികാരത്തിൽ വന്നാൽ അതിന് കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയും.

മാദ്ധ്യമ പ്രവർത്തകൻ: പ്രൊവാഷ് ബാബു, നിങ്ങൾ സ്വയം ഒരു പ്രതിപക്ഷ പാർ

(ശേഷം 12-ാം പേജിൽ)

# ഇടതുപക്ഷീയതയുടെ അന്തസ്സുയർത്തിപ്പിടിച്ചുവേണം തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ

**പ്രൊവാസ് ഘോഷിന്റെ പത്രസമ്മേളനം...**

*(11–ാം പേജിൽ നിന്ന്)*

ട്ടി എന്നവകാശപ്പെടുന്നുണ്ടെങ്കിലും പ്രതിപക്ഷ വോട്ടുകൾ ഭിന്നിപ്പിച്ച് ടിഎംസിയുടെ സർക്കാരിന് വീണ്ടും വരാൻ അവസരമൊരുക്കുന്നു എന്നൊരു ആരോപണം വരാമല്ലോ.

പ്രൊവാഷ്ഘോഷ്: ഞങ്ങളെ പിന്തുണയ്ക്കുന്നവർ ഞങ്ങൾക്ക് വോട്ടു ചെയ്യും. എങ്ങനെയാണ് ഞങ്ങൾക്ക് മറ്റുള്ളവരുടെ വോട്ടുകൾ തട്ടിയെടുക്കാൻ കഴിയുക? ഞങ്ങളുടെ കാഴ്ചപ്പാടുകളോട് യോജിക്കുന്നവർ ഞങ്ങൾക്കല്ലേ വോട്ടുചെയ്യുകയുള്ളൂ. വോട്ട് ആരുടെയും കീശയിൽ കിടക്കുന്നതല്ല. ജനങ്ങളാണ് വോട്ട് ചെയ്യുന്നത്. അവർ പിന്തുണയ്ക്കുന്നവർക്ക് അവർ വോട്ടു ചെയ്യുന്നു. ആരുടെയും വോട്ട് പിടിച്ചെടുക്കാനുള്ള കഴിവൊന്നും ഞങ്ങൾക്കില്ല. മറ്റുള്ളവർ ഭീമമായ തുകകൾ തെരഞ്ഞെടുപ്പിൽ ചെലവഴിക്കുന്നു. അവർ പണംകൊടുത്ത് വോട്ടുവാങ്ങുന്നു. സദ്യയും മദ്യവും നൽകി ജനങ്ങളെ വശീകരിക്കുന്നു. ഞങ്ങൾ അങ്ങനെയൊരു നിലയിലേയ്ക്ക് അധഃപതിക്കില്ല എന്ന് ജനങ്ങൾക്കറിയാം. തെരുവിലും വീടുകൾതോറും നടത്തുന്ന പിരിവിലൂടെ പണം സമാഹരിച്ച് പ്രചാരണം നടത്തുകയും സമരങ്ങൾ സംഘടിപ്പിക്കുകയും ഇലക്ഷന് മത്സരിക്കുകയും ചെയ്യുന്ന ഏക പാർട്ടിയാണ് ഞങ്ങളുടേത്.

മാദ്ധ്യമപ്രവർത്തകൻ: നിങ്ങൾ നേരത്തെ ടിഎംസിയുമായി ചേർന്ന് തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട്. പിന്നെന്തിനാണ് സിപിഐ(എം) കോൺഗ്രസ്സുമായി ധാരണയുണ്ടാക്കുന്നതിനെ എതിർക്കുന്നത്.

### സിംഗൂർ–നന്ദിഗ്രാം സമരങ്ങളുടെ ലഘുചരിത്രം

പ്രൊവാഷ്ഘോഷ്: ടിഎംസിയുമായി ഞങ്ങൾ സഖ്യമുണ്ടാക്കിയത് എന്തുകൊണ്ടാണെന്നും ഏത് പ്രത്യേക സാഹചര്യത്തിലാണെന്നും നിരവധി പൊതുയോഗങ്ങളിൽ ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. കഴിയുന്നത്ര ചുരുക്കി ഞാനതിവിടെ അവതരിപ്പിക്കാം. ഒന്നാമതായി, ഏതെങ്കിലും തെരഞ്ഞെടുപ്പ് താൽപ്പര്യം മുൻനിർത്തിയുള്ള ഐക്യമായിരുന്നില്ല അത്. സിംഗൂരിലും നന്ദിഗ്രാമിലും സമരം സംഘടിപ്പിക്കുവാൻ ആദ്യം മുൻകൈയെടുത്തത് ഞങ്ങളുടെ പാർട്ടിയായിരുന്നു എന്ന കാര്യം ഏവർക്കും അറിയാം. ഇടതുമുന്നണി ഗവണ്മെന്റ് ആ സമരത്തെ ക്രൂരമായി ആക്രമിച്ചു. ആ സന്ദർഭത്തിലാണ് ടിഎംസി ഞങ്ങളോട് ചേർന്ന് സമരത്തിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെട്ടത്. എന്നാൽ അവരുടെയും ഞങ്ങളുടെയും ലക്ഷ്യം തികച്ചും വ്യത്യസ്തമായിരുന്നു. ഒരു വിപ്ലവ പാർട്ടി എന്ന നിലയിൽ, ജനങ്ങളെ സംഘടിപ്പിക്കുകയും അവരുടെ ഡിമാന്റുകൾ നേടിയെടുക്കുന്നതിനായി അന്ത്യം വരെയും പോരാടുകയുമാണ് ഞങ്ങൾ ചെയ്യുന്നത്. ടിഎംസിയാകട്ടെ, സമരത്തിൽ പങ്കെടുത്തുകൊണ്ട് സർക്കാർ വിരുദ്ധ വികാരത്തെ തെരഞ്ഞെടുപ്പിൽ നേട്ടം കൊയ്യാൻ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ഞങ്ങൾക്കതറിയാം. എന്നാൽ അന്നത്തെ സാഹചര്യത്തിൽ ഇടതുമുന്നണി ഗവണ്മെന്റിന്റെ ഭീകരമായ കടന്നാക്രമണങ്ങളെ ഒറ്റയ്ക്കുനിന്ന് ചെറുത്ത് ഞങ്ങൾക്ക് സമരത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. എന്നുമാത്രമല്ല, ഞങ്ങൾ സംഘടിപ്പിക്കുന്ന സമരങ്ങൾക്കൊന്നും ബൂർഷ്വാ മാദ്ധ്യമങ്ങൾ യാതൊരു പ്രചാരണവും നൽകുന്നുണ്ടായിരുന്നില്ല. ടിഎംസിയ്ക്കും അവർക്ക് താൽപ്പര്യമുള്ള മറ്റു പാർട്ടികൾക്കും വമ്പിച്ച പ്രചാരം ലഭിക്കുകയും ചെയ്തിരുന്നു. ആ സാഹചര്യത്തിലാണ്, സമരത്തിന്റെ താൽപ്പര്യം മുൻനിർത്തി ഞങ്ങൾ ടിഎംസിയുമായി ഒരു ഐക്യത്തിന് തയ്യാറായത്. എന്നിട്ടും തുടക്കത്തിൽ രണ്ടു പാർട്ടികൾ തമ്മിലുള്ള ഐക്യം എന്ന നിലയിലല്ല ഞങ്ങൾ മുന്നോട്ടുവന്നത്. സിംഗൂരിൽ 'കൃഷിഭൂമി സംരക്ഷണ സമിതി'യെന്നും നന്ദിഗ്രാമിൽ 'കുടിയൊഴിപ്പിക്കൽ വിരുദ്ധ സമിതി'യെന്നും രണ്ട് ജനകീയ സമിതികളുണ്ടാക്കി അതിന്റെ ആഭിമുഖ്യത്തിലാണ് സമരം നടത്തിയത്. അതിനുമുമ്പ് ടിഎംസി സ്വന്തമായി നടത്തിയ സമര പരിപാടികൾക്ക് ഒരു ഡിമാന്റും നേടിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഞങ്ങളുടെ പങ്കാളിത്തം മൂലം, താഴെത്തലം മുതൽ സമരക്കമ്മിറ്റികളും വോളന്റിയർ സേനകളും ഉണ്ടാക്കിക്കൊണ്ട് നിരന്തരമായ സമരം വളർത്തിയെടുക്കാൻ കഴിഞ്ഞു. ഇവ്വിധം ഞങ്ങളുടെ മുൻകൈയിൽ സംഘടിച്ച ദരിദ്ര കർഷകരും ബഹുജനങ്ങളും പോലീസിന്റെ ക്രൂരമായ അടിച്ചമർത്തൽ നേരിട്ടുകൊണ്ട് നടത്തിയ സമരം തുടർന്നിരുന്നെങ്കിൽ സിംഗൂരിൽ കൃഷിഭൂമി പിടിച്ചെടുത്ത് ടാറ്റയ്ക്ക് നൽകാൻ ഇടതുമുന്നണി സർക്കാരിന് കഴിയുമായിരുന്നില്ല എന്നകാര്യം നിങ്ങൾ അറിഞ്ഞിരിക്കണം. എന്നാൽ ടിഎംസി ഒരിക്കലും ഇവ്വിധത്തിലുള്ള വീറുറ്റ സമരങ്ങൾക്ക് തയ്യാറായിരുന്നില്ല. ടിഎംസി നേതാവ് കൽക്കത്തയിൽ നിരാഹാര സമരം നടത്തി ഡിമാന്റ് നേടിയെടുക്കുമെന്ന പ്രതീതിയുണ്ടാക്കാനാണ് ശ്രമിച്ചത്. ഇതുവഴി അവർ സമരത്തെ തണുപ്പിച്ചു. ഈ അവസരം മുതലെടുത്തുകൊണ്ട് ഇടതുമുന്നണി സർക്കാർ ഭൂമി പിടിച്ചെടുത്തു. അന്ന് ഞങ്ങൾ ടിഎംസിയുടെ നിലപാടിനെ പരസ്യമായി വിമർശിച്ചു. എന്നാൽ സ്വന്തം നിലയിൽ സമരം മുന്നോട്ടു കൊണ്ടുപോകാനുള്ള സംഘടനാ ശേഷി സിംഗൂരിൽ ഞങ്ങൾക്കുണ്ടായിരുന്നില്ല. അതിന്റെ ഫലമാണ് സിംഗൂരിലെ കർഷകർ ഇന്നും അനുഭവിക്കുന്ന യാതനകൾ. സിംഗൂർ വിഷയത്തിൽ നിയമക്കുരുക്ക് അഴിക്കാൻ 50 വർഷമെങ്കിലുമെടുക്കും എന്നാണ് ടിഎംസി നേതാവ് പറയുന്നത്. എന്നാൽ ടിഎംസി അധികാരത്തിലെത്തിയപ്പോൾ ഞങ്ങൾ പറഞ്ഞത്, കർഷകർ അവരിൽ നിന്ന് പിടിച്ചെടുത്ത ഭൂമി ബലമായി തിരിച്ചുപിടിക്കട്ടെ, പോലീസ് അത് തടയാതിരിക്കണം എന്നാണ്. തുടർന്ന്, അനുയോജ്യമായ നിയമനിർമ്മാണം നടത്തി ഗവണ്മെന്റ് അതിന് നിയമസാധുത നൽകണം. എന്നാൽ അധികാരത്തിൽ എത്തിയതോടെ ടിഎംസിയുടെ ദൗത്യം പൂർത്തിയായിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങളുടെ നിർദ്ദേശം അവർ അംഗീകരിച്ചില്ല. എന്നാൽ നന്ദിഗ്രാമിൽ ഇവ്വിധം സമരം നിർത്താൻ ടിഎംസിക്കായില്ല. അവിടെ ഞങ്ങൾക്ക് കുറേക്കൂടി ശക്തമായ സംഘടനയുണ്ടായിരുന്നു. ഞങ്ങൾ ആവിഷ്ക്കരിച്ച ചെറുത്തുനിൽപ്പ് സമരത്തിന്റെ പ്രാധാന്യം പ്രാദേശിക ടിഎംസി നേതാക്കൾ മനസ്സിലാക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ നന്ദിഗ്രാം സമരം വിജയിച്ചു.

മറ്റൊരുകാര്യം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വോട്ടിനുവേണ്ടിയല്ല, സമരത്തിനുവേണ്ടി വലതുപക്ഷക്കാരുമായിപ്പോലും താൽക്കാലിക ഐക്യമാകാം എന്നതാണ് മാർക്സിസത്തിന്റെ നിലപാട്.

1905–ൽ റഷ്യയിൽ സാർചക്രവർത്തിക്കെതിരെ ഒരു പിന്തിരിപ്പൻ പാതിരി നയിച്ച തൊഴിലാളികളുടെയും കർഷകരുടെയും സമരത്തിൽ പങ്കെടുക്കാൻ മഹാനായ ലെനിൻ കമ്മ്യൂണിസ്റ്റുകളെ ആഹ്വാനം ചെയ്തു. അവിടെ ഡിമാന്റുകൾ ജനാധിപത്യപരമായിരുന്നു എന്നുമാത്രമല്ല നേതൃത്വത്തിന്റെ പിന്തിരിപ്പൻ സ്വഭാവം തുറന്നുകാട്ടേണ്ടതുമുണ്ടായിരുന്നു. ഇതേ കാരണത്താലാണ് 1974–75 ലെ ജയപ്രകാശ് നാരായണൻ നയിച്ച സമരത്തിൽ നമ്മുടെ പാർട്ടി പങ്കുചേർന്നത്. വലതുപക്ഷക്കാർ ആ സമരത്തിൽ ഉണ്ടെന്നറിഞ്ഞുകൊണ്ടുതന്നെ അതിൽ പങ്കെടുക്കുകയും സിപിഐ(എം)നോട് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 34 വർഷം നീണ്ട ഇടതുമുന്നണിഭരണകാലത്ത് ആ സർക്കാരിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരെ നിരവധി സമരങ്ങൾ സംഘടിപ്പിച്ചു. പ്രൈമറി തലത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ സമരമുൾപ്പെടെ നിരവധി സമരങ്ങൾ നടത്തി. ഈ സമരങ്ങളിൽ ഞങ്ങളുടെ 161 സഖാക്കൾ രക്തസാക്ഷികളായി. പലരേയും കള്ളക്കേസിൽ കുടുക്കി ജീവപര്യന്തം തടവിന് ശിക്ഷിച്ചു. പക്ഷേ, ആ ഗവൺമെന്റിനെ മറിച്ചിടാൻ ഒരിക്കലും ഞങ്ങൾ ആഹ്വാനം ചെയ്തില്ല. അസംബ്ലിയിൽ ആ സർക്കാരിനെതിരായ അവിശ്വാസ പ്രമേയത്തെ പിന്തുണച്ചില്ല. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യുകയും ചെയ്തു. എന്നാൽ, സിംഗൂർ–നന്ദിഗ്രാം സമരങ്ങൾ അടിച്ചമർത്താനായി ഇടതുമുന്നണി ഗവൺമെന്റ് പോലീസിന്റെയും ക്രിമിനലുകളുടെയും സഹായത്തോടെ കൂട്ടക്കൊലകളും കൂട്ടബലാൽസംഗങ്ങളും നടത്തിയപ്പോൾ അതിനെ ഒരു ഫാസിസ്റ്റ് ആക്രമണമെന്ന് ഞങ്ങൾ വിശേഷിപ്പിച്ചു. ബഹുജന സമരങ്ങൾ അടിച്ചമർത്താൻ കോൺഗ്രസ്, ബിജെപി ഗവൺമെന്റുകൾ പലപ്പോഴും വെടിവെയ്പ് നടത്തുകയും സമരക്കാരെ കൊല്ലുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവർപോലും കൂട്ടബലാൽസംഗങ്ങൾ നടത്തിയിട്ടില്ല. വർഗീയ കലാപങ്ങൾ നടക്കുമ്പോഴാണ് ഇത്തരം ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. അങ്ങനെ, അന്ന് ആദ്യമായി "ഇടതുമുന്നണി ഗവൺമെന്റ് പുറത്തുപോകണം" എന്ന മുദ്രാവാക്യം ഞങ്ങൾ ഉയർത്തി. എന്തുകൊണ്ടെന്നാൽ, ഇത്രയൊക്കെയായിട്ടും ആ ഗവൺമെന്റിനെ തുടരാൻ അനുവദിച്ചാൽ ബഹുജന പ്രക്ഷോഭങ്ങളെ കൂടുതൽ ക്രൂരമായി അത് അടിച്ചമർത്തുമായിരുന്നു. അന്ന് ബഹുഭൂരിപക്ഷം ജനങ്ങളും ആ ഗവൺമെന്റിന്റെ പതനം ആഗ്രഹിച്ചു. എന്നുമാത്രമല്ല, കഴിഞ്ഞ പാർലമെന്റ്, അസംബ്ലി തെരഞ്ഞെടുപ്പുകൾ നടന്നത്, സിംഗൂർ–നന്ദിഗ്രാം സമരങ്ങളെ പിന്തുണയ്ക്കുന്നവരും എതിർക്കുന്നവരും തമ്മിലായിരുന്നു. ഞങ്ങൾക്ക് നേരിടേണ്ടിവന്ന ആക്രമണങ്ങളെല്ലും പരിഗണിക്കാതെയാണ് ആ സമരങ്ങൾ വളർത്തിയെടുക്കാൻ ഞങ്ങൾ ക്ലേശിച്ചത്.

ഇക്കാരണത്താലാണ് ഞങ്ങൾ ടിഎംസിയുമായി ഐക്യമുണ്ടാക്കിയത്. നന്ദിഗ്രാം സമരത്തിന് വിജയിക്കാനായത് എസ്‌യുസിഐ(സി)യുടെ സാന്നിദ്ധ്യം കൊണ്ടായിരുന്നുവെന്നത് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും മാദ്ധ്യമങ്ങൾക്കും പോലീസിനും ഭരണസംവിധാനത്തിനുമെല്ലാം നന്നായറിയാം. സമരത്തിലെ സുപ്രധാനശക്തി ആരായിരുന്നുവെന്ന് അവിടുത്തെ ജനങ്ങൾക്കും നന്നായറിയാം. എന്നാൽ, എല്ലാം ടിഎംസി ചെയ്യുന്നതായാണ് ബൂർഷ്വാമാദ്ധ്യമങ്ങൾ പ്രചരിപ്പിച്ചത്. ഐതിഹാസികമായ ഈ സമരത്തിൽ നമ്മുടെ പാർട്ടി വഹിച്ച പങ്ക് ജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കുന്നതിനായാണ് ഇങ്ങനെ ചെയ്തത്. അതുകൊണ്ടുതന്നെ ഇലക്ഷനിൽ ഒന്നിച്ച് മത്സരിച്ച് പാർട്ടി വഹിച്ച പങ്ക് ജനങ്ങളെ അറിയിക്കേണ്ടതുണ്ടായിരുന്നു. മറ്റൊരു പ്രധാനകാര്യം കൂടിയുണ്ട്. ജനവികാരം ഇടതുമുന്നണി ഗവൺമെന്റിന് എതിരാണെന്നും ടിഎംസി അധികാരത്തിലെത്തുമെന്നും ഞങ്ങൾ മനസ്സിലാക്കിയിരുന്നു. തെരഞ്ഞെടുപ്പ് വേളയിൽ സിപിഐ(എം)നെ ചൂണ്ടിക്കാണിച്ച് ടിഎംസി, മാർക്സിസ്റ്റ് വിരുദ്ധവും ഇടതുപക്ഷ വിരുദ്ധവുമായ ഒരു പ്രചാരണം അഴിച്ചുവിടാനുള്ള സാദ്ധ്യതയുണ്ടായിരുന്നു. അതും തടയണമായിരുന്നു. ഞങ്ങളുടെ പാർട്ടിക്ക് ജനങ്ങളുടെ ഇടയിലുള്ള മതിപ്പ് ഉപയോഗപ്പെടുത്തി വോട്ടുപിടിക്കാൻ ടിഎംസി ശ്രമിച്ചു. അതിനാൽ അവർക്ക് ഞങ്ങളുമായി യോജിക്കേണ്ട ആവശ്യമുണ്ടായിരുന്നു. നിങ്ങൾക്കും സിപിഐ(എം) പ്രവർത്തകർക്കും നന്നായറിയാവുന്ന ഒരു വസ്തുതകൂടിയുണ്ട്. തെരഞ്ഞെടുപ്പിൽ കൃത്രിമമോ, അക്രമമോ നടത്താതെ തന്നെ തൃണമൂലിന് വിജയിക്കാൻ കഴിയുന്ന തരത്തിൽ ശക്തമായ ഇടതുമുന്നണി വിരുദ്ധവികാരം നിലവിലുണ്ടായിരുന്നു. അല്ലെങ്കിൽ ഇടതുമുന്നണിയുടെ മുഖ്യമന്ത്രി തന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു ബ്യൂറോക്രാറ്റിനോട് ഇത്രയും വലിയ അന്തരത്തിൽ തോൽക്കുമായിരുന്നോ? ഞങ്ങൾ അവർക്കൊപ്പമില്ലായിരുന്നുവെങ്കിൽ, മാർക്സിസത്തിനും ഇടതുപക്ഷ രാഷ്ട്രീയത്തിനുമെതിരെ വ്യാപകമായ പ്രചാരണം നടത്തിക്കൊണ്ട്, സിംഗൂർ–നന്ദിഗ്രാം സമരങ്ങളുടെ ഖ്യാതിമുഴുവൻ തട്ടിയെടുത്തുകൊണ്ട് ടിഎംസി വിജയിക്കുമായിരുന്നു. ഇടതുപക്ഷീയതയുടെയും സമരങ്ങളുടെയും താൽപ്പര്യാർത്ഥം അതു തടയാൻ ഞങ്ങൾക്കായി.

ഇടതുമുന്നണിയെയോ സിപിഐ(എം)നെയോ ആക്രമിക്കുമ്പോൾ, മാർക്സിസത്തെയോ ഇടതുപക്ഷ രാഷ്ട്രീയത്തെയോ ആക്രമിക്കരുത് എന്ന ഉപാധി ഞങ്ങൾ മുന്നോട്ടുവച്ചിരുന്നു. ടിഎംസി അത് അംഗീകരിച്ചു. തെരഞ്ഞെടുപ്പിൽ യോജിച്ച് നിന്നപ്പോഴും തൃണമൂൽ കോൺഗ്രസ്സിനെ 'ജനാധിപത്യ', 'പുരോഗമന','മതേതര' ശക്തി എന്നൊന്നും വിശേഷിപ്പിക്കാൻ ഞങ്ങൾ തയ്യാറായില്ല. അധികാരത്തിലെത്തിയാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്നാണ് ടിഎംസിയുടെ അഭിപ്രായമെന്നും ഞങ്ങൾ അങ്ങനെ കരുതുന്നില്ലെന്നും ഒരേ വേദിയിൽ പ്രസംഗിക്കുമ്പോൾതന്നെ ഞങ്ങൾ തുറന്നു പറഞ്ഞിരുന്നു. ഒരു വിപ്ലവത്തിലൂടെ മാത്രമേ ജനജീവിതത്തിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ടിഎംസി സർക്കാരുണ്ടാക്കിയാൽ കോൺഗ്രസ്സിനെപ്പോലെയും ഇടതുമുന്നണിയെപ്പോലെയുമായിരിക്കും ഭരിക്കുകയെന്നും അതുകൊണ്ടുതന്നെ ആ നിമിഷം മുതൽ ജനങ്ങളെ സംഘടിപ്പിച്ച് സമരങ്ങൾ വളർത്തിയെടുക്കാൻ തെരുവിലിറങ്ങുമെന്നും ഞങ്ങൾ പറഞ്ഞിരുന്നു. ടിഎംസി ഗവൺമെന്റിനെതിരെ ആദ്യം സമരവുമായി മുന്നോട്ടുവന്നത് നമ്മുടെ പാർട്ടിയായിരുന്നു എന്ന കാര്യ

*(ശേഷം 13–ാം പേജിൽ)*

**വീറുറ്റ ഇടതുപ്രക്ഷോഭത്തിന്റെ പശ്ചാത്തലവും പഴയ ഐക്യമുന്നണി സർക്കാരിന്റെ പാരമ്പര്യവും പേറുന്ന ഒരു ഗവണ്മെന്റ് അധികാരത്തിൽ വന്നാൽ അതിന് കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയും.**

**ചുരുക്കത്തിൽ മൂന്നുകാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഞങ്ങൾ ടിഎംസിയുമായി ഐക്യമുണ്ടാക്കിയത്:**

**1) എസ്‌യുസിഐ(സി) മുൻകയ്യെടുത്ത് തുടങ്ങിവച്ച സിംഗൂർ–നന്ദിഗ്രാം സമരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഈ ഐക്യം. 2) ഈ സമരവേദിയിൽ നിന്നാണ് ഇടതുമുന്നണി ഗവൺമെന്റിനെ പുറത്താക്കുക എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കുക. 3) ടിഎംസി തെരഞ്ഞെടുപ്പുവേളയിൽ മാർക്സിസത്തെയും ഇടതുപക്ഷീയതയെയും ആക്രമിക്കാൻ പാടില്ല. 2006–ൽ ഇടതുമുന്നണിയിൽ ചേരാൻ ഞങ്ങൾക്ക് ക്ഷണം ലഭിച്ചിരുന്നു. അന്ന് ഞങ്ങളത് സ്വീകരിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്ക് കൂടുതൽ എംഎൽഎമാരും മന്ത്രിമാരുമൊക്കെ ഉണ്ടാകുമായിരുന്നു. എന്നാൽ, അവർ ഇടതുപക്ഷേതരമായ പാതയിലൂടെയും സമീപനത്തോടെയുമാണ് മുന്നോട്ടുപോകുന്നത് എന്നതിനാൽ ഞങ്ങളതിന് തയ്യാറായില്ല. ടിഎംസിയും നേരത്തെ ഐക്യത്തിനായി ഞങ്ങളെ സമീപിച്ചിട്ടുണ്ട്. അതും ഞങ്ങൾ നിരസിച്ചിരുന്നു. ഏതാനും സീറ്റുകൾക്കും മന്ത്രി സ്ഥാനങ്ങൾക്കും വേണ്ടിയല്ല, പ്രത്യയശാസ്ത്രത്തിന്റെയും തത്ത്വങ്ങളുടെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ ഐക്യമുണ്ടാക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം ടിഎംസി ഞങ്ങൾക്ക് മന്ത്രി സ്ഥാനം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഞങ്ങളത് നിരസിച്ചു. വേണമെങ്കിൽ ടിഎംസിയുമായി ധാരണയുണ്ടാക്കി ജോയ് നഗർ പാർലമെന്റ് സീറ്റിൽ നിന്ന് വീണ്ടും ജയിക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. പക്ഷേ, ഞങ്ങളത് ചെയ്തില്ല. സിംഗൂർ–നന്ദിഗ്രാം സമരങ്ങൾ ഉണ്ടായില്ലെങ്കിൽ ടിഎംസിയുമായുള്ള ഐക്യം എന്ന വിഷയംതന്നെ ഉദിക്കുന്നില്ല. സിപിഐ(എം) കോൺഗ്രസ്സുമായി ധാരണയുണ്ടാക്കിയിരിക്കുന്നത് എന്തെങ്കിലും സമരതാൽപ്പര്യം മുൻനിർത്തിയല്ല, വെറും തെരഞ്ഞെടുപ്പ് താൽപ്പര്യം മുൻനിർത്തിയാണ്.**

## മാർച്ച് 14
## കാൾ മാർക്സ് അനുസ്മരണദിനം




എറണാകുളം അത്താണിയിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ സഖാവ് ടി.കെ.സുധീർകുമാറും(മുകളിൽ) പാലക്കാട് ചിറ്റൂരിൽ നടന്ന സമ്മേളനത്തിൽ സഖാവ് അബ്ദുൾഅസീസും(താഴെ)പ്രസംഗിക്കുന്നു.



## സൈദ്ധാന്തിക പാഠങ്ങൾ

# ഭരണകൂടവും സർക്കാരും

### സഖാവ് ശിബ്ദാസ് ഘോഷ്

**(1967 മെയ് 14 ന് പശ്ചിമബംഗാൾ എൻജീനിയറിംഗ് വർക്കേഴ്സ് യൂണിയന്റെ ദ്വിദിന കോൺഫറൻസിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ചെയ്ത പ്രസംഗത്തിൽ നിന്ന്)**

**തെ**രഞ്ഞെടുക്കപ്പെട്ടതായതുകൊണ്ട്, തെരഞ്ഞെടുപ്പിലൂടെ സ്ഥാപിക്കപ്പെട്ടതായതുകൊണ്ട് സർക്കാരിന് ഇഷ്ടംപോലെ നയം മാറ്റാം, എന്തും ചെയ്യാം- ഇത് നുണയാണ്... . യഥാർത്ഥശക്തി ഭരണകൂടമാണ്. സാമ്പത്തികാധികാരത്തിന്റെ കടിഞ്ഞാൺ ആരുടെ കൈയ്യിലാണോ, ബാങ്കുകൾ നടത്തുന്നതാരാണോ, ഫാക്ടറികളെ നിയന്ത്രിക്കുന്നതാരാണോ, ഭരണകൂടത്തിന്റെ സ്ഥിരം സ്റ്റാഫ് അതായത് അതിന്റെ ചട്ടക്കൂട് ആരാണോ അവരുടെ കയ്യിലാണ് യഥാർത്ഥ അധികാരം.

ഭരണകൂടവും സർക്കാരും രണ്ടു വ്യത്യസ്ത പദങ്ങളാണ്. ഭാഷാപരമായ പരിമിതികളില്ലെങ്കിൽ എല്ലാ ഭാഷയിലുമുണ്ടീ പദങ്ങൾ രണ്ടും. വിഭിന്നമായ രണ്ടർത്ഥങ്ങൾ പ്രകടിപ്പിക്കാനാണ് വ്യത്യസ്തമായ രണ്ട് പദങ്ങൾ. ഭരണകൂടമെന്ന് പറയുമ്പോൾ ഒരു വ്യവസ്ഥിതിയെന്നാണ് അർത്ഥം. നിയമത്തെയും ക്രമത്തെയുംപറ്റിയുള്ള ധാരണ, നീതിയുടെ ഒരു ധാരണ, കുറെ മൗലികാവകാശങ്ങളുടെ ധാരണ എന്നാണർത്ഥം. ഈ ധാരണകളെ ആധാരമാക്കി ഇവയെ രക്ഷിക്കാൻ വേണ്ടിയുണ്ടാകുന്ന ഉദ്യോഗസ്ഥവൃന്ദം, നീതിന്യായ വിഭാഗം, സായുധസേന എന്നാണർത്ഥം. സർക്കാർ, ഈ ഭരണകൂടത്തെ നോക്കിനടത്തുന്ന ഒരു നോട്ടക്കാരൻ മാത്രമാണ്. ഒരു നെയ്ത്തുയന്ത്രം, അതൊരു പ്രത്യേക നിയമമനുസരിച്ച് പ്രവർത്തിക്കുന്ന യന്ത്രമാണ്. അതിന്റെ പ്രവർത്തന നിയമത്തിന് മാറ്റം വരുന്നില്ല. അതിന്റെ നിർമ്മാണം, ആ നിയമത്തെ ഉൾക്കൊള്ളത്തക്ക സവിശേഷരീതിയിലാണ്. ഒരു വശത്ത് കൂടി നൂൽ പോകുന്നു, മറുവശത്ത് കൂടി തുണി പുറത്തുവരുന്നു.....നെയ്ത്തുയന്ത്രം പ്രവർത്തനക്ഷമമാണെങ്കിൽ ഒരു നിശ്ചിതനിയമമനുസരിച്ച് നൂൽ പോവുകയും തുണി നെയ്തുവരികയും ചെയ്തുകൊണ്ടേയിരിക്കും. ഭരണകൂടത്തിന്റെ ഘടനയും ഒരു പരിധി വരെ ഇതുപോലെയാണ്. ആ നെയ്ത്തുയന്ത്രം പ്രവർത്തിപ്പിക്കുന്ന നെയ്ത്തുകാരനാണ് സർക്കാർ. നെയ്ത്തുകാരൻ ആരായാലും നെയ്ത്തുയന്ത്രം തുണി മാത്രമേ ഉണ്ടാക്കൂ, നെയ്ത്തുകാരനെ മാറ്റുന്നതുകൊണ്ട് ഇത്രമാത്രമേ സാധിക്കൂ, -ഒരു നെയ്ത്തുകാരൻ അലസനോ അവിദഗ്ദ്ധനോ ആണെങ്കിൽ വളരെ കുറച്ചു നെയ്തേക്കാം, മോശമായി നെയ്തേക്കാം, വിദഗ്ദ്ധനാണെങ്കിൽ കുറച്ചു സമയം കൊണ്ട് കൂടുതൽ തുണി നന്നായി നെയ്തേക്കാം. കൂടാതെ, വ്യക്തിപരമായ പെരുമാറ്റത്തിന്റെ പ്രശ്നവും കണ്ടേക്കാം. ഞാൻ പറഞ്ഞത് സർക്കാരിനെ മാറ്റുന്നത് നെയ്ത്തുകാരനെ മാറ്റുന്നതുപോലെയാണ്. പക്ഷേ ഭരണകൂടം മാറ്റുന്നത്, സാമൂഹ്യവ്യവസ്ഥ മാറ്റുന്നത്, തുണി നെയ്യുന്ന മെഷീൻ മാറ്റി മറ്റെന്തെങ്കിലും ഉൽപാദിപ്പിക്കുന്ന മെഷീൻ സ്ഥാപിക്കുന്നത് പോലെയാണ്. ഇനി നെയ്ത്തുയന്ത്രത്തെ ചൂഷണം നടത്തുന്ന ഭരണകൂടസംവിധാനമായും തുണിയെ ചൂഷണമായും സങ്കൽപ്പിക്കുക. അതായത് നിങ്ങളുടെമേൽ നടക്കുന്ന അനീതിയും അക്രമവും ഈ ചൂഷണയന്ത്രത്തിൽ നിന്നുണ്ടാവുന്നതാണ്. മുതലാളിത്തം, അഥവാ മുതലാളിത്തഭരണകൂടം ഈ നെയ്ത്തുയന്ത്രം തുണി നെയ്യുന്നതുപോലെ നിരന്തരമായി ചൂഷണം നടത്തുന്ന ഒരു മെഷീനാണ്. അത് ദരിദ്രരെ സൃഷ്ടിക്കുന്നു, ഉൽപാദനത്തിൽ അരാജകത്വവും പ്രതിസന്ധിയും ഉണ്ടാക്കുന്നു. അങ്ങനെ അത് മുതലാളിമാരുടെ മാത്രം ലാഭം വർദ്ധിപ്പിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയാണ്. ഇത്തരം സാമൂഹ്യവ്യവസ്ഥയെ രക്ഷിക്കാൻ വേണ്ടിയാണ് മേൽപ്പറഞ്ഞ സംവിധാനങ്ങളും നിയമങ്ങളും. സേനയും പോലീസും ഉദ്യോഗസ്ഥ വൃന്ദവും ഭരണവൃന്ദവും നീതിന്യായവിഭാഗവും ഉൾക്കൊള്ളുന്ന ഘടനയില്ലേ- അതാണ് ഭരണകൂടം. അതിനെ നാം തറിയോട് തുലനപ്പെടുത്തിയിരിക്കുന്നു. സർക്കാരിനെ നെയ്ത്തുകാരനോടും. ആ നെയ്ത്തുകാരന്റെ പരിമിതികൾ നിങ്ങൾക്കെളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ. അയാൾ ആഗ്രഹിച്ചുവെന്ന് വെച്ച് ആ യന്ത്രത്തിൽ നിന്ന് മോട്ടോർ കാർ ഉണ്ടാക്കാൻ കഴിയുമോ? കഴിയില്ല. അതുപോലെ തന്നെ ഏതെങ്കിലും സർക്കാർ ഇച്ഛിച്ചാൽ ഈ മുതലാളിത്ത ഭരണവ്യവസ്ഥയിലൂടെ, അല്ലെങ്കിൽ ഭരണകൂടത്തിന്റെ ഈ സംവിധാനത്തിലൂടെ, സോഷ്യലിസം കൊണ്ടുവരാൻ കഴിയുമോ? ഒരിക്കലും കഴിയില്ല. അതിനാൽ അദ്ധ്വാനിക്കുന്ന ജനങ്ങൾ വിജയകരമായ വിപ്ലവത്തിന്റെ പ്രവർത്തനത്തിലൂടെ ചൂഷണാധിഷ്ഠിതമായ ഈ സാമൂഹ്യവ്യവസ്ഥയെ മാറ്റി ചൂഷണരഹിതമായ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം സ്ഥാപിക്കുന്നതിനുവേണ്ടി ശരിയായ വിപ്ലവ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയ നേതൃത്വം സൃഷ്ടിക്കേണ്ടതാണ്.

ഒരു വശത്ത് രാഷ്ട്രീയനേതൃത്വം സംഘടിപ്പിക്കുന്നതിലൂടെയും മറുവശത്ത് വിപ്ലവാത്മക ജനസമരങ്ങളിലൂടെ വിപ്ലവത്തിനുള്ള അജയ്യമായ സംഘടനാശക്തി സമാഹരിക്കുന്നതിലൂടെയും മാത്രമേ അദ്ധ്വാനിക്കുന്ന സാധാരണജനങ്ങൾക്ക് ഒരു നാൾ വിപ്ലവത്തിന്റെ സ്വപ്നം സഫലീകരിക്കാൻ കഴിയൂ. ■

## സഖാവ് പ്രൊവാഷ്ഘോഷിന്റെ പത്രസമ്മേളനം..

*(12-ാം പേജിൽ നിന്ന്)*

മോർക്കുക. ചുരുക്കത്തിൽ മൂന്നു കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഞങ്ങൾ ടിഎംസിയുമായി ഐക്യമുണ്ടാക്കിയത്:

1) എസ്‌യുസിഐ(സി) മുൻകയ്യെടുത്ത് തുടങ്ങിവച്ച സിംഗൂർ-നന്ദിഗ്രാം സമരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഈ ഐക്യം. 2) ഈ സമരവേദിയിൽ നിന്നാണ് ഇടതുമുന്നണി ഗവൺമെന്റിനെ പുറത്താക്കുക എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കുക. 3) ടിഎംസി തെരഞ്ഞെടുപ്പുവേളയിൽ മാർക്സിസത്തെയും ഇടതുപക്ഷീയതയെയും ആക്രമിക്കാൻ പാടില്ല. 2006-ൽ ഇടതുമുന്നണിയിൽ ചേരാൻ ഞങ്ങൾക്ക് ക്ഷണം ലഭിച്ചിരുന്നു. അന്ന് ഞങ്ങളത് സ്വീകരിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്ക് കൂടുതൽ എംഎൽഎമാരും മന്ത്രിമാരുമൊക്കെ ഉണ്ടാകുമായിരുന്നു. എന്നാൽ, അവർ ഇടതുപക്ഷേതരമായ പാതയിലൂടെയും സമീപനത്തോടെയുമാണ് മുന്നോട്ടുപോകുന്നത് എന്നതിനാൽ ഞങ്ങളതിന് തയ്യാറായില്ല. ടിഎംസിയും നേരത്തെ ഐക്യത്തിനായി ഞങ്ങളെ സമീപിച്ചിട്ടുണ്ട്. അതും ഞങ്ങൾ നിരസിച്ചിരുന്നു. ഏതാനും സീറ്റുകൾക്കും മന്ത്രി സ്ഥാനങ്ങൾക്കും വേണ്ടിയല്ല, പ്രത്യയശാസ്ത്രത്തിന്റെയും തത്ത്വങ്ങളുടെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ ഐക്യമുണ്ടാക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം ടിഎംസി ഞങ്ങൾക്ക് മന്ത്രി സ്ഥാനം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഞങ്ങളത് നിരസിച്ചു. വേണമെങ്കിൽ ടിഎംസിയുമായി ധാരണയുണ്ടാക്കി ജോയ് നഗർ പാർലമെന്റ് സീറ്റിൽ നിന്ന് വീണ്ടും ജയിക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. പക്ഷേ, ഞങ്ങളത് ചെയ്തില്ല. സിംഗൂർ-നന്ദിഗ്രാം സമരങ്ങൾ ഉണ്ടായില്ലെങ്കിൽ ടിഎംസിയുമായുള്ള ഐക്യം എന്ന വിഷയം തന്നെ ഉദിക്കുന്നില്ല. സിപിഐ(എം) കോൺഗ്രസ്സുമായി ധാരണയുണ്ടാക്കിയിരിക്കുന്നത് എന്തെങ്കിലും സമരതാൽപ്പര്യം മുൻനിർത്തിയല്ല, വെറും തെരഞ്ഞെടുപ്പ് താൽപ്പര്യം മുൻനിർത്തിയാണ്. കോൺഗ്രസ്സ് തുടക്കംമുതൽതന്നെ ദേശീയ ബൂർഷ്വാസിയുടെ വിശ്വസ്ത രാഷ്ട്രീയ പാർട്ടിയാണ്. ടിഎംസിയാകട്ടെ ഒരു പ്രാദേശിക ബൂർഷ്വാ പാർട്ടി മാത്രം. ടിഎംസിക്ക് എത്ര ആയുസ്സുണ്ടാകും?

മാദ്ധ്യമപ്രവർത്തകൻ :- പ്രൊവാഷ് ബാബു, ദേശീയതലത്തിൽ ആറുപാർട്ടികളുടെ ഒരു വേദി ഉണ്ടല്ലോ. ഇനി അത് നിലനിൽക്കുമോ?

പ്രൊവാഷ്ഘോഷ്:- തീർച്ചയായുംനിലനിൽക്കും. മറ്റു സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ഐക്യം തുടരും.

മാദ്ധ്യമപ്രവർത്തകൻ:- ഇടതുപക്ഷ ഐക്യത്തിന് കോൺഗ്രസ്സ് ഹൈക്കമാൻഡ് വിമുഖത കിട്ടിയാൽ നിങ്ങൾ സിപിഐഎമ്മുമായി സഹകരിക്കുമോ?

പ്രൊവാഷ്ഘോഷ്:- ഇടതുപക്ഷത്തിന് താൽപ്പര്യമുണ്ടെങ്കിൽ ഞങ്ങൾ തീർച്ചയായും സഹകരിക്കും. രണ്ട് ജില്ലകളിലൊഴികെ മറ്റിടങ്ങളിൽ ധാരണയാകാമെന്ന നിർദ്ദേശം മുന്നോട്ടുവച്ച കാര്യം നേരത്തെ പറഞ്ഞല്ലോ. അത് നിലനിൽക്കും.

മാദ്ധ്യമപ്രവർത്തകൻ:- അതായത്, നിങ്ങളിവിടെ ഇടതുപക്ഷത്തിനെതിരെയാണ് മത്സരിക്കുന്നത്?

പ്രൊവാഷ്ഘോഷ്:- ഇത് ശരിയല്ല. ഞങ്ങൾ ഇടതുപക്ഷക്കാരാണ്. അപ്പോൾപ്പിന്നെ ഇടതുപക്ഷ രാഷ്ട്രീയത്തിനെതിരായി ഞങ്ങളെന്തിനാണ് പ്രവർത്തിക്കുന്നത്? എന്നുമാത്രമല്ല, ഇടതുപക്ഷീയതയുടെ യശസ്സുയർത്താനാണ് ഞങ്ങൾ പൊരുതുന്നത്. കേന്ദ്രംഭരിക്കുന്ന ബിജെപിയെയും ദേശീയ ബൂർഷ്വാപാർട്ടിയായ കോൺഗ്രസ്സിനെയും ഞങ്ങൾ എതിർക്കുന്നു. പശ്ചിമബംഗാൾ ഭരിക്കുന്ന ടിഎംസിയെയും കോൺഗ്രസ്സുമായി കൈകോർക്കുന്ന സിപിഐ(എം)ന്റെയും ഇടതുമുന്നണിയുടെയും അവസരവാദ രാഷ്ട്രീയത്തെയും ഞങ്ങൾ എതിർക്കുന്നു. ■

## മുദ്രാവാക്യങ്ങൾക്കുപിന്നിലെ വർഗ്ഗരാഷ്ട്രീയം .....

*(4-ാം പേജിൽ നിന്ന്)*

ഐ(എം) ഉൾപ്പെടെയുള്ള പാർട്ടികളോ അത് മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടു തന്നെ സ്വജീവിതത്തിൽ അത്തരത്തിൽ ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരവും നീതിബോധവും ആർജ്ജിച്ചെടുക്കാൻ വേണ്ടി ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ഉൾപ്പെടുത്തി ഒരു തീക്ഷ്ണസമരം നടത്തേണ്ടതിന്റെ ആവശ്യകതയും അവർ മനസ്സിലാക്കിയില്ല. മാർക്സിസം-ലെനിനിസത്തെ ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും വഴികാട്ടിയായ ദർശനമായി ഉൾക്കൊള്ളാൻ അവർക്ക് കഴിഞ്ഞില്ല. കേവലം ഒരു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പ്രത്യയശാസ്ത്രം എന്ന നിലയിലാണവർ മാർക്സിസത്തെ മനസ്സിലാക്കിയതും അവതരിപ്പിച്ചതും. മാർക്സിസത്തിന്റെ ആ ചേതനയറ്റ രൂപം നമ്മുടെ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനകോടികൾക്ക് പുതിയ ജീവിതാവബോധവും സംസ്കാരവും നൽകി അവരെ പുതിയ മനുഷ്യരാക്കി തട്ടിയുണർത്തുന്നതിൽ പരാജയപ്പെട്ടത് സ്വാഭാവികം മാത്രം. എന്നുമല്ല, മുതലാളിത്ത സാമൂഹ്യവ്യവസ്ഥിതി അങ്ങേയറ്റം പിന്തിരിപ്പൻ സ്വഭാവം കൈവരിച്ചിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ മുതലാളിത്ത സംസ്കാരമായ വ്യക്തിവാദം ഏറ്റവും വൃത്തികെട്ട വ്യക്തികേന്ദ്രീയതയായി അധഃപതിച്ചിരിക്കുകയാണ്. മുതലാളിവർഗ്ഗത്തിന്റെ പാർട്ടികൾക്കകത്തു കാണപ്പെടുന്ന ഗ്രൂപ്പിസത്തിന്റെയും അധികാര വടംവലിയുടെയും കുതികാൽവെട്ടുകളുടെയും കാരണം അതാണ്. കമ്മ്യൂണിസ്റ്റ് നാമധാരികളായ പാർട്ടികൾക്കുള്ളിലും ഇപ്പോൾ ഈ ജീർണ്ണതകളെല്ലാം കണ്ട് ജനങ്ങൾ അന്ധാളിക്കുകയാണ്. സഖാവ് ശിബ്ദാസ്ഘോഷ് എത്രയോ പതിറ്റാണ്ടുകൾക്കുമുമ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, ഈ പാർട്ടികൾ കമ്മ്യൂണിസ്റ്റ് സംസ്കാരം ആർജ്ജിക്കാനുള്ള സമരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടില്ലാത്തതിനാൽ ഏറ്റവും വഷളായ ബൂർഷ്വാ സംസ്കാരത്തിന്റെ ഇരകളായിത്തീരുകയാണുണ്ടായത്. അവർ പ്രദർശിപ്പിക്കുന്ന ഈ ജീർണ്ണത മുതലാളിത്ത സംസ്കാരത്തിന്റെ ജീർണ്ണതയാണ്. കമ്മ്യൂണിസവുമായി അതിന് പുലബന്ധം പോലുമില്ല. അത് മനസ്സിലാക്കാതെയാണ് സാധാരണജനങ്ങൾ പലപ്പോഴും കമ്മ്യൂണിസത്തെ അവമതിക്കുന്നത്.

ഇൻഡ്യൻ മണ്ണിൽ മാർക്സിസം-ലെനിനിസമെന്ന ശ്രേഷ്ഠമായ ദർശനത്തിന്റെ ചൈതന്യവത്തായ പ്രകാശനം മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് രൂപീകരിച്ച സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്) - എസ്‌യുസിഐ(സി) - പാർട്ടിയിലാണ് കാണാൻ കഴിയുക. അതിനാൽ സിപിഐ(എം)-ന്റെ ജീർണ്ണതയുടെ പേരിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെ ഉപേക്ഷിക്കരുതെന്ന് അദ്ധ്വാനിച്ചുജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളോടും, എല്ലാ പുരോഗമന ജനാധിപത്യ വിശ്വാസികളോടും ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

# വിലക്കയറ്റത്തിനും അഴിമതിക്കും ജനദ്രോഹനയങ്ങൾക്കും എതിരെ എസ്‌യുസിഐ(സി) സംഘടിപ്പിച്ച പ്രക്ഷോഭങ്ങൾ




മാർച്ച് 11 ന് നടന്ന ആലപ്പുഴ മിനി സിവിൽസ്റ്റേഷൻ മാർച്ച്. ജില്ലാകമ്മിറ്റിയംഗങ്ങളായ എസ്.സീതിലാൽ, കെ.ശിവൻകുട്ടി, ആർ.പാർത്ഥസാരഥിവർമ്മ, കെ.ആർ.ശശി, വർഗ്ഗീസ് എം.ജേക്കബ്, കെ.ജെ.ഷീല, കെ.ഓമനക്കുട്ടൻ, പി.കെ.ശശി തുടങ്ങിയവർ മുൻനിരയിൽ



മാർച്ച് 11 ന് നടന്ന കോട്ടയം കളക്ട്രേറ്റ് ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.



മാർച്ച് 5 ന് തൊടുപുഴയിൽ നടന്ന മിനി സിവിൽസ്റ്റേഷൻ മാർച്ചും ധർണ്ണയും സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.




റബ്ബറിന്റെ വിലത്തകർച്ചയ്ക്കെതിരെ മാർച്ച് 4 ന് കാഞ്ഞിരപ്പള്ളിയിൽ നടന്ന ബിഎസ്എൻഎൽ ഓഫീസ് മാർച്ച്




ഏപ്രിൽ 2 ന് കൊടുങ്ങല്ലൂരിലെ മേത്തലയിൽ സഖാവ് സി.എസ്.കൃഷ്ണകുമാറിന്റെ തെരഞ്ഞെടുപ്പ് പ്രചാരണയോഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ രാജീവ്, സി.കെ.ശിവദാസൻ, സി.എസ്.കൃഷ്ണകുമാർ, ഡോ.പി.എസ്.ബാബു.

# ഭഗത്സിംഗ് രക്തസാക്ഷിദിനം ആചരിച്ചു



ആലപ്പുഴ ജില്ലയിലെ മാന്നാറിൽ നടന്ന പ്രകടനം

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അനശ്വര പോരാളി ഭഗത്സിംഗിന്റെ രക്തസാക്ഷിത്വദിനം എഐഡിഎസ്ഒയും എഐഡിവൈഒയും സംയുക്തമായി സംസ്ഥാന വ്യാപകമായി ആചരിച്ചു.

ഭഗത് സിംഗിന്റ 85-ാം രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ബൈക്ക് റാലിയും അനുസ്മരണസമ്മേളനവും സംഘടിപ്പിച്ചു. പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ നിന്ന് വൈകുന്നേരം 4 മണിക്ക് എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് ആർ.ബിജു ഫ്ളാഗ് ഓഫ് ചെയ്ത ബൈക്ക് റാലി നഗരം ചുറ്റി 5.30 ന് തമ്പാനൂർ ആർ.എം.എസിനുമുന്നിൽ സമാപിച്ചു. തുടർന്ന് നടന്ന അനുസ്മരണസമ്മേളനം പ്രശസ്ത ചരിത്രകാരൻ ഡോ.നന്ദിയോട് രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അനശ്വര വിപ്ലവകാരി ഭഗത് സിംഗിന്റെ ജീവിതം യുവതലമുറ മാതൃകയാക്കണമെന്ന് അദ്ദേഹം പറഞ്ഞു. എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി സഖാവ് എം.ഷാജർഖാൻ മുഖ്യപ്രഭാഷണം നടത്തി. എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എസ്.ശ്രീകുമാർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് എ.ഷൈജു സ്വാഗതവും എഐഡിഎവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് ആർ.ബിജു നന്ദിയും പറഞ്ഞു.

എഐഡിവൈഒയുടെയും എഐഡിഎസ്ഒയുടെയും സംയുക്താഭിമുഖ്യത്തിൽ മാന്നാർ സ്റ്റോർ ജംഗ്ഷനിൽ നടന്ന ഭഗത് സിംഗ് രക്തസാക്ഷിത്വ ദിനാചരണത്തിന് എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ ബിജു മുഖ്യപ്രസംഗം നടത്തി. മാറിമാറി അധികാരത്തിൽ വരുന്ന ഭരണാധികാരികൾ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ യഥാർഥ വിപ്ലവകാരികളെ സംബന്ധിച്ച് വികലമായ കാഴ്ചപാടുകൾ സമൂഹത്തിൽ രൂഢമൂലമാക്കുവാൻ സഹായിച്ചതിന്റെ ഫലമായിട്ടാണ് മതപരമായ ദേശീയ സങ്കൽപത്തെ രാജ്യസ്നേഹമായും ഇതര മതവിശ്വാസങ്ങളും പ്രത്യയശാസ്ത്രങ്ങളും ദേശവിരുദ്ധമായും ചിത്രീകരിക്കുവാനുള്ള നീക്കങ്ങൾ ശക്തിപ്പെടുത്തുവാൻ സംഘപരിവാർ ശക്തികൾക്കും നരേന്ദ്രമോദി സർക്കാരിനും വഴിയൊരുക്കിയത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ചെങ്ങന്നൂരിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ താലൂക്ക് സെക്രട്ടറി സ.വി. വേണുഗോപാൽ അദ്ധ്യക്ഷതവഹിച്ചു. എസ്‌യുസിഐ ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.പാർത്ഥസാരഥിവർമ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് കെ.ബിമൽജി, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം സ.ആർ.അപർണ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാന്നാർ ലോക്കൽ സെക്രട്ടറി സഖാവ് ടി.കോശി എന്നിവർ പ്രസംഗിച്ചു. സഖാവ് ജി. പ്രദീപ് സ്വാഗതം പറഞ്ഞു. സമ്മേളനത്തിന് മുന്നോടിയായി പരുമലക്കടവിൽ നിന്നും ആരംഭിച്ച പ്രകടനത്തിന് സഖാക്കൾ റോയി മാത്യു, ഭുവനേശ്വരൻ, ഒ.കെ.പ്രകാശ്, അലീന റോയ് എന്നിവർ നേതൃത്വം നൽകി.

അങ്കമാലി കെഎസ്ആർടിസി സ്റ്റാൻഡിനുസമീപം ചേർന്ന ആചരണയോഗത്തിൽ എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് പി.പി.അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി.



കൊല്ലത്ത് നടന്ന ഭഗത്സിംഗ് ദിനാചരണറാലിയിൽ എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയംഗം സഖാവ് ജയകൃഷ്ണൻ പ്രസംഗിക്കുന്നു

ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരെ നടത്തിയ ഉജ്ജ്വലമായ പോരാട്ടത്തിന്റെ സൃഷ്ടിയാണ് ഇന്ത്യൻ ദേശീയതയും സ്വതന്ത്ര ഇന്ത്യയും. അതിനുമുമ്പ് തമ്മിലടിച്ചിരുന്ന നാട്ടുരാജ്യങ്ങൾമാത്രമേ ഇവിടെയുണ്ടായിരുന്നുള്ളു. എന്നാൽ ഈ സ്വാതന്ത്ര്യസമരപോരാട്ടത്തിനെതിരെ നിലപാടെടുത്ത് ബ്രിട്ടീഷ് വാഴ്ചയോട് സന്ധിമനോഭാവം പുലർത്തിയിരുന്നവരാണ് ഇന്നത്തെ സംഘപരിവാറിന്റെ മുൻഗാമികൾ. ഇന്ന് ഇവർ ദേശസ്നേഹത്തെക്കുറിച്ചുപറയുന്നത് തട്ടിപ്പാണെന്ന് നാം തിരിച്ചറിയണം. രാജ്യത്തെ സ്വദേശ-വിദേശ സാമ്രാജ്യത്വ മൂലധനശക്തികൾക്ക് ചൂഷണത്തിനുവേണ്ടി തുറന്നുകൊടുക്കുകയാണ് മോദിയുടെ ബിജെപി സർക്കാരും മൻമോഹന്റെ കോൺഗ്രസ്സ് സർക്കാരും ചെയ്തത്. ഈ നയങ്ങളെ പിന്തുണയ്ക്കുന്നവർ രാജ്യത്തെ ബഹുഭൂരിപക്ഷത്തിനും എതിരാണ്. ഭഗത്സിംഗും സഖാക്കളും എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും വിമുക്തമായ ഒരു ഭാരതത്തെയാണ് സ്വപ്നം കണ്ടിരുന്നത്. ആ സ്വപ്നം പൂർത്തീകരിക്കാൻ ഒരുമിക്കുകയെന്നതാണ് യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ഉത്തരവാദിത്തമെന്നും അദ്ദേഹം പറഞ്ഞു.

എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) അങ്കമാലി ലോക്കൽ സെക്രട്ടറി സഖാവ് കെ.സി.ജയൻ, എഐഎംഎസ്എസ് ജില്ലാ വൈസ്പ്രസിഡന്റുമാരായ സഖാവ് എം.കെ.കാഞ്ചനവല്ലി, സഖാവ് ബി.പി.ബിന്ദു, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി രശ്മി രവി, ജില്ലാ കമ്മിറ്റിയംഗം നിഖിൽ സജി തോമസ് തുടങ്ങിയവരും പ്രസംഗിച്ചു. ■

# സർവകലാശാലകളെ കമ്പോളത്തിനടിയറവെക്കുന്നതിനെ ചെറുക്കണം

**– ഡോ.രാജൻ ഗുരുക്കൾ**




**മാർച്ച് 7 ന് തൃശൂരിൽ സേവ് എജ്യൂക്കേഷൻ കൺവൻഷൻ ഡോ.രാജൻഗുരുക്കൾ ഉദ്ഘാടനം ചെയ്യുന്നു. ഡോ.പി.എസ്.ബാബു, എം.ഷാജർഖാൻ, പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, ഡോ.വി.വേണുഗോപാൽ, അഡ്വ.ബി.കെ.രാജഗോപാൽ, അഡ്വ.ഇ.എൻ.ശാന്തിരാജ്, ആർട്ടിസ്റ്റ് ഗിരീശൻ, ജി.നാരായണൻ, എം.പ്രദീപൻ എന്നിവർ വേദിയിൽ**

**വി**പണനം ചെയ്യുവാനുള്ള വിജ്ഞാന ഉത്പാദന കേന്ദ്രങ്ങളായി നമ്മുടെ സർവ്വകലാശാലകൾ അധഃപതിക്കുന്നുവെന്ന് ഡോ. രാജൻ ഗുരുക്കൾ പറഞ്ഞു. അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ സാഹിത്യ അക്കാദമി – ചങ്ങമ്പുഴ ഹാളിൽ ചേർന്ന വിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ ഉദ്ഘാടനം ചെയ്യവെയാണ് അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടത്. വിദ്യാഭ്യാസത്തിന്റെ വിമോചന സാധ്യതകളെ അവഗണിച്ചുകൊണ്ട്, വിമർശാവബോധമില്ലാത്ത അനുസരണശീലമുള്ള റോബോട്ടുകളെയാണ് സർവ്വകലാശാലകൾ സൃഷ്ടിക്കുന്നത്. ആഴത്തിലുള്ള അറിവ് എവിടെയൊക്കെ പ്രദാനം ചെയ്യുന്നുവോ അവിടെയൊക്കെ അതിനെ നിർവീര്യമാക്കുന്ന മേഖലയായും യൂണിവേഴ്സിറ്റികൾ മാറുന്നു. യഥാർത്ഥത്തിൽ ആഴത്തിലുള്ള അറിവ് തിരിച്ചറിവായി മാറുന്നതിന്റെ പ്രായോഗിക രൂപമാണ് രാഷ്ട്രീയമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. കോർപ്പറേറ്റുകളുടെ ചട്ടുകങ്ങളായി നമ്മുടെ ഭരണാധികാരികൾ മാറിക്കഴിഞ്ഞു. കോർപ്പറേറ്റുകളുടെ രാജ്യസ്നേഹം മാത്രമെ ഇന്നത്തെ ഭരണാധികാരികൾക്ക് പ്രദർശിപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും ഡോ.രാജൻ ഗുരുക്കൾ തുടർന്നു പറഞ്ഞു.

ലോക ബാങ്ക് അജണ്ടയായ ഡി.പി.ഇ.പി പരിഷ്കാരം വരുന്ന കാലം മുതൽ സജീവമായി പ്രവർത്തിച്ചുവരുന്ന പ്രസ്ഥാനമാണ് സേവ് എജ്യൂക്കേഷൻ കമ്മിറ്റി. ഡിപിഇപി, എസ്എസ്എ, ആർഎംഎസ്എ, ആർയുഎസ്എ പദ്ധതികളിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് ഈ പരിഷ്കാരങ്ങൾ എത്തുമ്പോൾ നിരക്ഷരരായ ഒരു തലമുറയെയാണ് സൃഷ്ടിച്ചിരിക്കുന്നത്. +2 വരെയുള്ള വിദ്യാർത്ഥികളെ അക്ഷരം പഠിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഉത്തരവിട്ടതിലൂടെ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ അപകടം പ്രത്യക്ഷ്യത്തിൽ ബോധ്യപ്പെട്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് "വിദ്യാഭ്യാസത്തെയും മാനവികതയെയും രക്ഷിക്കുക"യെന്ന ലക്ഷ്യത്തോടെ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സജീവമായി രംഗത്തുവന്നിരിക്കുന്നത്. ട്രയിനിംഗ് കോളേജ് റിട്ട. പ്രിൻസിപ്പലും സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ പ്രസിഡന്റുമായ പ്രൊഫ.കെ.ബി ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തി. ഡോ. വി.വേണുഗോപാൽ, അഡ്വ.ബി.കെ.രാജഗോപാൽ, ജി.നാരായണൻ, ഡോ.പി.എസ് ബാബു, അഡ്വ. ഇ.എൻ ശാന്തിരാജ്, ആർട്ടിസ്റ്റ് ഗിരീശൻ എന്നിവർ പ്രസംഗിച്ചു. എം. പ്രദീപൻ സ്വാഗതവും, ആർ.സുനന്ദ കൃതജ്ഞതയും രേഖപ്പെടുത്തി.

പ്രൊഫ.കെ.ബി ഉണ്ണിത്താൻ പ്രസിഡന്റും എം. പ്രദീപൻ സെക്രട്ടറിയുമായുള്ള നാൽപത്തിമൂന്നംഗ ജില്ലാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■

# തിരുവനന്തപുരം ലോ കോളേജിൽ അക്രമരാഷ്ട്രീയത്തിനെതിരെ വിദ്യാർത്ഥികൾ



**ടീം ജിഎൽസി തിരുവനന്തപുരം ലോകോളേജ് ജംഗ്ഷനിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമത്തിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് പ്രസംഗിക്കുന്നു. എം.ഷാജർഖാൻ, വിദ്യാ ആർ.ശേഖർ തുടങ്ങിയവർ വേദിയിൽ**

**എ**സ്എഫ്ഐ നേതൃത്വം കൊടുക്കുന്ന കോളേജ് യൂണിയന്റെ അക്രമപ്രവർത്തനങ്ങൾക്കും ജനാധിപത്യവിരുദ്ധരീതികൾക്കുമെതിരെ തിരുവനന്തപുരം ലോ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ വലിയ പ്രതിഷേധം ഉടലെടുത്തിരുന്നു. കോളേജിന്റെ അതിദയനീയമായ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ വിദ്യാർത്ഥികളുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയോ യാതൊന്നും തന്നെ ചെയ്യാത്ത യൂണിയൻ നേതൃത്വത്തോടുള്ള വിയോജിപ്പ് വിദ്യാർത്ഥികൾ പ്രകടിപ്പിച്ചിരുന്നു. കോളേജ് മാഗസിൻ പോലും സമയത്തിന് ഇറക്കാതെ ഫണ്ട് പിരിവ് നടത്തുകയും അത് മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കുകയുമാണ് ചെയ്യുകയാണ് യൂണിയൻ ചെയ്തുകൊണ്ടിരുന്നത്. യൂണിയൻ നേതൃത്വത്തോട് വിയോജിക്കുന്നവരെ കായികമായി കൈകാര്യം ചെയ്യുന്ന രീതിയും പതിവായിരുന്നു. ഈ ജനാധിപത്യവിരുദ്ധനടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് വലിയൊരു സംഘം വിദ്യാർത്ഥികൾ ചേർന്ന് ടീം ജിഎൽസി (ടീം ഗവൺമെന്റ് ലോ കോളേജ്) എന്ന പേരിൽ ഒരു സ്വതന്ത്ര വിദ്യാർത്ഥി കൂട്ടായ്മ രൂപവൽകരിച്ചു. ഇക്കഴിഞ്ഞ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ ടീം ജിഎൽസിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സ്വതന്ത്രപാനൽ മത്സരിക്കുകയും വലിയൊരു ശതമാനം വോട്ട് നേടിക്കൊണ്ട് ശ്രദ്ധേയമായ പോരാട്ടം കാഴ്ചവെയ്ക്കുകയും ചെയ്തു. എഐഡിഎസ്ഒ ജില്ലാ കമ്മിറ്റി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സഹായവും നൽകി.

തെരഞ്ഞെടുപ്പിൽ ടീം ജിഎൽസിക്കുണ്ടായ വൻ വിദ്യാർത്ഥിപിന്തുണയിൽ രോഷാകുലരായ എസ്എഫ്ഐ നേതൃത്വം ജില്ലാ നേതാക്കന്മാരുടെ നേതൃത്വത്തിൽ ടീം ജിഎൽസി പ്രവർത്തകരെ കോളേജിനകത്തും പുറത്തും വെച്ച് അതിഭീകരമായി മർദ്ദിച്ചവശരാക്കുകയുണ്ടായി. പ്രവർത്തകനായ അൻവറിന് തലയിൽ നിന്ന് രക്തസ്രാവമുണ്ടാവുകയും ബോധരഹിതനാവുകയും ചെയ്തു. മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന അൻവർ ഇതുവരെ സുഖം പ്രാപിച്ചുവന്നിട്ടില്ല. പാളയം മെൻസ് ഹോസ്റ്റലിൽ താമസിച്ചുവരികയായിരുന്ന ടീം ജിഎൽസി പ്രവർത്തകരായ അഖിൽ, വിഷ്ണു എന്നിവരെ വ്യാജ ആരോപണം ഉന്നയിച്ച് ഹോസ്റ്റലിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് അക്രമരാഷ്ട്രീയത്തിനും ദലിത് പീഡനത്തിനുമെതിരെ ടീം ജിഎൽസിയുടെ നേതൃത്വത്തിൽ ലോ കോളേജ് ജംഗ്ഷനിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ചത്. ടീം ജിഎൽസിയുടെ സംഘാടകനായ റ്റി.അരുൺ അദ്ധ്യക്ഷത വഹിച്ച യോഗം സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. ഫാസിസത്തിനെതിരെ രാജ്യവ്യാപകമായി ഇടതുപുരോഗമന മുന്നേറ്റങ്ങൾ നടക്കുന്ന ഈ സമയത്ത് എസ്എഫ്ഐയുടെ ഇത്തരം അക്രമപ്രവർത്തനങ്ങൾ പ്രതിലോമശക്തികളെയാണ് സഹായിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കുറ്റവാളികളെ എത്രയും വേഗം അറസ്റ്റ് ചെയ്ത് മാതൃകാപരമായി ശിക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിഷേധ സംഗമത്തിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ ശാന്തിരാജ്, അഡ്വക്കേറ്റ് കുന്നുകുഴി സുരേഷ്, കെഎസ്യു ജില്ലാ സെക്രട്ടറി എറിക് സ്റ്റീഫൻ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എ.ഷൈജു, ഡിആർഎസ്ഒ ജില്ലാ കൺവീനർ വിദ്യാ ആർ.ശേഖർ, ആബ്ദുൽ കബീർ, ആര്യ എന്നിവർ പ്രസംഗിച്ചു. ടീം ജിഎൽസി സംഘാടകരായ മുനീർ സ്വാഗതവും ഫഹീം നന്ദിയും രേഖപ്പെടുത്തി. ■

# ഹൈദരാബാദ് സർവ്വകലാശാലയിലെ വിദ്യാർത്ഥിപ്രക്ഷോഭത്തിന് ഐക്യദാർഢ്യം



**മാർച്ച് 31 ന് കൊല്ലം ഹെഡ്പോസ്റ്റോഫീസിനുമുന്നിൽ നടന്ന ഐക്യദാർഢ്യധർണ്ണ. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് ബി.വിനോദ് പ്രസംഗിക്കുന്നു**

**ഹൈ**ദരാബാദ് കേന്ദ്ര സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രക്ഷോഭത്തെ അടിച്ചമർത്താൻ കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ അടിയന്തരാവസ്ഥക്കാലത്ത് നടത്തിയിട്ടുള്ള ജനാധിപത്യ ധ്വംസനത്തേക്കാൾ ഭീകരമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്. പത്മകുമാർ പറഞ്ഞു. ഹൈദരാബാദ് കേന്ദ്ര സർവ്വകലാശാലയിൽ നടക്കുന്ന ഭരണകൂടാതിക്രമങ്ങൾക്കെതിരെ എഐഡിഎസ്ഒ കൊല്ലത്ത് സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണാധികാരികളുടെ ദുഷ്ചെയ്തികളെ എതിർത്താൽ അത് രാജ്യദ്രോഹമാണെന്നും രാജ്യസ്നേഹമെന്നത് ഭരിക്കുന്നവർക്ക് വിധേയരായി അവരെ സേവിക്കുകയാണ് എന്നുമത്രെ ബിജെപി ഇന്ന് പ്രചരിപ്പിക്കുന്നത്. സർവ്വകലാശാലകളുടെ സ്വാതന്ത്ര്യത്തെ തകർത്ത് കേന്ദ്രസർക്കാർ നടത്തുന്ന കടന്നാക്രമണങ്ങൾക്കെതിരെ രാജ്യവ്യാപകമായി വളർന്നുവരുന്ന പ്രക്ഷോഭം പ്രതീക്ഷ നൽകുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി ജെ.മാനവ് അദ്ധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, എഐയുടിയുസി ജില്ലാ സെക്രട്ടറി ബി.വിനോദ്, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് ആർ. രാഹുൽ, ജില്ലാ കമ്മിറ്റിയംഗങ്ങളായ ആർ.ജയകൃഷ്ണൻ, പി.അനുപമ തുടങ്ങിയവർ പ്രസംഗിച്ചു. ■



**ദീർഘകാല പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ പുറത്തിറക്കിയ ഉത്തരവ് അനുസരിച്ച് കലാദ്ധ്യാപകരെ സർക്കാർ എയ്ഡഡ് സ്ക്കൂളുകളിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാവേലിക്കര താലൂക്ക് ഓഫീസ് പടിക്കൽ രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിലെ വിദ്യാർത്ഥികൾ നടത്തിയ ധർണ്ണ പ്രമുഖ നാടകകൃത്ത് ഫ്രാൻസിസ് ടി.മാവേലിക്കര ഉദ്ഘാടനം ചെയ്യുന്നു: എം.പ്രദീപൻ, ആർ.പാർത്ഥസാരഥി വർമ്മ, ബിനു ബേബി തുടങ്ങിയവർ വേദിയിൽ** ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/04/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.1
Price : Rs 5.00
April 2016

# ഐഎൻപിഎ തെരഞ്ഞെടുപ്പ് നയപ്രഖ്യാപന സമ്മേളനം

**വിദ്യാഭ്യാസവായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് പരസ്യമായി ആവശ്യപ്പെടുകയും അതിനായി നിലകൊള്ളുമെന്ന് പ്രഖ്യാപിക്കുകയും പ്രചാരണം നടത്തുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കു മാത്രമേ വോട്ട് ചെയ്യുകയുള്ളൂ എന്ന് ഐഎൻപിഎ പ്രഖ്യാപിച്ചു**

വിദ്യാഭ്യാസ വായ്പയെടുത്ത് ജീവിതം വഴിമുട്ടിയ വിദ്യാർത്ഥികളും രക്ഷിതാക്കളും ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നയപ്രഖ്യാപന സമ്മേളനം നടത്തിയത്. മാർച്ച് 19 ന് ആലപ്പുഴ ഐശ്വര്യ ആഡിറ്റോറിയത്തിൽ ആയിരങ്ങൾ പങ്കെടുത്ത സമ്മേളനം ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. മക്കൾക്ക് വിദ്യാഭ്യാസം നൽകി കടക്കെണിയിലായവർ ആത്മഹത്യ ചെയ്യരുതെന്നും ഈ അന്യായത്തിനെതിരെ ഒറ്റക്കെട്ടായി പോരാടണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സ്വാശ്രയ വിദ്യാഭ്യാസ കച്ചവടത്തിന്റെ ഇരകളായ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രക്ഷിക്കുവാൻ വിദ്യാഭ്യാസ വായ്പ അനുവദിക്കുമ്പോൾ പാലിക്കേണ്ട നിരവധി നിബന്ധനകൾ റിസർവ്വ് ബാങ്കും കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പരിഗണിയ്ക്കാതെയാണ് ബാങ്കുകളും സർക്കാർ ഉദ്യോഗസ്ഥരും നടപടികൾ കൈക്കൊള്ളുന്നത്.

ഐഎൻപിഎ യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും നഴ്സുമാരും അവരുടെ രക്ഷിതാക്കളും നടത്തിക്കൊണ്ടിരിക്കുന്ന സന്ധിയില്ലാത്ത പ്രയത്നങ്ങളുടെ ഫലമായാണ് കഴിഞ്ഞ കേന്ദ്രഗവൺമെന്റ് 2600 കോടി രൂപ പലിശയിളവിനായി അനുവദിക്കാൻ നിർബന്ധിതമായത്. എന്നാൽ രണ്ട് വർഷം പിന്നിട്ടിട്ടും ആ തുക വായ്പയെടുത്തവരുടെ അക്കൗണ്ടിൽ ഉൾപ്പെടുത്താൻ മാത്രമേ നൽകൂ എന്ന് വിദ്യാഭ്യാസ വായ്പാകുരുക്കിൽ അകപ്പെട്ടവർ പ്രഖ്യാപിക്കുന്നത്. തൊഴിൽ ലഭ്യമാകാതിരിക്കുകയും വായ്പയുടെ തിരിച്ചടവിന്റെ പേരിൽ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആത്മഹത്യയിലേക്ക് തള്ളിവിടുകയും ചെയ്യുന്ന സാഹചര്യത്തിലാണ്, വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് പ്രഖ്യാപിക്കുകയും രേഖാമൂലം അത് ഉറപ്പുനൽകുകയും ചെയ്യുന്നവർക്ക് മാത്രമേ വോട്ട് ചെയ്യുകയുള്ളൂ എന്ന് പ്രഖ്യാപിക്കുവാൻ വായ്പയെടുത്തവർ നിർബന്ധിതമാകുന്നത്. അധികാരത്തിൽ അവരോധിതമായാൽ നിസ്സഹായരായ ഈ രക്ഷിതാക്കളുടെ ഡിമാന്റ് അംഗീകരിക്കുമെന്ന് പ്രഖ്യാപിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാവണം. കൈയ്യാളുന്നവരെക്കൊണ്ട് ജനാനുകൂലമായ നടപടികളെടുപ്പിക്കാൻ ജനങ്ങൾ സ്വമേധയാ മുന്നോട്ട് വരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സമ്മേളനത്തിന് ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി സ്വാഗതവും വൈസ് പ്രസിഡന്റ് കെ.ജെ. ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി.

ബാങ്ക് ഭീഷണിമൂലം മാർച്ച് 18 ന് ജീവനൊടുക്കിയ ചേർത്തല സ്വദേശിയായ ഫൽഗുനന്റെ മരണത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളണമെന്നും അദ്ദേഹത്തിന്റെ കുടുംബത്തിന് അടിയന്തിര നഷ്ടപരിഹാരവും കുടുംബത്തിലൊരാൾക്ക് സർക്കാർ ജോലിയും നൽകണമെന്നുമുള്ള പ്രമേയം സംസ്ഥാന വൈസ് പ്രസിഡന്റ് എം.വി. ചെറി





**ഐഎൻപിഎ മാർച്ച് 19 ന് ആലപ്പുഴയിൽ സംഘടിപ്പിച്ച തെരഞ്ഞെടുപ്പ് നയപ്രഖ്യാപന സമ്മേളനം ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. എൻ.ആർ.മോഹൻകുമാർ, എം.വി. ചെറിയാൻ, ഡോ.ഡി.സുരേന്ദ്രനാഥ്, എസ്.മിനി, ഡോ.കെ.ഹരിപ്രസാദ്, നന്ദനൻ വലിയപറമ്പ്, ജയ്സൺ ജോസഫ്, കെ.ജെ.ജോസഫ് എന്നിവർ മുൻനിരയിൽ**

വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വായ്പയെടുത്ത് മക്കളെ പഠിപ്പിച്ച് കടക്കെണിയിലായ ഏകദേശം 7 ലക്ഷം കുടുംബങ്ങളാണ് കേരളത്തിലുള്ളത്. നഴ്സിംഗിനും എഞ്ചിനീയറിംഗിനും ഇതര കോഴ്സുകൾക്കുമുള്ള അതിഭീമമായ ഫീസ് അടയ്ക്കുന്നതിനുവേണ്ടിയാണ് ഇത്രയധികം ആളുകൾ ബാങ്ക് വായ്പയെ ആശ്രയിച്ചത്. മാറി മാറി അധികാരത്തിൽ വന്ന സർക്കാരുകൾ സ്വാശ്രയ വിദ്യാഭ്യാസ ലോബിക്കുവേണ്ടി രൂപീകരിച്ച തെറ്റായ നയത്തിന്റെ ഇരകളാണ് യഥാർത്ഥത്തിൽ, വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളും രക്ഷിതാക്കളും. ബാങ്കുകളുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും തെറ്റായ നടപടികളിലൂടെ കേരളത്തിൽ 22 രക്ഷിതാക്കളും 4 വിദ്യാർത്ഥികളും ആത്മഹത്യചെയ്യാൻ നിർബന്ധിതരായി. യഥാർത്ഥത്തിൽ ഇതൊന്നും ആത്മഹത്യകളായല്ല, മറിച്ച് ഭരണകൂടം ആസൂത്രണം ചെയ്യുന്ന കൊലപാതകങ്ങളായി വേണം കാണുവാൻ.

9000 കോടിരൂപ പൊതുമേഖലാ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത്, ബാങ്കുകളെയും നീതിന്യായവ്യവസ്ഥയെയുമെല്ലാം കബളിപ്പിച്ച് മുങ്ങുവാൻ വൻകിട മുതലാളിമാർക്ക് ഭരണാധികാരികൾതന്നെ ഒത്താശ ചെയ്യുന്ന നാട്ടിലാണ് വിദ്യാഭ്യാസ വായ്പയെടുത്ത ആളുകൾ ജീവനൊടുക്കുകയും ജയിലിലടയ്ക്കപ്പെടുകയും ചെയ്യുന്നത്. പഠനം പൂർത്തിയാക്കിയവർക്ക് അർഹമായ ശമ്പളത്തോടെ അന്തസ്സായ തൊഴിൽ നൽകാത്തിടത്തോളം കാലം വിദ്യാഭ്യാസവായ്പ തിരിച്ചടയ്ക്കാൻ സാധ്യമല്ല.

ഇതുവരെയും ബാങ്ക് അധികാരികൾ തയ്യാറായിട്ടില്ല. ഇത്തരത്തിൽ ലഭിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച് സിബിഐ അന്വേഷണം ഐഎൻപിഎ ആവശ്യപ്പെട്ടെങ്കിലും അധികാരികൾ അത് പരിഗണിച്ചിട്ടില്ല.

നികുതി പിരിക്കുന്ന സർക്കാരിന്റെ കടമയാണ് പൗരന് വിദ്യാഭ്യാസം നൽകുകയെന്നത്. എന്നാൽ സ്വാശ്രയ വിദ്യാഭ്യാസം നടപ്പാക്കുകയും സർക്കാരുകൾ വിദ്യാഭ്യാസത്തിന്റെ ചെലവ് വിദ്യാർത്ഥികളുടെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്തതുവഴിയാണ് ഇത്രയധികം ആളുകൾ ലക്ഷങ്ങളുടെ ബാധ്യതക്കാരായി മാറിയത്.

കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ, കേന്ദ്രവും സംസ്ഥാനവും ഭരിച്ചിരുന്ന ഭരണാധികാരികളെയും പ്രതിപക്ഷ നേതാക്കൻമാരെയും കേരളത്തിലെ എല്ലാ എംഎൽഎ - എംപിമാരെയും നിരവധി തവണ നേരിട്ട് കണ്ട് ഐഎൻപിഎ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ വായ്പാക്കുരുക്കിൽ അകപ്പെട്ട വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രക്ഷിക്കുവാൻ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും തയ്യാറായി മുന്നോട്ടു വന്നിട്ടില്ല. ഇപ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് പ്രമുഖ പ്രസ്ഥാനങ്ങൾ സംഘടിപ്പിച്ച രാഷ്ട്രീയ ജാഥകളിൽ ഒന്നുപോലും പാവപ്പെട്ട രക്ഷിതാക്കളുടെ അതീവഗുരുതരമായ ഈ പ്രശ്നം ഉന്നയിച്ചിട്ടുമില്ല.

ഈ സാഹചര്യത്തിലാണ് ജനാധിപത്യം അനുവദിക്കുന്ന വിലപ്പെട്ട അവകാശങ്ങളിലൊന്നായ സമ്മതിദാനം, വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക എന്ന ന്യായമായ ആവശ്യം മാനദണ്ഡമാക്കി പ്രസ്തുത പ്രഖ്യാപനം നടപ്പിൽ വരുത്തിക്കാൻ കാവൽശക്തിയായി ജനങ്ങൾ ഉണ്ടാകണമെന്നും സമ്മേളനം ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു. വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക എന്ന ഡിമാന്റ് നേടിയെടുക്കുന്നിടം വരെ അചഞ്ചലം പൊരുതുമെന്നും സമ്മളനം പ്രതിജ്ഞ ചെയ്തു.

ഡോ.ഡി.സുരേന്ദ്രനാഥിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഐഎൻപിഎ സംസ്ഥാന ഉപദേശക സമിതിയംഗം ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി. ഐഎൻപിഎ നടത്തിയ ഈ പ്രഖ്യാപനം മാതൃകാപരമാണെന്നും കഷ്ടതയനുഭവിക്കുന്ന ഇതരവിഭാഗം ആളുകളും ഈ മാതൃക സ്വീകരിക്കണമെന്നും അധികാരം യാൻ അവതരിപ്പിച്ചു. തെരഞ്ഞെടുപ്പ് നയപ്രഖ്യാപന സമ്മേളന പ്രമേയം ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റും ആലപ്പുഴ ജില്ലാ പ്രസിഡന്റുമായ നന്ദനൻ വലിയപറമ്പ് അവതരിപ്പിച്ചു. സമ്മേളനത്തിനു ശേഷം നയപ്രഖ്യാപനം വിളംബരം ചെയ്തുകൊണ്ടുള്ള പ്രകടനവും നഗരത്തിൽ നടത്തി. ഡോ.കെ.ഹരിപ്രസാദ്, ശ്രീമതി കെ.ജെ.ഷീല, പി.ശശിധരൻ, ഇ.വി.പ്രകാശ്, എൻ.ആർ മോഹൻകുമാർ, മേരി തോമസ്, എസ്.രാഘവൻ, സി.എം. ജോയ്, ഡി.ഹരികൃഷ്ണൻ, ജി.ആർ.സുഭാഷ്, എൻ.വിനോദ്കുമാർ, കെ.ജി. രവീന്ദ്രൻപിള്ള, സി.കെ.ശിവദാസൻ, പി.കെ. പ്രഭാഷ്, മേരി എബ്രഹാം, പി.കെ.ഭഗത് എന്നിവർ സമ്മേളനത്തിനും പ്രകടനത്തിനും നേതൃത്വം നൽകി. ■




**ഐഎൻപിഎ നേതാവും കുട്ടനാട് മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയുമായ നന്ദനൻ വലിയപറമ്പിന്റെ തെരഞ്ഞെടുപ്പ് കൺവൻഷൻ ഏപ്രിൽ 3 ന് രാമങ്കരിയിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു വേദിയിൽ പി.ആർ.സതീശൻ, നന്ദനൻ വലിയപറമ്പ്, കെ.ജെ.ഷീല, എസ്.മിനി, കെ.പി.മനോഹരൻ എന്നിവർ** ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.